# TRICHUR ARCHDIOCESAN BULLETIN

2025 സെപ്റ്റംബർ | വാല്യം: 92 | ലക്കം: 09




സമാധാനമല്ല, ഭിന്നതകൾ (മത്താ 17: 20)

*From* : Editor, Trichur Archdiocesan Bulletin, Catholic Archbishop's House,
Thrissur, Kerala - 680 005 Ph: 0487-2333325, 2338203, 2333542



# ആദരാഞ്ജലികൾ

**റവ. ഫാ. ജോയ് മൂക്കൻ (57)**

ജനനം : 02.12.1967

തിരുപ്പട്ടം : 02.01.1993

മരണം : 09.08.2025

Trichur Archdiocesan Bulletin
TAB

ESTD:1934

സെപ്റ്റംബർ 2025

ലക്കം: 09 | വാല്യം: 92

09

*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur

*Chief Editor*
**Fr. Francis Aloor**

*Executive Editor*
**Fr. Shijo Chiriyankandath**

*Design*
smritidesin.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
Email: curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org



## ഉള്ളടക്കം

| | |
|---|---|
| ഡിക്രി | 04 |
| കച്ചേരിക്കാര്യം | 08 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 16 |
| സഹായമെത്രാന്റെ പരിപാടികൾ | 17 |
| നാളാഗമം | 19 |
| നാമകരണ നടപടികൾ | 26 |
| വൈദികർ | 30 |
| സന്യസ്തർ | 35 |
| എവുപ്രാസ്യാ മിഷൻ | 41 |
| സാമ്പത്തിക കാര്യാലയം | 42 |
| വിശ്വാസ പരിശീലനം | 46 |
| സ്ഥാപനങ്ങൾ | 52 |
| സംഘടനകൾ | 74 |

# 1 DECREE

Prot No: 2388/2025/S
Date: 04/Jul/2025
Order No: 1560/2025

## Decree of Constitution and Convocation of the 19th Presbyteral Council of the Archeparchy of Trichur

I hereby constitute the 19th Presbyteral Council of the Archeparchy of Trichur, as per the statutes of the said Council, for a period of three years, w.e.f. 11th July, 2025, with the following ex-officio, elected and nominated members.

**I. Ex-officio Members**

1) Proto-Syncellus - His Excellency Mar Neelankavil Tony
2) Syncellus - V. Rev. Msgr.  Konikkara Jose Jr.
3) Syncellus - V. Rev. Msgr.  Koonamplakkal Jaison
4) Judicial Vicar - V. Rev. Fr. Kuttikottayil Mathew
5) Chancellor - V. Rev. Fr. Thalakkoden Dominic
6) Finance Officer - V. Rev. Fr. Pallikunnath Francis
7) Rector, MMMS - V. Rev. Fr. Chalakkal Sebastian
8) Rector, SMMS - V. Rev. Fr. Puthur Joy

9) Director, Catechism - Rev. Fr. Thaikkattil Saijo
10) Corporate Manager - Rev. Fr. Adambukulam Joy
11) CMI Provincial - V. Rev. Fr. Nandhikkara Jose CMI
12) O'Carm Provincial - V. Rev. Fr. Njaliath Thankachan O.Carm

**II. Elected Members from the age groups of sacerdotal ordination**

1. V. Rev. Msgr. Manadan George
2. Rev. Fr. Edakulathur George
3. Rev. Fr. Kavalakkatt Franco
4. Rev. Fr. Ayyankanayil John
5. Rev. Fr. Palathingal Paulson
6. Rev. Fr. Akkamattathil Raphael
7. Rev. Fr. Vallupara Jeejo
8. Rev. Fr. Vettath Mathew
9. Rev. Fr. Vaikkadan Joseph
10. Rev. Fr. Koothur Francis
11. Rev. Fr. Marottickal Alex
12. Rev. Fr. Thattil Raphy
13. Rev. Fr. Chalissery Lijo
14. Rev. Fr. Punnoliparambil Bastian
15. Rev. Fr. Chemmannoor John Paul
16. Rev. Fr. Alappadan Fijo
17. Rev. Fr. Cheradai Geo
18. Rev. Fr. Mandumpal Taison
19. Rev. Fr. Thattil Trejin
20. Rev. Fr. Chalil Anu
21. Rev. Fr. Muttath Paul
22. Rev. Fr. Ponnari Nithin
23. Rev. Fr. Alappatt Vincent (Representative)
24. Rev. Fr. Cheruthottil Sibi (Representative)

**III. Elected Forane Representatives**

1. Chelakkara – Rev. Fr. Alappat Bastin
2. Erumapetty – Rev. Fr. Arackel Paul
3. Kandassankadavu – Rev. Fr. Edakkalathur Jose

4. Kottekad – Rev. Fr. Kundukulam Johnson
5. Mattom – Rev. Fr. Vadakoot James
6. Ollur – Rev. Fr. Punnoliparambil Jos
7. Palayur – Rev. Fr. Neelankavil Francis
8. Parappur – Rev. Fr. Koreth Joyson
9. Pattikad – V. Rev. Fr. Vadakoot Thomas
10. Pazhuvil – Rev. Fr. Pallipurathukaran Geo
11. Pudukad – Rev. Fr. Thanikkal Lazar
12. Puthur – Rev. Fr. Kidangan Benny
13. Thrissur Dolours – Rev. Fr. Muthupeedika Raphael
14. Thrissur Lourdes – Rev. Fr. Pindiyan Paul
15. Velur – Rev. Fr. Chiriankandath Geo
16. Wadakkanchery – Rev. Fr. Chalissery Johnson

**IV. Nominated Members**

1. Rev. Fr. Aloor Joju
2. V. Rev. Fr. Aloor Joshy
3. Rev. Fr. Chalakkal Jose
4. Rev. Fr. Chiramel Simson
5. Rev. Fr. Chiriyankandath Shijo
6. Rev. Fr. Eluvathingal Frederic
7. V. Rev. Fr. Kakkassery Thomas
8. V. Rev. Fr. Kannampuzha Davis
9. Rev. Fr. Karippery Varghese
10. Rev. Fr. Kolambrath Martin
11. Rev. Fr. Koothur Joy
12. V. Rev. Fr. Kuthur Varghese
13. Rev. Fr. Maroky Jaison
14. Rev. Fr. Mundenkurian Renny
15. Rev. Fr. Nandikkara Ignatius
16. Rev. Fr. Nettikkadan David
17. V. Rev. Fr. Panakkal Joju
18. Rev. Fr. Panengadan Biju
19. Rev. Fr. Pindiyan Sajan

20. Rev. Fr. Thekkiniyath Geo
21. Rev. Fr. Vadakkan Sajan
22. V. Rev. Fr. Vallooran Jose
23. Rev. Fr. Vazhappilly Bilju
24. Rev. Fr. Vazhappilly Twinkle
25. Rev. Fr. Vennattuparambil Joshy

The first meeting of the new Presbyteral Council will be conducted at 2.30 PM on 11th July, 2025 in the Archbishop's House. Election of the Secretary and other committees shall be held in this meeting. All members are invited to participate.

As per the norms of the Pastoral Council, the Elected Members of the Presbyteral Council from the age groups of sacerdotal ordination will be the members of the Pastoral Council.

Given this from the Archeparchial Curia of Trichur on 4th July 2025.

✠ **Mar Andrews Thazhath**
Metropolitan Archbishop of Trichur

**Fr. Dominic Thalakkoden**
Chancellor

"യേശു പറഞ്ഞു: നിനക്കു കാഴ്ചയുണ്ടാകട്ടെ. നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു."
(ലൂക്കാ 18, 42)

# കച്ചേരി വാർത്തകൾ

**1. ഓർമ്മിക്കേണ്ട ദിവസങ്ങൾ**
**സെപ്തംബർ 2025**

1 : എട്ടുനോമ്പാരംഭം
5 : ആദ്യവെള്ളി
: വി. ശിമയോൻ ബർസബായും സഹരക്തസാക്ഷികളും കൊൽക്കൊത്തയിലെ വി. തെരേസ
7 : ഏലിയാ-സ്ലീവാ-മൂശെ ഒന്നാം ഞായർ
8 : പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ
13 : വി. ജോൺ ക്രിസോസ്തോം
14 : ഏലിയാ-സ്ലീവാ-മൂശെ രണ്ടാം ഞായർ
: വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ
21: ഏലിയാ-സ്ലീവാ-മൂശെ മൂന്നാം ഞായർ
വി. മത്തായി ശ്ലീഹാ
27: വി. വിൻസെന്റ് ഡി പോൾ
28: ഏലിയാ-സ്ലീവാ-മൂശെ നാലാം ഞായർ
29: പ്രധാന മാലാഖമാരായ മിഖായേൽ, ഗബ്രിയേൽ, റഫായേൽ
30: വി. ജെറോം

**2. സെപ്തംബർ മാസത്തെ പരിപാടികൾ**

9 : ആലോചനസമിതി യോഗം (10:30 am)
12 : ഫിനാൻസ് കൗൺസിൽ (07:00 pm)
13 : പാസ്റ്ററൽ കൗൺസിൽ (10:00 am)
: സംഘടന ഏകോപനസമിതിയോഗം (02:30 pm)
14-19 : വൈദികരുടെ വാർഷികധ്യാനം I (ജറുസലെം)
20: സന്യസ്ത-സമർപ്പിത-വൈദികസമിതി യോഗം (10:00 am)
21-25: വൈദികരുടെ വാർഷികധ്യാനം II (മേരിമാത)
28: ലോഗോസ് ക്വിസ് (02:00 pm)
28-Oct.3 : വൈദികരുടെ വാർഷികധ്യാനം III (മേരിമാത)

**3. ഏലിയാ–സ്ലീവാ–മൂശെക്കാലങ്ങൾ**

ഏലിയാ–സ്ലീവാ–മൂശെക്കാലങ്ങൾ കുരിശിന്റെ വിജയവും കർത്താവിന്റെ രണ്ടാം വരവും സൂചിപ്പിക്കുന്നു. സെപ്തംബർ 14ന് ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയാണ് ഈ കാലഘട്ടത്തിന്റെ കേന്ദ്രബിന്ദു. മിശിഹായുടെ രണ്ടാമത്തെ വരവിനു മുമ്പായി ഏലിയാ വരുമെന്നും (മലാക്കി 4:5) വിനാശത്തിന്റെ പുത്രനുമായി തർക്കിച്ച് അവന്റെ തെറ്റിനെ ലോകത്തിനു ബോധ്യപ്പെടുത്തുമെന്നും ആദിമസഭ വിശ്വസിച്ചുപോന്നു. കർത്താവിന്റെ രൂപാന്തരീകരണവേളയിൽ അവിടുത്തോടൊപ്പം ഏലിയായും ഉണ്ടായിരുന്നുവെന്ന വസ്തുത ഈ വിശ്വാസത്തിന് ആക്കം വർദ്ധിപ്പിച്ചു.

സെപ്തംബർ 14നു ശേഷമുള്ള ഞായറിനെ സ്ലീവാ ഒന്നാം ഞായറായി പരിഗണിക്കുന്നു. എന്നാൽ സ്ലീവാത്തിരുനാൾ ഞായറാഴ്ചയാണെങ്കിൽ അതിനെ സ്ലീവാ ഒന്നാം ഞായറായി കണക്കാക്കുന്നു. കുരിശിന്റെ ശക്തിയും വിജയവും ഈ കാലത്തിൽ നാം അനുസ്മരിക്കുന്നു.

സത്യദൈവത്തിന്റെ പ്രവാചകരെയും അവരിലൂടെ ദൈവം നൽകിയ ആഹ്വാനങ്ങളെയും സന്ദേശങ്ങളെയും ഉൾക്കൊണ്ട്, അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും ഫലങ്ങൾ പുറപ്പെടുവിച്ച് കർത്താവിന്റെ രണ്ടാം വരവിനായി ഒരുങ്ങാൻ സഭ നമ്മെ ക്ഷണിക്കുന്നു. ജഡത്തിന്റെ ആഗ്രഹങ്ങൾ ആത്മാവിനെതിരാണ് എന്ന അവബോധത്തിൽ, തിന്മ വർജ്ജിച്ച്, പശ്ചാത്താപത്തിന്റെ മാർഗ്ഗത്തിൽ ചരിച്ചില്ലെങ്കിൽ നശിക്കുമെന്ന മുന്നറിയിപ്പാണ് സഭാമാതാവ് നമുക്ക് നൽകുന്നത്. കർത്താവിന്റെ ദിനം ആസന്നമായതിനാൽ, ഉണർന്നിരുന്ന് അവിടുത്തെ ശുശ്രൂഷിക്കാനും ഏകാഗ്രത, വിശ്വസ്തത, വിവേകം, സമചിത്തത, ഉത്തമശുശ്രൂഷ, നിരന്തര പ്രാർത്ഥന എന്നിവയിലൂടെ വിവേകമതികളായ കന്യകമാരെപ്പോലെ നിത്യജീവൻ അവകാശപ്പെടുത്താനും സഭ നമ്മെ ക്ഷണിക്കുന്നു.

കുരിശിൽ മരിച്ച് ഉത്ഥാനത്തിന്റെ മഹത്വത്തിലേക്ക് പ്രവേശിച്ചവനെ അനുഗമിച്ചവരും കുരിശുവഹിക്കണം എന്ന് ഈ കാലം നമ്മെ അനുസ്മരിപ്പിക്കുന്നു.

**4. പാസ്റ്ററൽ കൗൺസിൽ യോഗം**

19–ാം പാസ്റ്ററൽ കൗൺസിലിന്റെ ആറാമത് യോഗം 2025 സെപ്തംബർ 13ന് രാവിലെ 10 മണി മുതൽ ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നടത്തപ്പെടുന്നു. എല്ലാ അംഗങ്ങളും പങ്കെടുക്കാൻ താൽപര്യപ്പെടുന്നു.

**5. പുതിയ ഫോൺ നമ്പർ**

പരക്കാട് പള്ളി – 9846084775

**6. പാസ്റ്ററൽ കൗൺസിൽ അവാർഡ് ഡേ:**

അതിരൂപതയുടെ ഈ വർഷത്തെ അവാർഡുദിന പരിപാടികൾ 2025 ഡിസംബർ 6-ാം തീയതി ശനിയാഴ്ച ഉച്ചക്കഴിഞ്ഞ് 2.00ന് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് നടത്തുന്നു. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ 2024 ജൂൺ 1 മുതൽ 2025 ജൂൺ 1 വരെയുള്ള കാലയളവിൽ താഴെ പറയുന്ന വിധത്തിൽ അംഗീകാരം നേടുന്ന അതിരൂപതാംഗങ്ങളെ / സ്ഥാപനങ്ങളെ ഈ സമ്മേളനത്തിൽ പ്രത്യേകം ആദരിക്കുന്നതാണ്. **(തൃശ്ശൂർ അതിരൂപതാംഗങ്ങളെ മാത്രമാണ് അവാർഡ് ദിനത്തിൽ ആദരിക്കുന്നത്. അതിരൂപതയിലെ സ്ഥാപനങ്ങളിൽ പഠിക്കുന്നവരോ പ്രവർത്തിക്കുന്നവരോ ആയ മറ്റ് രൂപതാംഗങ്ങളെയോ ഇതര മതസ്ഥരെയോ പുരസ്കാരങ്ങൾക്ക് പരിഗണിക്കുന്നതല്ല).**

* താഴെ പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അപേക്ഷകൾ ബന്ധപ്പെട്ട അധികാരികളുടെ (ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽ / വികാരി) സാക്ഷ്യപത്രവും മാർക്കു ലിസ്റ്റ്/ സർട്ടിഫിക്കറ്റ് എന്നിവയുടെ അറ്റസ്റ്റഡ് കോപ്പികളോടും കൂടെ **15-10-2025 നു** മുമ്പായി ജനറൽ സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ, കാത്തലിക് ആർച്ച്ബിഷപ്സ് ഹൗസ്, തൃശ്ശൂർ - 680 005 എന്ന അഡ്രസ്സിൽ ലഭിക്കേണ്ടതാണ്.

* അപേക്ഷകരുടെ പൂർണമേൽവിലാസം ഫോൺ നമ്പർ സഹിതം നൽകേണ്ടതാണ്. മേൽവിലാസവും ഫോൺ നമ്പറും ഇല്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.

* ഇക്കാര്യം പള്ളികളിലും സ്ഥാപനങ്ങളിലും കഴിയുന്നതും വേഗത്തിൽ അറിയിക്കാൻ ബഹു.വൈദികരും സ്ഥാപനാധികാരികളും ശ്രദ്ധിക്കണം.

* സമ്മാനാർഹരായവരുടെ പേരുവിവരം തൃശ്ശൂർ അതിരൂപത വെബ്സൈറ്റിൽ നവംബർ 15 നു പ്രസിദ്ധീകരിക്കുന്നതാണ് (www.trichurarchdiocese.org).

<u>1. വിദ്യാഭ്യാസരംഗം</u>

<u>2024-25 അധ്യയനവർഷത്തിൽ</u>

1.1 ഡിഗ്രി & പി.ജി.കോഴ്സുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ; കഴിഞ്ഞ അധ്യയനവർഷത്തിൽ Ph.D/PDF പൂർത്തിയാക്കിയവർ

1.2 ടി.ടി.ഐ., ടി.ടി.സി., ബി.എഡ്., എം.എഡ്., നേഴ്സിംഗ്, പോളിടെക്നിക്, ഐ. ടി. ഐ., എഞ്ചിനീയറിംഗ്, മെഡിസിൻ, സിവിൽ സർവീസ് തുടങ്ങിയ പ്രൊഫഷണൽ കോഴസുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ

1.3 സംസ്ഥാനസർക്കാരോ കേന്ദ്ര സർക്കാരോ നടത്തുന്ന എൻട്രൻസ് പരീക്ഷകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ.

1.4 കഴിഞ്ഞ പ്ലസ് ടു., ബി.എഡ്., ടി.ടി.ഐ., നേഴ്സിംഗ്, പ്രൊഫഷണൽ പരീക്ഷകളിൽ ആദ്യ ചാൻസിൽ 100% വിജയം നേടിയ അതിരൂപതാതിർത്തിയിലെ കത്തോലിക്ക മാനേജുമെന്റ് സ്ഥാപനങ്ങൾ.

<u>2. കായികം</u>

2.1 വിദ്യാഭ്യാസവകുപ്പ് നടത്തുന്ന കായികമേളയിൽ

(State, C.B.S.E, I.C.S.E.) റവന്യൂ ജില്ലാതലത്തിൽ ഒന്നാം സമ്മാനം നേടിയവർ - ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും, രണ്ടും, മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

2.2 സർവ്വകലാശാല കായികമത്സരങ്ങളിൽ

ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

<u>3. കലാസാഹിത്യ രംഗം</u>

3.1 വിദ്യാഭ്യാസവകുപ്പ് നടത്തുന്ന യുവജനോത്സവങ്ങളിൽ

(State, C.B.S.E, I.C.S.E.) റവന്യൂ ജില്ലാതലത്തിൽ ഒന്നാംസമ്മാനം നേടിയവർ- ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

3.2 സർവ്വകലാശാല യുവജനോത്സവങ്ങളിൽ

ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

<u>4. മറ്റു രംഗങ്ങൾ</u>

4.1 സി. ബി. സി. ഐ., കെ. സി. ബി. സി., സീറോ മലബാർ സിനഡ് എന്നിവ ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരങ്ങൾ ലഭിച്ചവർ

4.2 മേൽകൊടുത്തിട്ടുള്ള വിഭാഗങ്ങളിൽപ്പെടാത്തതും ജില്ല, സംസ്ഥാന, ദേശീയ തലങ്ങളിൽ ശ്രദ്ധേയമായ പുരസ്കാരങ്ങൾ

ലഭിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും (അപേക്ഷകരിൽ നിന്ന് അർഹരായവരെ സമിതി തെരഞ്ഞെടുക്കുന്നതായിരിക്കും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും).

4.3 അതിരൂപതയിലെ ഇടവകകളിൽ സേവനം ചെയ്ത് 25 വർഷം പൂർത്തിയാക്കുന്നവരെ അവാർഡ് ദിനത്തിൽ ആദരിക്കുന്നു (ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി പേരും വിവരവും നല്കേണ്ടതാണ്).

NB:

1. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കലാ-കായിക മത്സരങ്ങളിൽ റവന്യൂ ജില്ലാതലത്തിന് താഴെയുള്ളവരെ പരിഗണിക്കുന്നതല്ല.
2. അതിരൂപതയിലെ സംഘടനകളോ, സ്ഥാപനങ്ങളോ നടത്തുന്ന മത്സരങ്ങളിൽ അതിരൂപതാതലത്തിൽ സമ്മാനം നേടിയവർ അപേക്ഷിക്കേണ്ടതില്ല. അവ അതിരൂപതയുടെ അംഗീകാരമായിത്തന്നെ പരിഗണിക്കപ്പെടുന്നു.
3. വിശ്വാസപരിശീലനരംഗത്ത് പ്രവർത്തിക്കുന്നവർക്കുള്ള സർവ്വീസ് അവാർഡുകൾ വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്ന് നൽകുന്നതിനാൽ അവർ അപേക്ഷിക്കേണ്ടതില്ല.
4. അവാർഡിന് പരിഗണിക്കുന്ന സർട്ടിഫിക്കറ്റുകൾ വിലയിരുത്തി സമ്മാനാർഹരെ നിശ്ചയിക്കുന്നത് അതിരൂപത കാര്യാലയത്തിന്റെ തീരുമാനപ്രകാരമാണ്.

## 7. പറോക്- പുതിയ പ്രതിനിധിയോഗാംഗങ്ങൾക്കുള്ള പരിശീലനം

അതിരൂപതയിലെ ഇടവകകളിൽ പുതുതായി രൂപംകൊണ്ട പ്രതിനിധിയോഗങ്ങൾക്ക് ആശംസകൾ! പുതിയ പ്രതിനിധിയോഗാംഗങ്ങൾക്ക് വേണ്ടി 3 മാസത്തിനുള്ളിൽ പറോക്ക് ഗവേഷണകേന്ദ്രം ഒരുക്കിയിരിക്കുന്ന പരിശീലന പരിപാടി സംഘടിപ്പിക്കുമല്ലോ. പള്ളിയോഗങ്ങളുടെ പ്രവർത്തനക്രമം, എങ്ങനെ യോഗങ്ങൾ കൂടുതൽ കാര്യക്ഷമമായി സംഘടിപ്പിക്കാം?, ഇടവകയുടെ സാമ്പത്തിക ഭരണക്രമം എന്നീ വിഷയങ്ങളാണ് കോഴ്സിന്റെ ഉള്ളടക്കം. വിവിധ വിഷയങ്ങളിൽ വിദഗ്ദരായവർ ക്ലാസുകൾ നയിക്കുന്നു. ഏകദേശം 3 മണിക്കൂർ ദൈർഘ്യമുള്ള ഈ കോഴ്സ് ഇടവകയിലോ, മറ്റ് സൗകര്യപ്രദമായ സ്ഥലങ്ങളിലോ ക്രമീകരിക്കാവുന്നതാണ്. പ്രതിനിധിയോഗങ്ങൾക്ക് അവയുടെ ദൗത്യം കാര്യക്ഷമമായി നടത്താൻ ഈ കോഴ്സ് സഹായകമാകും. ഇടവകയിലെ പ്രവർത്തനങ്ങളെ അത് ശക്തിപ്പെടുത്തുകയും

ചെയ്യും. കോഴ്സുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് ഫാ. സാജൻ പിണ്ടിയാനെ (കോർഡിനേറ്റർ, പറോക്ക് ട്രെയിനിങ്ങ് സെന്റർ, ഫോൺ: 9400280625) സമീപിക്കുക.

**8. വൈദികനിയമനം:**

1. ഫാ. ഡിന്റോ വല്ലച്ചിറക്കാരൻ – പഠനാവധി; സഹവികാരി പുതുക്കാട് ഒഴിവായി; സാധുത 2025 ആഗസ്റ്റ് 1 മുതൽ.

2. ഫാ. ഡേവിസ് ചിറമ്മൽ Jr. – കപ്ലോൻ തണ്ടിലം സെന്റ് ജോസഫ്സ് ഹോം കൂടി; സാധുത 2025 ആഗസ്റ്റ് 1 മുതൽ.

3. ഫാ. സ്റ്റാർസൺ കള്ളിക്കാടൻ – അവധി; വികാരി അന്തിക്കാട് & കപ്ലോൻ ഹോളി ക്രോസ് ഒഴിവായി; സാധുത 2025 ആഗസ്റ്റ് 4 മുതൽ 2026 ജനുവരി 31 വരെ.

4. ഫാ. ജോൺ കിടങ്ങൻ – നടത്തുവികാരി അന്തിക്കാട് & കപ്ലോൻ ഹോളിക്രോസ്; സാധുത 2025 ആഗസ്റ്റ് 4 മുതൽ.

5. ഫാ. സലീഷ് അറങ്ങാശ്ശേരി – പുതുക്കാട് ഇടവകയിൽ സഹായി കൂടി; സാധുത 2025 ആഗസ്റ്റ് 1 മുതൽ.

6. ഡീ. എലോയ് ചിറമ്മൽ – ഡീക്കൻ മിനിസ്ട്രി പുതുക്കാട്; സാധുത 2025 ആഗസ്റ്റ് 1 മുതൽ നവംബർ 30 വരെ.

7. Fr. Saneesh Paul Perinchery O.SS.T. (a member of St. Thomas Church, Aranattukara) - Dismissal from the clerical status.

**Monastery of Holy Ruah (MHR)**

As per the letter from the Apostolic Nunciature in India dated 21 July 2025 (Prot. No. 6634/24/IN), the Decree of the Dissolution of the Pious Union 'Monastery of Holy Ruah' in fieri (MHR) (Order No. 980/2023 dated 27 April 2023) is reconfirmed (Prot. No. 2668/2025/S dated 25/07/2025).

## ബഹു. വൈദികരുടെ ശ്രദ്ധയ്ക്ക്

**വിവാഹ കൂദാശ സ്വീകരിക്കുന്നതിനുമുമ്പ് വിവാഹം സിവിൽ പരമായി രജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ടുള്ള നിർദ്ദേശങ്ങൾ**

സീറോമലബാർ സഭയിൽ, കേരളത്തിന്റെ പശ്ചാത്തലത്തിൽ, കൂദാശപരമായ വിവാഹം ആശീർവ്വദിക്കുന്നതിനുമുമ്പ് സിവിൽ പരമായി വിവാഹം രജിസ്റ്റർ ചെയ്യുവാൻ പൊതുവെ അനുവാദമില്ലാത്തതാണ്. എന്നാൽ ചില സാഹചര്യങ്ങൾ കണക്കിലെടുത്ത് സീറോമലബാർ സിനഡ് (Decree dated 21-09-2023, Prot. No. 1007/2023)

പ്രത്യേക നിയമം വഴി ഇക്കാര്യത്തിന് ഒരു ആനുകൂല്യം നല്കുന്നതിന് അനുവദിച്ചിട്ടുണ്ട്. താഴെ പറയുന്ന നടപടി ക്രമങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1. വിവാഹകൂദാശ സ്വീകരിക്കുവാൻ തയ്യാറെടുക്കുന്ന പങ്കാളികളിൽ ഒരാൾ വിദേശത്ത് ജോലിചെയ്യുകയാണെങ്കിൽ വിവാഹകൂദാശ സ്വീകരിച്ചതിനുശേഷം മറ്റെ ജീവിതപങ്കാളിക്ക് ജോലി സംബന്ധമായി വിദേശത്ത് പോകുന്നതിനായി വിസ ലഭിക്കുന്നതിനുള്ള നിയമസാധുതയ്ക്കുവേണ്ടി മാത്രമാണ് കൂദാശപരമായ വിവാഹത്തിനുമുമ്പ് സിവിൽ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള ഈ പ്രത്യേക അനുവാദം അതിരൂപതകാര്യാലയം നല്കുന്നത്.
2. ഈ ആനുകൂല്യം ലഭിക്കുന്നതിനായി, വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുമുമ്പ്, ഇരുകക്ഷികളും നിർദ്ദിഷ്ട ഫോറത്തിൽ അതിരൂപത കാര്യാലയത്തിലേയ്ക്ക് അപേക്ഷ സമർപ്പിക്കണം. അപേക്ഷയിൽ താഴെ പറയുന്ന കാര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

2.1. സിവിൽ വിവാഹം നടത്തേണ്ടതായി വരുന്ന സാഹചര്യവും ടി. കക്ഷികൾ ജോലി ചെയ്യുന്ന സ്ഥലവും വ്യക്തമാക്കണം.

2.2. വിവാഹകൂദാശ ആവശ്യപ്പെടുന്ന വിശുദ്ധി കാത്തുസൂക്ഷിക്കുമെന്നും  വിവാഹകൂദാശ സ്വീകരിക്കുന്നതിനു മുമ്പ് ഒരുമിച്ച് സഹവസിക്കുന്നത് തെറ്റാണെന്ന് തങ്ങൾക്ക് ബോധ്യമുണ്ടെന്നും വിവാഹകൂദാശയ്ക്കു മുമ്പ് തങ്ങൾ ഒരുമിച്ച് ജീവിക്കുകയില്ലയെന്ന് വാഗ്ദാനം ചെയ്യുന്നു എന്ന് എഴുതണം.

2.3. തങ്ങൾ ഏറ്റവും അടുത്ത് വിവാഹകൂദാശ സ്വീകരിക്കുന്നതാണെന്നും  വിവാഹകൂദാശ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന തീയതി ഏതാണെന്നും  രേഖപ്പെടുത്തണം.

2.4. മേൽപ്പറഞ്ഞ കാര്യങ്ങളെപ്പറ്റി ഇരുകക്ഷികളുടെയും മാതാപിതാക്കൾ അറിഞ്ഞിരിക്കേണ്ടതാണ്. മാതാപിതാക്കളുടെ സമ്മതം രേഖപ്പെടുത്തുന്നത് ഉചിതമാണ്.

2.5. ഇരുകക്ഷികളുടെയും ഇടവക വികാരിമാരുടെ ശുപാർശ ഉണ്ടാകണം.


3. വിവാഹകൂദാശയ്ക്കായി ഒരുങ്ങുന്ന യുവാവിന്റെ രൂപത കാര്യാലയത്തിലാണ് സാധാരണയായി അപേക്ഷ നല്കേണ്ടത്.
4. ഇരുകക്ഷികളുടെയും ബഹു. ഇടവക വികാരിമാർ, ടിയാളുകളുടെ സിവിൽ വിവാഹത്തിന്റെ ഉദ്ദേശ്യശുദ്ധിയെപറ്റി ഒരു രഹസ്യ റിപ്പോർട്ട് അപേക്ഷയോടൊപ്പം അതിരൂപതകാര്യാലയത്തിലേയ്ക്ക് (വികാരിമാരുടെ ശുപാർശക്ക് പുറമെ) വേറെ

നൽകേണ്ടതാണ്.

5. അതിരൂപതകാര്യാലയത്തിൽ നിന്നും അനുവാദം ലഭിച്ചതിനു ശേഷം മാത്രമേ മേല്പ്പറഞ്ഞ രീതിയിൽ കൂദാശപരമായ വിവാഹത്തിനുമുമ്പ് വിവാഹം സിവിൽ പരമായി രജിസ്റ്റർ ചെയ്യാൻ പാടുള്ളൂ.
6. വിവാഹകൂദാശയ്ക്കു മുമ്പ് വിവാഹം സിവിൽ പരമായി രജിസ്റ്റർ ചെയ്യാൻ അതിരൂപതകാര്യാലയത്തിൽ നിന്നും അനുവാദം ലഭിച്ചിട്ടുള്ള വിവാഹം സാധാരണഗതിയിൽ മനസമ്മതവും പരസ്യവും കൂടാതെയാണ് പിന്നീട് ആശീർവ്വദിക്കുക. എന്നാൽ ടി. കക്ഷികൾ, മനസമ്മതവും പരസ്യവും നടത്തുന്നതിന്, പ്രത്യേകം ആവശ്യപ്പെടുകയാണെങ്കിൽ അതിന് അനുവാദം ലഭിക്കുന്നതാണ്.
7. വിവാഹകൂദാശയെപ്പറ്റിയുള്ള സഭയുടെ പഠനങ്ങളും വിവാഹ കൂദാശ ആവശ്യപ്പെടുന്ന വിശുദ്ധിയും പ്രാധാന്യവും കണക്കി ലെടുത്ത് ബഹു. വികാരിമാർ ഇക്കാര്യത്തെപ്പറ്റി ഇടവക ജന ങ്ങളെ ബോധവൽക്കരിക്കേണ്ടതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്**

അതിരൂപതകാര്യാലയത്തിന്റെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ കൂദാശപരമായ വിവാഹത്തി നുമുമ്പ് സിവിൽപരമായി വിവാഹം രജിസ്റ്റർ ചെയ്താൽ അത്തരം വിവാഹം പിന്നീട് കൂദാശപരമായി ക്രമ പ്പെടുത്തുക മാത്രമെ ചെയ്യുകയുള്ളൂ. തൃശ്ശൂർ അതിരൂപ തയിൽ നിലനില്ക്കുന്നനയമനുസിച്ച് വിവാഹം ക്രമ പ്പെടുത്തുമ്പോൾ മനസമ്മതവും പരസ്യവും ആഘോഷ ങ്ങളും ഒഴിവാക്കി ഞായറാഴ്ച ഒഴികെയുള്ള ദിവസമാണ് വിവാഹം ആശീർവ്വദിക്കുവാൻ അനുവാദം നല്കുക.



**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

# ENGAGEMENTS

## SEPTEMBER 2025

**Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 1 | Mon | Morning | Holy Mass @ Marymatha Seminary |
| 2 | Tue | Morning | Curia Meeting |
| 5 | Fri | Morning | Curia Meeting |
| 8 | Mon | Afternoon | Inauguration of the Marymatha Institute of Theology & Signing of Affiliation with K. U. Leuven |
| | | Evening | JMMC Trust meeting |
| 9 | Tue | Morning | Curia Meeting |
| | | Morning | Consultors' Meeting |
| | | Evening | Finance Council |
| 10 | Wed | Evening | MI Trust Meeting |
| 11-12 | Thu - Fri | | CBCI Standing Committee Meeting |
| 13 | Sat | Morning | Pastoral council @ DBCLC |
| | | Afternoon | Ekopana Samithi Meeting |
| 14-19 | Sun - Fri | | Priests' Annual Retreat (Batch I) |
| 20 | Sat | Morning | Religious Representatives - Presbyteral Council Meeting@ DBCLC |
| | | Afternoon | Seminar: Parish Bulletin Editorial Board (c/o Golden Jubilee of PRO) |
| 21 | Sun | Afternoon | Athiroopatha Samudaya Jagratha Sadas @ Dolours Basilica |
| | | Evening | Priests' Annual Retreat (Batch II) |
| 22-26 | | | FABC Conference on Synodality @ Bangkok |
| 27 | Sat | Afternoon | Buon Natale: Pourasamithi Meeting |
| 28 | Sun | Evening | Priests' Annual Retreat (Batch III) |
| 29 | Mon | Morning | Holy Mass @ St. Mary's Minor Seminary |

# ENGAGEMENTS

**SEPTEMBER 2025**

**Mar Tony Neelankavil**

| **Date** | **Day** | **Time** | **Description** |
|---|---|---|---|
| 1 | Mon | Morning | Marriage Blessing @ Palakkal |
| | | Evening | Visit to Vadavathoor Seminary |
| 2 | Tue | Morning | Holymass @ Vadavathoor Seminary |
| | | Evening | Holymass @ St Mary's Forane Church, Pulikkunnu |
| 3 | Wed | Morning | Marriage Blessing @ Nedupuzha |
| | | Evening | Marriage Blessing @ Thalore |
| 4 | Thu | Morning | 4th Child Baptism @ Perinchery |
| | | | Onam Celebration @ District Hospital |
| 6 | Sat | Morning | 4th Child Baptism @ Arimbur |
| | | Evening | Pastoral Visit @ Peechi |
| 7 | Sun | Full Day | Pastoral Visit @ Peechi |
| 8 | Mon | Morning | Pastoral Visit Mass with Religious @ Peechi |
| | | Afternoon | Inauguration of Marymatha Institute of Theology @ MMMS |
| | | Evening | Catholica Sabha Editorial Board Meeting |
| 9 | Tue | Morning | Consulters Meeting @ Archbishop's House |
| 10 | Wed | Morning | Holymass @ MMMS |
| | | Evening | Trust Meeting @ M I Hospital |
| 11 | Thu | Afternoon | Trust Meeting @ St Thomas College |
| 12 | Fri | Morning | Holymass @ Animation Centre, Alagappanagar |
| | | Evening | Chrisform Inauguration @ DBCLC |

| | | | |
|---|---|---|---|
| | | | Finance Council Meeting @ Archbishop's House |
| 13 | Sat | Morning | Pastoral Council Meeting @ DBCLC |
| | | Afternoon | Pious Associations Coordination Committee Meeting @ Archbishop's House |
| 14 | Sun | Afternoon | Media Catholica Award Day |
| 16 | Tue | Morning | Holymass @ MMMS |
| 18 | Thu | Morning | Holymass @ SMMS |
| 19 | Fri | Evening | Chrisform Inauguration @ DBCLC |
| 20 | Sat | Morning | Joint Meeting of CRI and Presbytery Council Meeting |
| | | Afternoon | Seminar for Parish Bulletin Editorial Boards |
| 21 | Sun | Morning | Inauguration of Catholic Sister Doctors' Federation General Body @ JRC |
| | | | Athiroopatha Samudhaya Jagratha Sadhas @ Basilica |
| 22 | Mon | Evening | Young Priests Course Inauguration @ Mount St Thomas |
| 27 | Sat | Morning | Festal Mass @ Dayasadhan, Chittissery |
| | | Evening | Boun Natale Preparation Meeting @ Archbishop's House |
| 30 | Tue | Evening | Young Priests Course Conclusion @ Mount St Thomas |



# നാളാഗമം

## ജൂലൈ 2025

1 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, ഉച്ചകഴിഞ്ഞ് മൈനർ സെമി നാരിയിൽ വച്ച് നടന്ന ഡിഗ്രി ബ്രദേഴ് സിന്റെ മാതാപിതാക്കളുടെ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ തലോർ ഇടവകയിൽ വി. കുർബാന അർപ്പിക്കു കയും പുതിയ പള്ളിയുടെ മുകളിൽ സ്ഥാപിക്കാനുള്ള കുരിശ് ആശീർവദി ക്കുകയും ചെയ്തു.

1–4 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, ഉജ്ജയിൻ, റൂഹാലയ മേജർ സെമിനാരി സന്ദർശിക്കുകയും ദുക്റാ ന തിരുനാൾ ആഘോഷങ്ങൾക്ക് കാർ മ്മികത്വം വഹിക്കുകയും ചെയ്തു. അന്നേദിവസം സെമിനാരിയിലെ തത്വ ശാസ്ത്ര–ദൈവശാസ്ത്ര വിഭാഗങ്ങ ളുടെ അധ്യയന വർഷ ഉദ്ഘാടന ചടങ്ങ് നിർവഹിക്കുകയും ചെയ്തു. ഈ ദിവസങ്ങളിൽ രൂപതയിലെ വിവി ധങ്ങളായ മിഷൻ പ്രദേശങ്ങൾ സന്ദർ ശിക്കുകയും അവരെ പ്രോത്സാഹിപ്പി ക്കുകയും അവർക്ക്വേണ്ടി പ്രാർത്ഥി ക്കുകയും ചെയ്തു.

2 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ തോട്ടത്തിൽ ലൈൻ

എസ്.കെ.ഡി. മഠത്തിൽ വിശുദ്ധ ബലിയർപ്പിച്ചു.തുടർന്ന് കുരിയച്ചിറ പുതിയ നഴ്സിംഗ് സ്കൂളിന്റെ തറക്കല്ലിടൽ നടത്തി. കൊച്ചച്ചന്മാരുള്ള വികാരിമാരുടെ മീറ്റിങ്ങിൽ പങ്കെടുത്തു.

3. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മറ്റം ഫൊറോനാ പള്ളിയിൽ ദുക്റാന തിരുനാൾ വി. കുർബാന യർപ്പിച്ചു. ഉച്ചതിരിഞ്ഞ് തൃശൂർ എം.ഐ. കോൺവെന്റിൽ ബഹു. സിസ്റ്റർ മാർട്ടിന്റെ മൃതസംസ്കാരത്തിൽ പങ്കെടുത്തു. തുടർന്ന് ജൂബിലി മിഷൻ ആശുപത്രിയിൽവച്ച് പത്മഭൂഷൺ ശ്രീ. ജോസ് ചാക്കോ പെരിയപുറത്തിനു നൽകിയ സ്വീകരണ ത്തിൽ പ ങ്കെടുത്തു. വൈകീട്ട് മൈനർ സെമിനാരിയിൽ വച്ച് നടന്ന സെന്റ് തോമസ് ഡേ ആഘോഷത്തിൽ പങ്കെടുത്തു.
4. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ സ്പിരി ചൽ ആനിമേഷൻ സെന്ററിൽ വി. കുർബാനയർപ്പിച്ചു. വൈകീട്ട് ഡി.ബി.സി.എൽ.സി.യിൽ വച്ച് നടന്ന ക്രിസ്ഫോം പരിപാടി ഉദ്ഘാടനം ചെയ്തു.
5. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മുളയം ഇടവക ദൈവാലയത്തിൽ നിർമ്മല ദാസി സന്യാസിനീ സമൂ ഹത്തിന്റെ ഗോൾഡൻ-സിൽവർ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുകയും വിശുദ്ധ കുർബാനയ്ക്ക് കാർമ്മികത്വം വഹി ക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ നെല്ലിക്കുന്ന് ദൈവാലയത്തിൽ നാലാമത്തെ കുട്ടിയുടെ മാമോദിസ നടത്തി. തുടർന്ന് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നടന്ന കുടുംബകൂട്ടായ്മ മെറിറ്റ് ഡേ ഉദ്ഘാടനം ചെയ്തു. വൈകീട്ട് പറപ്പൂർ ഇടവകയിൽ ഇടയ സന്ദർശനം ആരംഭിച്ചു.
6. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ പൂച്ചി ന്നിപ്പാടം ഇടവക ദൈവാലയത്തിൽ വിശുദ്ധ കുർബാന അർ പ്പിച്ചു. ഡി. ബി. സി. എൽ. സി. യിൽ വച്ച് വിശ്വാസ പരിശീലന അധ്യാപകർക്കുള്ള സെമിനാർ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പറപ്പൂർ ഇടവകയിൽ ഇടയ സന്ദർശനം നടത്തി.
7. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, ഡി. ബി. സി. എൽ. സി യിൽ പറോക്കിന്റെ നേതൃത്വത്തിൽ നടന്ന വൈദി കർക്കായുള്ള തുടർപരിശീലനം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പറപ്പൂർ ഇടവക സന്ദർ ശനത്തിന്റെ ഭാഗമായി രാവിലെ സന്യസ്തരോടൊപ്പം വിശുദ്ധ

ബലി അർപ്പിച്ചു. ഉച്ചതിരിഞ്ഞ് അതിരൂപതയിലെ വൈദികർക്കായി നടത്തിയ തുടർപരിശീലനത്തിൽ പങ്കെടുത്തു.

8. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പെരിങ്ങണ്ടൂരിലെ പോപ്പ് പോൾ മേഴ്സി ഹോമിൽ സന്ദർശനം നടത്തി. ഉച്ചതിരിഞ്ഞ് ഡി.ബി.സി.എൽ.സി.യിൽ വച്ച് നടന്നഅതിരൂപതയിലെ വൈദികർക്കായി നടത്തിയ തുടർപരിശീലനത്തിൽ പങ്കെടുത്തു.

9. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, ഉച്ചയ്ക്ക് സലേഷ്യൻ വൈദികനായ ഫാ. ജോർജ് പുതുശ്ശേരി എസ്.ഡി.ബി.യുടെ മൃതസംസ്കാര ശുശ്രൂഷയുടെ മൂന്നാം ഭാഗത്തിന് കാർമ്മികത്വം വഹിച്ചു. വൈകീട്ട് സമുദായ ശാക്തീകരണത്തിന്റെ ഭാഗമായുള്ള ജാഗ്രത സമിതി മീറ്റിങ്ങിലും ഓഡിറ്റേഴ്സ് മീറ്റിങ്ങിലും പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കൽദായ സുറിയാനി സഭയുടെ മുൻമെത്രാപോലീത്ത അഭിവന്ദ്യ മാർ അപ്രേം തിരുമേനിയുടെ ദേഹവിയോഗത്തിൽ മർത്ത് മറിയം പള്ളിയിൽ നടന്ന അതിരൂപതയുടെ അനുശോചനത്തിൽ പങ്കെടുത്ത് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകീട്ട് ചാർട്ടേർഡ് അക്കൗണ്ടന്റ്സിന്റെ മീറ്റിങ്ങിൽ പങ്കെടുത്തു.

10. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മുളയം മേരിമാതാ മേജർ സെമിനാരിയിൽ വി. കുർബാന അർപ്പിച്ചു. ഉച്ചയ്ക്ക് കൽദായ സുറിയാനി സഭ മുൻ അധ്യക്ഷൻ മാർ അപ്രേം തിരുമേനിയുടെ മൃതസംസ്കാര ശുശ്രൂഷകളിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ മാർ മാർ ടോണി നീലങ്കാവിൽ പിതാവ് വൈകീട്ട് മേരിമാതാ മേജർ സെമിനാരിയിൽ വി.കുർബാനയർപ്പിച്ചു. ആർച്ച്ബിഷപ്പ് ഹൗസിൽ നടന്ന ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ ഗവേർണിംഗ് ബോഡി മീറ്റിങ്ങിൽ പങ്കെടുത്തു. ബിഷപ്പ് ഹൗസിൽവച്ച് നടന്ന ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു. വൈകീട്ട് പറോക്ക് റിസേർച് സെന്റർ ആരംഭിക്കുന്ന ഓൺലൈൻ കോഴ്സുകളുടെ ഉദ്ഘാടനം നടത്തി.

11. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. കുർബാന അർപ്പിച്ചു. ഡി. ബി.സി.യിൽ നവീകരിച്ച അടുക്കളയുടെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു. ഉച്ചയ്ക്ക് സാന്ത്വനത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ലോൺ മേള ഫാമിലി അപ്പസ്തോലേറ്റിൽ ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് വൈദികസമിതി യോഗത്തിലും വൈദികർക്കായുള്ള തുടർ പരിശീലനത്തിന്റെ സമാപന യോഗത്തിലും അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. വൈകീട്ട്

ഡി.ബി.സി.എൽ.സി.യിൽ നടന്ന യുവ വിശ്വാസ പരിശീലന അധ്യാപകരുടെ കോഴ്സ് ഉദ്ഘാടനം ചെയ്തു.

12. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, ഡി.ബി.സി.എൽ.സി.യിൽ നടന്ന അതിരൂപതാതല സന്യസ്ത ജൂബിലി ഉദ്ഘാടനം ചെയ്യുകയും വി. കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു.

13. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, അതിരൂപത കേന്ദ്രത്തിൽ വച്ച് നടന്ന കെ.സി.വൈ.എം. ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഡി.ബി.സി.എൽ.സി.യിൽ വച്ച് നടന്ന വിശ്വാസപരിശീലന അധ്യാപകരുടെ സെമിനാർ ഉദ്ഘാടനം ചെയ്തു. ഉച്ചതിരിഞ്ഞ് പാലയൂർ മേജർ ആർക്കി എപ്പിസ്കോപ്പൽ പള്ളിയിലെ തർപ്പണ തിരുനാളിനോടനുബന്ധിച്ചു നടന്ന പൊതുമാമ്മോദീസയിൽ മുഖ്യകാർമികനായി. തുടർന്ന് ആറ്റത്തറ പള്ളിയിലെ പാരിഷ് ഹാളിന് തറക്കല്ലിട്ടു.

14. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, രാവിലെ കുറുമാൽ, ഗാഗുൽത്താ ധ്യാനകേന്ദ്രത്തിൽ നടന്ന ദൈവാലയ ശുശ്രൂഷിമാരുടെ വാർഷിക ധ്യാനം ഉദ്ഘാടനം ചെയ്യുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തു. ഡി.ബി.സി.എൽ.സി.യിൽ പറോക്കിന്റെ നേതൃത്വത്തിൽ നടന്ന വൈദികർക്കായുള്ള തുടർ പരിശീലനം ഉദ്ഘാടനം ചെയ്തു. സെന്റ് തോമസ് കോളേജിൽ വച്ച് നടന്ന ബിരുദദാന ചടങ്ങിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു.

15. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ സെന്റ് തോമസ് കോളേജിൽ കോൺവൊക്കേഷൻ ചടങ്ങിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് സെന്റ് തോമസ് കോളേജിന്റെട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു.

16. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, രാവിലെ എങ്ങണ്ടിയൂർ സെന്റ് തോമസ് ദൈവാലയത്തിൽ എലുവത്തിങ്കൽ ടോണി-ആശാ ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന് പ്രവേശക കൂദാശകൾ നൽകി. വൈകിട്ട് ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ലൂർദ് പള്ളിയിൽ വി. കുർബാന അർപ്പിച്ചു. തുടർന്ന് മംഗലപ്പുഴ സെമിനാരിയിൽ സിനഡൽ സന്ദർശനത്തിനായി പോയി.

17-18 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, ഡൽഹിയിലു

ള്ള സി.ബി.സി.ഐ. ആസ്ഥാനത്തുവച്ച് രാജ്യങ്ങളുമായും അന്താരാഷ്ട്ര സംഘടനകളുമായുള്ള ബന്ധങ്ങൾക്കായുള്ള വത്തിക്കാൻ സെക്രട്ടറി, ആർച്ച്ബിഷപ്പ് പോൾ റിച്ചാർഡ് ഗല്ല ഗറിനെ സ്വാഗതം ചെയ്തു.

17. അഭിവന്ദ്യ മാർ മാർ ടോണി നീലങ്കാവിൽ പിതാവ് മംഗലപ്പുഴ സെമിനാരിയിൽ സിനഡൽ സന്ദർശനം നടത്തി. വൈകീട്ട് പൊന്നൂക്കര പള്ളിയിൽ ബഹുമാനപ്പെട്ട ജിക്സൺ താഴത്ത് അച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

18. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ സ്പിരിചൽ ആനിമേഷൻ സെന്ററിൽ വി. കുർബാനയർപ്പിച്ചു. തുടർന്ന് എറവിലുള്ള ബഹുമാനപ്പെട്ട ആന്റണി കുരുതുകുളങ്ങര അച്ചന്റെ അമ്മയുടെ മൃതസംസ്കാരത്തിൽ പങ്കെടുത്തു. പെരിങ്ങണ്ടൂരിലെ പോപ്പ് പോൾ മേഴ്സി ഹോമിൽ പുതിയതായി നിർമിച്ച വി. മദർ തെരേസയുടെ ഗ്രോട്ടോ വെഞ്ചിരിച്ചു. ഉച്ചതിരിഞ്ഞു തിരൂർ എഫ്.സി.സി. കോൺവെന്റിൽ ബഹുമാനപ്പെട്ട സി. ബെർട്ടീലിയയുടെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

19. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, രാവിലെ ബസിലിക്ക ദൈവാലയത്തിൽ ചിറക്കേകാരൻ ഗ്രിന്റോ – ജോൺസി റോസ് ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന് പ്രവേശക കൂദാശകൾ നൽകി. രാവിലെ മേരിമാതാ മേജർ സെമിനാരിയിൽ നടന്ന ഉപകാരികളുടെ സംഗമത്തിലും ഉച്ചകഴിഞ്ഞ് സാമൂഹ്യ സ്ഥാപന ഡയറക്ടർമാരുടെ മീറ്റിംഗിലും അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മണ്ണുത്തി ദൈവാലയത്തിൽ വെച്ച് നാലാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി.

20. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, വൈകീട്ട് തലോർ ഇടവക ദൈവാലയത്തിൽ നടന്ന അമ്മമാർക്ക് വേണ്ടിയുള്ള ജൂബിലി ഉദ്ഘാടനം ചെയ്തു. വൈകിട്ട് മുരിങ്ങൂർ ഡിവൈൻ കേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ട യുവജനങ്ങൾക്ക് വേണ്ടിയുള്ള അന്തർദേശീയ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.

21. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, ഉച്ചകഴിഞ്ഞ് വിദ്യാഭ്യാസ–ആതുര സ്ഥാപന ഡയറക്ടർമാരുടെ യോഗത്തിൽ പങ്കെടുത്തു. മുളയം, എസ്.എൻ.ഡി.എസ്. നൊവിഷ്യേറ്റ് ഹൗസിൽ സി. ട്രീസ മേച്ചേരിപ്പടിയുടെ മൃതസംസ്കാരം ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

24. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, രാവിലെ തിരു

വില്വാമല, സെന്റ് പോൾസ് ഗുരുകുലം സെമിനാരി സന്ദർശിക്കുകയും വി. കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. വൈകിട്ട് തൃശ്ശൂർടൗൺ ഹാളിൽ നടന്ന കേരളത്തിന്റെ മുൻ മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദന്റെ അനുശോചന സമ്മേളനത്തിൽ പങ്കെടുത്തു.

25. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, ആമ്പല്ലൂർ സ്പിരിച്വൽ ആനിമേഷൻ സെന്ററിൽ വി. കുർബാന അർപ്പിച്ചു. രാവിലെ സെന്റ് മേരിസ് മൈനർ സെമിനാരിയിൽ വച്ച് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിനെ സന്ദർശിക്കുകയും നാമഹേതുക തിരുനാൾ ആശംസകൾ അറിയിക്കുകയും ചെയ്തു. ജ്യോതി എൻജിനീയറിങ് കോളജിന്റെ ഗവേണിംഗ് ബോഡി മീറ്റിങ്ങിൽ പങ്കെടുത്തു.

26. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയുടെ സമാപന യോഗത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ഇരിഞ്ഞാലക്കുട രൂപതാംഗമായ ഫാ. ഇഗ്നേഷ്യസ് ചുങ്കത്തച്ചന്റെ മൃതസംസ്കാര ശുശൂഷയുടെ നാലാം ഭാഗത്തിന് കാർമ്മികത്വം വഹിച്ചു.

27. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, രാവിലെ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വച്ച് ബ്ര. എലോയ് ചിറമ്മലിന് ഡീക്കൻ പട്ടം നൽകി. ഉച്ചകഴിഞ്ഞ് അതിരൂപതാതലത്തിൽ നടന്ന ഇഗ്നേഷ്യസ് ലയോള ദിനം ചെവൂർ ഇടവകയിൽ വച്ച് ഉദ്ഘാടനം ചെയ്തു.

28. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന പബ്ലിക് അഫയേഴ്സ് മീറ്റിങ്ങിൽ പങ്കെടുത്തു. വൈകിട്ട് ബഹുമാനപ്പെട്ട ബിജു ജോസഫ് ആലപ്പാട്ട് അച്ചന്റെ അമ്മയുടെ മൃതസംസ്കാര ശുശ്രുഷകൾക്ക് കാർമ്മികത്വം വഹിച്ചു.

29. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, രാവിലെ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ ജലന്തർ രൂപതയുടെ പുതിയ അധ്യക്ഷൻ ബിഷപ് ജോസ് തെക്കുംചേരികുന്നേൽ പിതാവിന് സ്വീകരണം നൽകി. ഉച്ചകഴിഞ്ഞ്, ഛത്തീസ്ഗഡിൽ അന്യായമായി അറസ്റ്റ് ചെയ്യപ്പെട്ട മലയാളി സിസ്റ്റേഴ്സിന്റെ മോചനത്തിനായുള്ള അതിരൂപതയുടെ പ്രതിഷേധ പ്രകടനത്തിന് നേതൃത്വം കൊടുത്തു. തൃശ്ശൂർ ലൂർദ്ദ് നാഥാ പ്രൊവിൻഷ്യൽ ഹൗസിൽ വി. മർത്തയുടെ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു. രാവിലെ ആലോചന സമിതി യോഗ


ത്തിലും ഉച്ചകഴിഞ്ഞ് സഭാസ്ഥാപന ഡയറക്ടർമാരുടെ യോഗ ത്തിലും അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു.

30. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ സെന്റ് തോമസ് കോളേജിന്റെ ജൂബിലി ബ്ലോക്കിൽ പുതിയതായി സ്ഥാപിച്ച സോളാർ പാനലിന്റെ ഉദ്ഘാടനചടങ്ങിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ അവാർഡ് ഡേയിൽ പങ്കെടുത്തു.

31. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പുല്ലഴി ക്രിസ്റ്റീന ഹോമിൽ വച്ച് നടന്ന ബഹുമാനപ്പെട്ട സി. മേരിയുടെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു വി. കുർബാന അർപ്പിച്ചു.

**"യേശു പറഞ്ഞു: സ്ത്രീയേ, നിൻെറ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ."**
**(മത്താ 15, 28)**

# 1 ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ



**രണ്ടാം ശനിയാഴ്ചാചരണം**


എം.സി.ബി.എസ് സന്യാസ സമൂഹാംഗമായ ബഹു. ഫാ. ഷൈജു പെരുമ്പെട്ടിക്കുന്നേൽ മുഖ്യകാർമ്മികത്വം വഹിച്ച ആഗസ്റ്റ് മാസത്തിലെ രണ്ടം ശനിയാചരണം ഏറ്റെടുത്ത് നടത്തിയത് കൊരട്ടിയിൽനിന്നുള്ള വടക്കുമ്പുറം ബോസ് വി. ജോസും ഫാമിലിയുമാണ്. തുമ്പാക്കോട്, പരിയാരം എന്നിവിടങ്ങളിൽ നിന്നുള്ള ചാരിറ്റി സിസ്റ്റേഴ്സാണ് ജപമാലയ്ക്ക് നേതൃത്വം നല്കിയത്. സെന്റ് സെബാസ്റ്റ്യൻ ഇടവക തൂമ്പാക്കോട്, സെന്റ് പീറ്റർ ഇടവക പരിയാരം എന്നിവിടങ്ങളിൽനിന്നുള്ള വിശ്വാസികളും ആചരണത്തിന് എത്തിയിരുന്നു. ബഹു. ഷൈജു അച്ചന്റെ പ്രസംഗത്തിൽനിന്നും:

ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചനെക്കുറിച്ചുള്ള കേട്ടറിവുകളുടെയും വായിച്ചറിവുകളുടെയും പശ്ചാത്തലത്തിൽ നടത്തിയ ധ്യാനമനനങ്ങളിൽ നിന്നുള്ള നല്ല ചിന്തകൾ പങ്കുവെ

ക്കുവാനാണ് താൻ ആഗ്രഹിക്കുന്നതെന്ന് പറഞ്ഞുകൊണ്ടാണ് ബഹു. അച്ചൻ തന്റെ സന്ദേശം ആരംഭിച്ചത്. ജീവിതത്തിന്റെ ആരംഭത്തിൽ തന്നെ തിരിച്ചറിവുകളിലേക്ക് വളരാൻ സാധിച്ച വ്യക്തിത്വമായിരുന്നു ധന്യനായ ഊക്കനച്ചന്റേത്. തന്നിലെ കുറവുകളെ കണ്ടെത്തി തിരുത്തി തമ്പുരാനിലേക്ക് തിരിച്ചുവരുവാനുള്ള ഒരു പ്രവണത സദാ അദ്ദേഹത്തിനുണ്ടായിരുന്നു. കർതൃസന്നിധിയിലേക്കുള്ള നിരന്തര പ്രയത്നവും പ്രയാണവുമൊക്കെയായിരുന്നു ആ ജീവിതം. തിന്മക്കെതിരെ നിരന്തരം പോരാട്ടം നടത്തുവാൻ ഇത് അദ്ദേഹത്തെ സഹായിച്ചു. പാപത്തെ വ്രണത്തോടും വാതത്തോടും കുഷ്ഠത്തോടും അദ്ദേഹം താരതമ്യപ്പെടുത്തി. സമയത്ത് ചികിത്സ നല്കിയില്ലെങ്കിൽ വ്രണം അഴുകും. വാതം തളർച്ചയാകും. കുഷ്ഠം വൃത്തിഹീനമാകും. ആത്മീയജീവിതത്തെ തകർക്കുന്ന ഏതൊരു ബന്ധത്തിൽനിന്നും ഓടിയകലണമെന്നും അതിപരിചയം പാപത്തിനിടയാക്കും എന്നുമുള്ള ഉപദേശവും അദ്ദേഹം നല്കുന്നുണ്ട്. മരത്തിന്റെ ചായ്വ് എങ്ങോട്ടോ അവിടേക്കത് വീഴുമെന്നാണല്ലോ ആപ്തവാക്യം. കൃതജ്ഞതാ ഗീതങ്ങളാകുന്ന സുഗന്ധദ്രവ്യക്കൂട്ടുമായിട്ടാണ് ഊക്കനച്ചൻ തന്റെ നാഥന്റെ പക്കലേക്ക് ഓടിയണഞ്ഞിരുന്നത്. തന്റെ ജീവിതത്തിലെ പ്രതിസന്ധികളെയും പ്രതിബന്ധങ്ങളെയും തരണം ചെയ്യാൻ അത് അദ്ദേഹത്തെ സഹായിച്ചു. സക്രാരിക്കു മുമ്പിൽ മടുപ്പില്ലാതെ ഇരിപ്പ് തുടരുവാനും തിരുഹൃദയസ്പന്ദനം തന്റെ ജീവിതനിയമമാക്കാനും പരിശ്രമിച്ചു. ഈശോയിലുണ്ടായിരുന്ന കരുണ, നന്മ എന്നിവ ജീവിതനിയമങ്ങളാക്കി ശാന്തനായിരുന്ന ഈശോയെ സദാ അനുകരിച്ചു, അനുഗമിച്ചു. ബഹളങ്ങളുടെ ഇടയിൽ അസ്വസ്ഥനാകാതെയും ഉത്ക്കണ്ഠകളില്ലാതെയും പ്രത്യക്ഷപ്പെടുവാൻ ശ്രമിച്ചു. പ്രിയപ്പെട്ടവരുടെ പ്രിയം തിരിച്ചറിയുകയാണ് പ്രിയപ്പെട്ടവനോ/പ്രിയപ്പെട്ടവളോ ആകുവാനുള്ള മാർഗ്ഗം. തമ്പുരാന്റെ പ്രിയം തിരിച്ചറിഞ്ഞതുകൊണ്ടാണ് ചുറ്റുമുള്ളവരുടെ പ്രിയം തിരിച്ചറിയുവാനും അവരുടെ പ്രിയങ്കരനാകാനും ഊക്കനച്ചന് സാധിച്ചത്. അങ്ങനെ കരുണയുടെ എണ്ണയിൽ കാവലിന്റെ തിരിയിട്ട് കരുതലിന്റെ തീ കത്തിച്ച കർമ്മയോഗിയായിരുന്നു ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ. സ്വർഗ്ഗപിതാവി ന്റെ അപരിമേയമായ ഈ കരുണ നമ്മിലും നിറയപ്പെടുവാനായി പ്രാർത്ഥിക്കാം. അപരനത് പകർന്നുകൊടുക്കുന്നവരാകാൻ പരിശ്രമിക്കാം. ബഹു. ഷൈജു പെരുമ്പെട്ടിക്കുന്നേൽ അച്ചൻ തന്നെയാണ് ആരാധന നയിച്ചത്.

ചൊവ്വന്നൂർ ഇടവക വികാരി ബഹു. തോമസ് ചൂണ്ടൽ അച്ചൻ എല്ലാവർക്കും നന്ദി പറയുകയും ചെയ്തു.

# 2 ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



അന്തോണിയച്ചൻ തന്റെ ധ്യാനപ്രസംഗത്തിൽ അസന്മാർഗിക ജീവിതത്തെ ശക്തമായി വിമർശിച്ചിരുന്നു. 'വിനാശത്തിന്റെ അശുദ്ധലക്ഷണം വിശുദ്ധസ്ഥലത്ത് നിൽക്കുന്നത് കാണുമ്പോൾ വായിക്കുന്നവൻ ഗ്രഹിക്കട്ടെ' (മത്തായി 24: 15). ജറുസലെം നിവാസികളുടെ നാശത്തെ കുറിച്ചാണ് ഈ ഭാഗത്ത് പറഞ്ഞിരിക്കുന്നത്. എങ്കിലും ഇത് നമ്മുടെ ആത്മാവിനെ കുറിച്ചുതന്നെയാണെന്ന് അന്തോണിയച്ചൻ വ്യക്തമാക്കുന്നു. വി. പൗലോസ് ശ്ലീഹാ പറയാൻപോലും മടിക്കുന്ന തിന്മയെപ്പറ്റി താൻ എങ്ങനെ സംസാരിക്കും (എഫേ 5:3) എന്ന് അച്ചൻ ചോദിക്കുന്നു. 'പാപങ്ങൾക്കനുസരിച്ച് വിവിധ പേരോടുകൂടിയ പിശാചുക്കൾ ഉണ്ടെന്ന്' മഹാ നായ ഗ്രിഗറി പറയുന്നു. അശുദ്ധിയുടെ പിശാച് അസ്മാദേവൂസ് ആണ്. ദുഃഖിക്കുന്നതിന് സാധിക്കാത്ത സ്വഭാവമുള്ള

ദൈവത്തെപ്പറ്റി പറയുമ്പോൾ 'മനുഷ്യനെ സൃഷ്ടിച്ചതിൽ അവിടുന്ന് ദുഃഖിച്ചു' എന്നാണ് പ്രളയത്തെപ്പറ്റി വിശുദ്ധ ഗ്രന്ഥം സാക്ഷിക്കുന്നത്. ആദം വീണപ്പോഴോ ആബേൽ കൊല്ലപ്പെട്ടപ്പോഴോ അവിടുന്ന് ദുഃഖിച്ചില്ല. എന്നാൽ അശുദ്ധിയിൽ ദുഃഖിക്കുന്നു. അതിനാൽ പറുദീസ പോലെയായിരുന്ന സോദോമിനെ അവിടുന്ന് നശിപ്പിക്കുന്നു. വിവാഹമണവറ മലിനമാക്കിയ 24000 പേർ കൊല്ലപ്പെട്ടു (സംഖ്യ 25:9) എന്ന് പഴയ നിയമം ഉദ്ധരിച്ചുകൊണ്ട് അച്ചൻ വ്യക്തമാക്കുന്നു.

ജറുസലെം ദേവാലയം പണിത സോളമൻ സ്ത്രീകൾക്കുവേണ്ടി വിഗ്രഹങ്ങളെ ആരാധിച്ചു എന്നുള്ള വസ്തുതയും അച്ചൻ ഉദ്ധരിക്കുന്നു. വളരെ വർഷങ്ങളുടെ ഉപവാസവും പ്രായ്ശ്ചിത്തവും ആണ് ആദ്യകാലങ്ങളിൽ അശുദ്ധിക്ക് പരിഹാരമായി നല്കിയിരുന്നത്. കൊലപാതകവും വിഗ്രഹാരാധനയും പോലെത്തന്നെ ഇത് കണക്കാക്കപ്പെട്ടിരുന്നു. ഇവയ്ക്കുള്ള പരിഹാരമാർഗങ്ങളായി അച്ചൻ നിർദ്ദേശിക്കുക എളിമയും ദൈവത്തിലുള്ള വിശ്വാസവും പ്രാർത്ഥനയും ആണ്.

ഈ വിഷയവുമായി ബന്ധപ്പെട്ട മറ്റൊരു ചിന്ത കൂടി അച്ചൻ നല്കുന്നുണ്ട്. 'എപ്രകാരം നാം പഞ്ചേന്ദ്രിയങ്ങൾ ഉപയോഗിക്കണം? തനിക്കുള്ള സാധനങ്ങൾ കൊണ്ട് തൃപ്തിപ്പെട്ട് ജീവിക്കുന്ന ഒരാൾ വിവിധതരത്തിലുള്ള സുഖദായകവസ്തുക്കളാൽ നിറഞ്ഞ ഒരു കടയിൽ കയറുന്നതിന് ഇടവന്നാൽ ആ വസ്തുക്കളാൽ ആകർഷിക്കപ്പെട്ട് അവ വാങ്ങി സ്വന്തം പണം നശിപ്പിക്കുന്നു. ഇതുപോലെത്തന്നെയാണ് അനാവശ്യസ്ഥലങ്ങളിൽ ചുറ്റിനടക്കുകയും ആളുകളെ കാണുകയും മറ്റും ചെയ്യുന്നതിൽ നിന്ന് വരുന്ന ആപത്ത്. ഭിഷഗ്വരന്മാർ നാഡിയുടെ മിടിപ്പിൽ നിന്ന് ഗൂഢരോഗങ്ങളെ മനസ്സിലാക്കുന്നതുപോലെ, യജമാനന്റെ സ്നേഹത്തെയും ദേഷ്യത്തെയും മുഖത്തുനിന്നും നായ മനസ്സിലാക്കുന്നതുപോലെ നമ്മുടെ ഹൃദയ ത്തെ നേരിട്ടു മനസ്സിലാക്കാൻ സാധിക്കാത്ത ദുഷ്ടാരൂപി നമ്മുടെ സ്വതന്ത്രമായ നോട്ടത്തിൽ നിന്നും മറ്റും നമ്മുടെ ഹൃദയചാപല്യ ത്തെ മനസ്സിലാക്കുന്നു. റെയിൽവേസ്റ്റേഷനിൽ കച്ചവടക്കാർ കച്ചവടസാധനങ്ങൾ കാണിക്കുന്നതുപോലെ പാപഹേതുക്കളിലേക്ക് നമ്മെ അടുപ്പിക്കുന്നു.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




ഫാ. ജോയ് ചിറ്റിലപ്പിള്ളി Sr. 02
ഫാ. ആന്റോ രായപ്പൻ 02
ഫാ. ജെറിൻ അരിമ്പൂർ 06
ഫാ. ക്ലമന്റ് വാഴപറമ്പിൽ 06
ഫാ. ജിയോ തരകൻ 07
ഫാ. ടെറിൻ മുള്ളക്കര 08
ഫാ. പോളി നീലങ്കാവിൽ 08
ഫാ. ഡെമിൻ തറയിൽ 08
ഫാ. ഡേവിസ് ചെറയത്ത് Jr. 10
ഫാ. ഡേവിസ് ചിറമ്മൽ Sr. 10
ഫാ. ഫ്രാൻസിസ് എടക്കളത്തൂർ 10
ഫാ. ഏബിൾ ചിറമ്മൽ 13
ഫാ. ജിയോ വേലൂക്കാരൻ 14
ഫാ. ജിനു പയ്യപ്പിള്ളി 17
ഫാ. ജോൺ പോൾ തെക്കാടൻ 18
ഫാ. ജിയോ കടവി 20
ഫാ. ആന്റണി ആലുക്ക 21
ഫാ. ആന്റോസ് എലുവത്തിങ്കൽ 22
ഫാ. ബെസ്റ്റിൻ കാക്കശ്ശേരി 22
ഫാ. ജോൺ പേരാമംഗലം 23
ഫാ. ജിജോ മാളിയേക്കൽ 25
ഫാ. ചാക്കോ നടക്കവേലിയിൽ 25
ഫാ. വർഗ്ഗീസ് എടക്കളത്തൂർ 27
ഫാ. ഫ്രാങ്കോ പുത്തിരി 27
ഫാ. റാഫേൽ വടക്കൻ 29
ഫാ. സൈജൻ വാഴപ്പിള്ളി 30




ഫാ. നൈസൻ ഏലന്താനത്ത് 21
ഫാ. മാത്യു ചാക്കേരി 21
ഫാ. ലിജോ ചിറ്റിലപ്പിള്ളി 21
ഫാ. കുന്നപ്പിള്ളിൽ തേജസ്സ് 21
ഫാ. മാത്യു കുറ്റിക്കോട്ടയിൽ 21
ഫാ. സിജോൺ കുഴിക്കാട്ടുമ്യാലിൽ 21
ഫാ. ജിൻസൻ മുക്കടയിൽ 21
ഫാ. ജിതിൻ നെല്ലങ്കര 21
ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ 21
ഫാ. മാത്യു വെട്ടത്ത് 21
ഫാ. വിൻസെന്റ് ചെറുവത്തൂർ 27
ഫാ. വിൻസെന്റ് ചിറ്റിലപ്പിള്ളി 27
ഫാ. വിൻസെന്റ് കണിമംഗലത്തുക്കാരൻ 27
ഫാ. വിൽസൺ കണ്ണനായ്ക്കൽ 27
ഫാ. വിൻസെന്റ് കുണ്ടുകുളം 27
ഫാ. അജിൽ മാങ്ങൻ 27
ഫാ. റാഫേൽ ആക്കാമറ്റത്തിൽ 29
ഫാ. ജോൺ ചിറ്റിലപ്പിള്ളി 29
ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ 29
ഫാ. ഗോഡ്വിൻ കിഴക്കൂടൻ 29

| | |
|---|---|
| ഫാ. അലക്സ് മാപ്രാണി | 29 |
| ഫാ. സിജോ മുരിങ്ങാത്തേരി | 29 |
| ഫാ. റാഫേൽ മുത്തുപീടിക | 29 |
| ഫാ. ചെറിയാൻ പാറക്കൽ | 29 |
| ഫാ. റെനാൾഡ് പുലിക്കോടൻ | 29 |
| ഫാ. റാഫേൽ പുല്ലോക്കാരൻ | 29 |
| ഫാ. റാഫേൽ താണിശ്ശേരി | 29 |
| ഫാ. റാഫി തട്ടിൽ | 29 |
| ഫാ. സോളി തട്ടിൽ | 29 |
| ഫാ. റാഫേൽ വടക്കൻ | 29 |




| | |
|---|---|
| ഫാ. അടമ്പുകുളം തോമസ് | 14.09.1962 |
| ഫാ. ഐനിക്കൽ ജേക്കബ് | 19.09.2010 |
| ഫാ. അക്കര അഗസ്റ്റിൻ | 15.09.2012 |
| ഫാ. അറക്കൽ ജേക്കബ് Sr. | 14.09.1946 |
| ഫാ. അറയ്ക്കൽ സെബാസ്റ്റ്യൻ | 20.09.2019 |
| ഫാ. ബ്രഹ്മകുളം സെബാസ്റ്റ്യൻ | 03.09.1960 |
| ഫാ. ചെമ്മണ്ണൂർ ജേക്കബ് | 20.09.1977 |
| ഫാ. ചെറയത്ത് ജോൺ | 19.09.1970 |
| ഫാ. ചെറുവത്തൂർ ചാക്കോ | 23.09.2024 |
| ഫാ. ചിറമ്മൽ ദേവസ്സി | - - .09.1938 |
| ഫാ. ചിറമ്മൽ ജോൺ | 06.09.1990 |
| ഫാ. കൊടിയൻ ആന്റണി | 04.09.1960 |
| ഫാ. കൂനൻ ജോർജ്ജ് | 09.09.1996 |
| ഫാ. മാളിയേക്കൽ ആന്റണി | 28.09.1968 |
| ഫാ. മാളിയേക്കൽ ജോൺ Sr. | 30.09.1978 |
| ഫാ. ജോൺ മാളിയേക്കൽ വെള്ളാനിക്കാരൻ | 18.09.1915 |
| ഫാ. മാളിയേക്കൽ ജോസഫ് | 11.09.2009 |
| മോൺ. മാളിയേക്കൽ ആന്റണി | 03.09.2001 |
| ഫാ. മാമ്പിള്ളി അബ്രാഹം | 02.09.1972 |
| ഫാ. മഞ്ഞളി ജോസഫ് | 01.09.1969 |
| ഫാ. മാറോക്കി പോൾ | 10.09.2017 |
| ഫാ. പ്ലാശ്ശേരി ജോൺ | 11.09.1973 |
| ഫാ. തട്ടിൽ അഗസ്റ്റിൻ | 25.09.1996 |
| ഫാ. തോട്ടാൻ ആന്റണി Sr. | 29.09.2001 |
| ഫാ. വാഴപ്പിള്ളി പോൾ | 17.09.1952 |

## ആദരാഞ്ജലികൾ



**ഫാ. ജോയ് മൂക്കൻ (57)**

പൗരോഹിത്യ ശുശ്രൂഷയിലൂടെ മറ്റുള്ളവർക്കു വേണ്ടി കഠിനാധ്വാനം ചെയ്ത തൃശ്ശൂർ അതിരൂപതയിലെ വൈദികനായ ബഹു. ജോയ് മൂക്കൻ അച്ചൻ 2025 ആഗസ്റ്റ് മാസം 9-ാം തീയതി അന്തരിച്ചു. മൃതസംസ്കാരം 2025 ആഗസ്റ്റ് 11 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2:30 ന് തൈക്കാട്ടുശ്ശേരി ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു.

ഒല്ലൂർ ഇടവകയിലെ മൂക്കൻ ലൂവീസ്-കുഞ്ഞില ദമ്പതികളുടെ മകനായി 02.12.1967ൽ അദ്ദേഹം ജനിച്ചു. 02.01.1993ൽ മാർ ജോസഫ് കുണ്ടുകുളം പിതാവിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. വേലൂപ്പാടം ഇടവകയിൽ സഹവികാരിയായി പൗരോഹിത്യശുശ്രൂഷ ആരംഭിച്ചു. ചിയ്യാരം സേവ

നാലയം, ഏങ്ങണ്ടിയൂർ, പെരിങ്ങോട്ടുകര, മുല്ലശ്ശേരി എന്നീ ഇടവകകളിൽ വികാരിയായി സേവനം ചെയ്തു. ചൈതന്യ കൗൺസിലിംഗ് സെന്റർ, അൾത്താരബാല സംഘം, ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ ഡയറക്ടർ, അതിരൂപത ഫിനാൻസ് ഓഫീസർ, അതിരൂപത സാമൂഹ്യക്ഷേമവിഭാഗമായ സാന്ത്വനത്തിന്റെ ഡയറക്ടർ എന്നീ നിലകളിൽ നിസ്തുലമായ സേവനം അനു ഷ്ഠിച്ചു. എൽത്തുരുത്ത് ഇടവകയ്ക്കായുള്ള അതിരൂപതാ ഡെലഗേറ്റ്, വൈദികസമിതിയംഗം, അതിരൂപത അതിർത്തി നിർണ്ണയകമ്മിറ്റിയംഗം, പാസ്റ്ററൽ കൗൺസിൽ അംഗം, അതിരൂപത ആലോചനസമിതിയംഗം എന്നീ തസ്തികളിലും അദ്ദേഹം തന്റെ പ്രവർത്തനമണ്ഡലത്തെ കർമ്മോത്സുകമാക്കി. പാവപ്പെട്ടവർ ക്കായുള്ള വേലൂപ്പാടം ഇടവകയിലെ സെന്റ് ജോസഫ്സ് ചാരിറ്റബിൾ ട്രസ്റ്റ്, ചിയ്യാരം സേവനാലയം പള്ളി, ഫാ. വടക്കൻ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സെന്റർ, ചിയ്യാരം സേവനാലയം ഇടവകയുടെ സ്ഥാപനം, ഏങ്ങണ്ടിയൂർ പള്ളിനവീകരണം, ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം, ഫാ. പോൾ ചിറ്റിലപ്പിള്ളി മെമ്മോറിയൽ സ്കൂൾ ആരംഭം, ഏങ്ങണ്ടിയൂരിൽ സോഷ്യൽ ആക്ഷൻ ഫോറം ആരംഭം, പെരിങ്ങോട്ടുകര പള്ളി –വൈദികമന്ദിര നവീകരണം, മുല്ലശ്ശേരി പള്ളി– വൈദികമന്ദിരം നിർമ്മാണം, മുല്ലശ്ശേരി ഗുഡ്ഷെപ്പേർഡ് സി.ബി.എസ്.ഇ. സ്കൂളിന്റെ സ്ഥാപനം, ആർച്ച്ബിഷപ്പ് ഹൗസിലെ കെട്ടിട നവീകരണം, ഡി.ബി.സി.എൽ.സി. പുനരുദ്ധാ രണം & ഹാൾ നിർമ്മാണം എന്നിവ ബഹു. ജോയ് മൂക്കനച്ചന്റെ ശ്രദ്ധേയമായ സേവനങ്ങളിൽപ്പെടുന്നു. ഗാനരചയിതാവുകൂടിയായ ബഹു. ജോയ് അച്ചൻ ഭക്തിഗാന കാസറ്റുകളും പുറത്തിറക്കിയിട്ടുണ്ട്.

2025 ആഗസ്റ്റ് 11–ാം തീയതി തിങ്കളാഴ്ച തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ രാവിലെ 6.30ന് അഭിവന്ദ്യ മാർ ബോസ്ക്കോ പുത്തൂർ പിതാവിന്റെ കാർമ്മികത്വത്തിലുള്ള വി. കുർബാനക്കുശേഷം, രാവിലെ 8:00 മണിവരെ ബഹു. ജോയ് മൂക്കൻ അച്ചന്റെ ഭൗതികശരീരം തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ പൊതുദർശനത്തിനായി വച്ചു. തുടർന്ന്, ഭൗതികശരീരം തൈക്കാട്ടുശ്ശേരി ഇടവകയിലെ സഹോദരൻ ജോണിയുടെ വസതിയിലേക്ക് കൊണ്ടുപോയി. ഉച്ചകഴിഞ്ഞ് 2.30 മണിക്ക് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ കാർമ്മികത്വത്തിൽ മൃതസംസ്കാരശുശ്രൂഷയുടെ ആദ്യഭാഗം വീട്ടിൽ നിന്ന് ആരംഭിച്ചു. തുടർന്ന് ഭൗതികശരീരം തൈക്കാട്ടുശ്ശേരി ഇടവക ദൈവാലയത്തിലേക്ക് സംവഹിച്ച്

അഭിവന്ദ്യ മാർ ബോസ്ക്കോ പിതാവിന്റെ കാർമ്മികത്വത്തിൽ മൃതസംസ്കാരശുശ്രൂഷയുടെ രണ്ടാം ഭാഗവും മൂന്നാം ഭാഗമായ വി. കുർബാന അഭിവന്ദ്യ മെത്രാപ്പോലിത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിലും നടത്തപ്പെട്ടു. മൃതസംസ്കാര ശുശ്രൂഷയുടെ അവസാനഭാഗത്തിന് സീറോ-മലബാർ മേജർ ആർച്ച്ബിഷപ്പ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് കാർമ്മികത്വം വഹിക്കുകയും അനുസ്മരണ സന്ദേശം നൽകുകയും ചെയ്തു.

ദൈവമഹത്വവും മനുഷ്യനന്മയും ലക്ഷ്യം വച്ച് പ്രവർത്തിച്ചാൽ വിജയം സുനിശ്ചിതമാണെന്ന ആപ്തവാക്യവുമായി പൗരോഹിത്യ ശുശ്രൂഷയുടെ ഊടും പാവും നെയ്തെടുത്ത് സഭാഗാത്രത്തെ കെട്ടിപ്പടുക്കാൻ അക്ഷീണം യത്നിച്ച് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട മൂക്കൻ ബഹു. ജോയ് അച്ചന് അതിരൂപതയുടെ പ്രാർത്ഥനാഞ്ജലികൾ.

# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

ഛത്തീസ്ഗഢിൽ രണ്ട് മലയാളി കന്യാസ്ത്രീകൾ അന്യായമായി അറസ്റ്റു ചെയ്യപ്പെട്ടതിൽ പ്രതിഷേധിച്ച് തൃശ്ശൂർ അതിരൂപതയുടെ നേതൃത്വത്തിൽ പ്രാത്ഥനായജ്ഞവും പ്രതിഷേധറാലിയും പൊതു സമ്മേളനവും നടന്നു. 2025 ജൂലായ് 29 ചൊവ്വാഴ്ച 4 മണിക്ക് പുത്തൻ പള്ളിയിൽ നടന്ന ആരാധനയ്ക്ക് സി. ആർ. ഐ. പ്രസിഡന്റ് റവ.ഫാ. സിജോ പൈനാടത്ത് നേതൃത്വം നൽകി. ഈ പ്രതിഷേധറാലിയിലും പൊതുസമ്മേളനത്തിലും അതിരൂപതയിലെ സന്യസ്തരുടെ സജീവമായ പങ്കാളിത്തം ഉറപ്പാക്കുന്നതിന് സി.ആർ. ഐ എക്സിക്യൂട്ടീവ് അംഗങ്ങൾ നടത്തിയ ശക്തമായ നേതൃതം അഭിനന്ദനാർഹമായിരുന്നു. സന്യസ്തരുടെ സാന്നിധ്യം പ്രതിഷേധ റാലിയെ കൂടുതൽ സജീവമാക്കി.

**എഫ്.സി.സി**

സുവിശേഷവത്ക്കരണ ശുശ്രൂഷകൾക്കും കുടുംബപ്രേഷിതത്വത്തിനും Gifted counseling ഉം സിസ്റ്റേഴ്സിനെ ഒരുക്കുന്നതിന്റെ ഭാഗമായി ജൂലൈ 2-5 വരെ തിരൂർ റിന്യൂവൽ സെന്ററിൽ വെച്ച് Global Evangelization Empowerment Programme (GEEP) സംഘടിപ്പിക്കുകയുണ്ടായി. ജൂലൈ 5-ാം തീയതി ബ. നോർബർട്ടമ്മയുടെ 11-ാം ചരമവാർഷികം മരത്താക്കര ഇടവക ദേവാലയത്തിൽ സമുചിതമായി ആഘോഷിച്ചു. ജൂലായ് 12-ാം തീയതി DBCLC-യിൽ വെച്ച് നടന്ന ഗോൾഡൻ-സിൽവർ ജൂബിലിയാഘോഷിച്ച, തൃശൂർ അതിരൂപതയിൽ സേവനം ചെയ്യുന്ന സമർപ്പിതരുടെ സംഗമത്തിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു. തൃശൂർ കോർപ്പറേറ്റ് ഏജൻസിയുടെ

കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപക അനധ്യാപകർക്കുള്ള സെമിനാറും മെറിറ്റ് ഡെയും ജൂലായ് 12-ാം തീയതി ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളേജിൽ വെച്ച് നടന്നു. ജൂലായ് 19-ാം തീയതി അസീസ്സി പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് ലോക്കൽ സോഷ്യൽ പ്രമോട്ടേഴ്സിനായി നടന്ന മീറ്റിംഗിൽ അഡ്വ. ചാർളി പോൾ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ജൂലായ് 23-ാം തീയതി തൃശൂർ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്ന പ്രൊവിൻഷ്യൽ ആനിമേറ്റേഴ്സിന്റെ ദ്വിദിന പരിപാ ടിയിൽ റവ. ഫാ. ജോജോ മാരിപ്പാട്ട് VC ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഛത്തീസ് ഗഡിൽ ബ. സിസ്റ്റേഴ്സിന്റെ അന്യായമായ അറസ്റ്റിൽ പ്രതിഷേധിച്ചു കൊണ്ട് ജൂലൈ 29-ാം തീയതി തൃശൂർ അതിരൂപതയുടെ നേതൃത്വത്തിൽ നടന്ന പൊതുസമ്മേളനത്തിൽ സമർപ്പിതരെ പ്രതിനിധീകരിച്ച് പ്രൊവിൻഷ്യൽ സുപ്പീരിയർ ബ. സി. ഫോൺസി മരിയ സംസാരിച്ചു.

**സി.എം.സി**

July 2 ന് Ollur Vincent De Paul Hospital Nursing College കെട്ടിടത്തിന് തറകല്ല് ഇടുന്നതിൽ പ്രൊവിൻഷ്യൻ സുപ്പീരിയറും കൗൺസിലേഴ്സും സംബന്ധിച്ചു. July 5 ന് 'അവിടന്ന് നമ്മെ സ്നേഹിച്ചു' എന്ന ചാക്രികലേഖനത്തിന്റെ ക്ലാസ്സ് തൃശ്ശൂർ സെന്റ് മേരീസ് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. റവ.ഫാ. ജെയിംസ് നിരവത്ത് OCD ക്ലാസ്സെടുത്തു. 122 സിസ്റ്റേഴ്സ് സംബന്ധിച്ചു.

പരി.കർമ്മല മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് എല്ലാ മഠങ്ങളിലും ജൂലായ് 12 വിശുദ്ധികരണദിനമായി ആചരിച്ചു. ജൂലൈ 16, പരി.കർമ്മല മാതാവിന്റെ തിരുനാൾ ദിനത്തിൽ എല്ലാ CMC സിസ്റ്റേഴ്സും ദിവ്യബലി മധ്യേ തങ്ങളുടെ വ്രതനവീകരണം നടത്തി. July 16 ന് 5 അർഥിനികൾ പറപ്പൂർ മഠത്തിൽ കാൻഡിഡസിയിൽ പ്രവേശിച്ചു. ആതുര ശുശ്രൂഷ രംഗത്ത് സി. എം. സി. നൂറു വർഷം തികയുന്ന ഈ അവസരത്തിൽ, തൃശൂർ നിർമ്മല പ്രോവിൻസ് ഒല്ലൂർ വിൻസെന്റ് ഡി പോൾ ആശുപത്രിക്ക് ഒരു ഡയാലിസിസ് മെഷിൻ നൽകിയതിന്റെ ഉദ്ഘാടനകർമ്മം July 17 ന് പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലി പോൾ നിർവ്വഹിച്ചു.

ജൂലായ് 29 ന് ഛത്തിസ്ഗഡിൽ രണ്ട് മലയാളി കന്യാസ്ത്രികളെ അറസ്റ്റ് ചെയ്തതിൽ തൃശൂർ അതിരൂപത സംഘടിപ്പിച്ച പ്രാർത്ഥനയിലും പ്രതിഷേധറാലിയിലും സമ്മേളനത്തിലും പ്രൊവിൻഷ്യൽ സുപ്പീരിയറും ധാരാളം സിസ്റ്റേഴ്സും ആസ്പിരൻസും പങ്കെടുത്തു. ബിഷപ്പ് ഹൗസിൽ വെച്ച് നടന്ന ജ്യോതി എഞ്ചിനിയറിങ്ങ് കോളേജിന്റെ ജനറൽ ബോഡിമീറ്റിങ്ങിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ

സി. സാലി പോൾ സംബന്ധിച്ചു.

**സി.എച്ച്.എഫ്**

കുഴിക്കാട്ടുശ്ശേരി ധന്യൻ ജോസഫ് വിതയത്തിലച്ചന്റെ തിരുന്നാളിൽ സിഎച്ച്എഫ് നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ സി.ജെസ്സിൻ തെരേസും കൗൺസിലേഴ്സും, സിസ്റ്റേഴ്സും സംബന്ധിച്ചു. സി എച്ച് എഫ് നവജ്യോതി പ്രോവിൻസിലെ മെഡിക്കൽ വിഭാഗത്തിൽ സേവനമനുഷ്ഠിക്കുന്ന സിസ്റ്റേഴ്സിന്റെ ഗ്യാതറിങ്ങ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ടു. ഛത്തീസ് ഗഡിൽ സിസ്റ്റേഴ്സിനെ അന്യായമായി അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് തൃശ്ശൂർ അതിരൂപത സംഘടിപ്പിച്ച പ്രതിഷേധ റാലിയിലും പൊതുസമ്മേളനത്തിലും സി എച്ച് എഫ് നവജ്യോതി പ്രൊവിൻഷ്യൽ കൗൺസിലർ സി. ജെസ്റ്റിനയും മറ്റു സിസ്റ്റേഴ്സും സംബന്ധിച്ചു. സി.എച്ച്.എഫ്. നവജ്യോതി പ്രോവിൻസിൽ ജൂനിയർ സിസ്റ്റർ സി.സാന്ദ്ര വർഗ്ഗീസ് പ്രാർത്ഥിച്ചൊരുങ്ങി അനിത്യ വാഗ്ദാനം നടത്തി. സി എച്ച് എഫ് നവജ്യോതി പ്രോവിൻസിൽ 1, 2 ദിനങ്ങളിലായി 2020 മുതൽ 2025 വരെ നിത്യവ്രതാർപ്പണം നടത്തിയ സീനിയർ സിസ്റ്റേഴ്സിന്റെ ഗ്യാതറിംഗ് നടത്തി. നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ പോവിൻസിലെ പ്രമോട്ടേഴ്സ് ഒന്നിച്ച് ജാഗരണ പ്രാർത്ഥന നടത്തി. നവജ്യോതി പ്രോവിൻസിലെ ആമ്പക്കാട് സെൻറ് ജോസഫ് ഭവനാംഗമായ സി.ഗ്രസിയാന നിര്യാതയായി.

**എസ്.എ.ബി.എസ്**

18-ാം തീയതി ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 40 മണി ആരാധന നടത്തി. 18-ാം തീയതി മുതൽ 20 വരെ വോയ്സ് ഓഫ് നൺസിന്റെനേതൃത്വത്തിൽ പാലാരിവട്ടം പി.ഒ.സി യിൽ സംഘടിപ്പിച്ച ഞങ്ങൾ സന്തുഷ്ടരാണ് എന്ന സമർപ്പിത ശാക്തീകരണ ത്രിദിന പരിശീലന ക്ലാസുകളിൽ സി. ആൻസി ജോൺ വാഴാം പ്ലാക്കൽ, സിസ്റ്റർ സ്റ്റെഫി കണ്ണമ്പുഴ എന്നിവർ പങ്കെടുത്തു. 19-ാം തീയതി മേരിമാതാ മേജർ സെമിനാരിയിൽ നടത്തിയ ബെനഫാക്ടേഴ്സ് മീറ്റിൽ വികർ പ്രൊവിൻഷ്യൽ സിസ്റ്റർ ലൻസ മരിയ പറേക്കാടൻ, സിസ്റ്റർ ജോസഫൈൻ പാലത്തിങ്കൽ എന്നിവർ പങ്കെടുത്തു. 224-ാം തീയതി പാലാരിവട്ടം പി.ഒ.സി.യിൽ സംഘടിപ്പിച്ച വൊക്കേഷൻ പ്രമോട്ടേഴ്സിന്റെ മീറ്റിൽ സിസ്റ്റർ ലിനറ്റ് ചാലക്കൽ പങ്കെടുത്തു. രജത ജൂബിലിയോടനുബന്ധിച്ച് നടത്തിയ ഏകദിന പ്രാർത്ഥനാ ശുശ്രൂഷയിൽ ബഹുമാനപ്പെട്ട ജസ്റ്റിൻ തടത്തിൽ അച്ചന്റെ നേതൃത്വത്തിൽ വചന പ്രഘോഷണവും ദിവ്യകാരുണ്യ പ്രദക്ഷിണവും നടത്തി. 26-ാം തീയതി ചേറ്റുപുഴ

പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് എറണാകുളം, തൃശൂർ പ്രൊവിൻസുകളിലെ ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിന്റെ ജൂബിലി സെലിബ്രേഷൻ നടത്തി. 29-ാം തീയതി മനുഷ്യക്കടത്ത് ആരോപിച്ച് അന്യായമായി എം.എസ്.എ.ഐ. സിസ്റ്റേഴ്സിനെ അറസ്റ്റ് ചെയ്തതിനാൽ തൃശൂർ അതിരൂപതയുടെ നേതൃത്വത്തിൽ പുത്തൻപള്ളിയിൽ നടന്ന പ്രാർത്ഥന കൂട്ടായ്മയിലും തുടർന്ന് കോർപ്പറേഷന്റെ മുന്നിലേക്ക് നടത്തിയ പ്രതിഷേധ റാലിയിലും പൊതുസമ്മേളനത്തിലും സിസ്റ്റേഴ്സ് പങ്കെടുത്തു. ആകാശ പറവകളുടെ കൂട്ടുകാരെയും തെരേസ്യൻ ചാരിറ്റബിൾ ട്രസ്റ്റിന്റെ പ്രേഷിതരെയും സംയോജിപ്പിച്ച് മാർ ജോസഫ് പാംപ്ലാനിയുടെ രക്ഷാകർതൃത്വത്തിൽ അപ്പൊസ്തോലിക ജീവിതസമൂഹം കാനോനിക പദവിയിലേക്ക് ഉയർത്തപ്പെട്ട ചടങ്ങിൽ സിസ്റ്റർ പാസി സംബന്ധിച്ചു. 31-ാം തീയതി ബഹുമാനപ്പെട്ട ജനറാളമ്മയുടെ നിർദ്ദേശമനുസരിച്ച് ഛത്തീസ്ഗഡിൽ അന്യായമായി അറസ്റ്റിലായ സിസ്റ്റേഴ്സിനും മിഷണറിമാർക്കുംവേണ്ടി ആരാധന നടത്തി പ്രാർത്ഥിച്ചു.

**സി. എസ്. എസ്.**

മണ്ണൂത്തി സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് സ്ഥാപകപിതാവ് മോൺ പോൾ ചിറ്റിലപ്പിള്ളിയുടെ 116 -ാം മത് ജന്മദിനം സമുചിതമായി ആഘോഷിച്ചു. ബഹു. സി. ദിവ്യ സ്ഥാപകപിതാവിനെ കുറിച്ചുള്ള ഓർമ്മകൾ പങ്കുവയ്ക്കുകയും സുപ്പീരിയർ ജനറൽ ബഹു. സി. അൽഫോൻസയും, സ്നേഹോദയ പ്രൊവിൻഷ്യൽ സുപ്പീരീയർ ബഹു. സിസ്റ്റർ റിറ്റയും അനുഭവങ്ങൾ പങ്കുവയ്ക്കുകയും, നിത്യവ്രതവാഗ്ദാനം നടത്തിയ 7 സഹോദരിമാർക്ക് അനുമോദനങ്ങൾ നേർന്ന് സംസാരിക്കുകയും, ചെയ്തു. 'He loved us' എന്ന Encyclical ആസ്പദമാക്കി Generalate തലത്തിൽ നിന്നും exam നടത്തപ്പെട്ടു. സീറോമലബാർ സഭയുടെ ആസ്ഥാനകാര്യാലയമായ മൗണ്ട് സെന്റ് തോമസ്സിൽ വെച്ച് 03.07.2025 ന് നടത്തിയ സഭാദിന ആഘോഷപരിപാടികളിൽ സുപ്പീരിയർ ജനറൽ ബഹു. സി. അൽഫോൻസയും, സ്നേഹോദയ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സിസ്റ്റർ റിറ്റയും പങ്കെടുത്തു. സി. എസ്. എസ്. റിന്യുവൽ ടീമിന്റെ നേതൃത്വത്തിൽ renewal programme ന്റെ follow up ഓരോ ഹൗസുകളിലും വെച്ച് നടത്തപ്പെടുന്നു. ഛത്തീസ്ഗഡിൽ ബഹു. സിസ്റ്റേഴ്സിനെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധം അറിയി ക്കുന്നതിനായി തൃശ്ശൂർ അതിരൂപതയിൽ സംഘടിപ്പിച്ച പ്രതിഷേധ സമ്മേളനത്തിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.

**സി.എസ്.സി**

2025 ജൂലൈ 24, 25 തിയതികളിലായി കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ചു അസിസ്റ്റന്റ് സുപ്പീരിയേഴ്സ് കോൺഫ്രൻസ് നടത്തി. 2.8.25 നു സീനിയേഴ്സ് മീറ്റ് ഗ്രൂപ്പിലെ അംഗങ്ങൾക്കും പ്രാർത്ഥനാഗ്രൂപ്പ് അംഗങ്ങൾക്കും അഭിഷേകാരാധനയും ക്ലാസും ബഹു. ഫാ. ബിനീഷ് കടരവന്റെ നേതൃത്വത്തിൽ കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി.

2025 ആഗസ്റ്റ് 30 ശനിയാഴ്ച രാവിലെ 9. 30ന് നിർമ്മലപുരം ഇടവകയിൽ വച്ച് തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴ്ത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ആദ്യവ്രത വാഗ്ദാനവും സഭാവസ്ത്ര സ്വീകരണവും നടത്തിയ മരിയ പ്രവിശ്യയിലെ 3 സഹോദരിമാരെ പ്രവിശ്യ ഭവനത്തിൽ ഹൃദ്യമായി സ്വീകരിച്ചു. CSC സഹയാത്ര സന്ദർശിച്ച സ്ഥലങ്ങൾ കല്ലൂർ, പുലക്കാട്ടുകര,ചിറ്റിശ്ശേരി, തൈക്കാട്ടുശ്ശേരി എന്നിവിടങ്ങളിലാണ്.

**സി.എസ്.എം**

ജൂലൈ 19ന് സി എസ് എം കോൺഗ്രിഗേഷൻ ദിനവും സുപ്പീരിയർ ജനറൽ ബഹു. മദർ ബിയാട്രിസിന്റെ നാമഹേതുക തിരുനാളും കൃപാഭവൻ ജനറലേറ്റിൽ വെച്ച് സംയുക്തമായി ആഘോഷിച്ചു. ജൂലൈ 21 മുതൽ 25 വരെ കരിയാട് HOPE സെന്ററിൽ ജനറൽ ടീം ഒരാഴ്ചത്തെ പ്രാർത്ഥന നടത്തി. ജൂലൈ 24 ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന വൊക്കേഷൻ പ്രോമോട്ടേഴ്സിന്റെ മീറ്റിംഗിൽ 2 സിസ്റ്റേഴ്സ് പങ്കെടുത്തു. ജൂലൈ 29 ന് സി എസ് എം കോൺഗ്രിഗേഷന്റെ സ്വർഗ്ഗീയ മധ്യസ്ഥയായ വി. മർത്തായുടെ തിരുനാൾ എല്ലാ കോൺവെന്റുകളിലും ആഘോഷിച്ചു. ഛത്തിസ്ഗഡിൽ രണ്ട് മലയാളി കന്യാസ്ത്രീകളെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് തൃശൂർ അതിരൂപത നടത്തിയ പ്രതിഷേധ റാലിയിൽ ഏതാനും സിസ്റ്റഴ്സ് പങ്കെടുത്തു.

## ആദരാഞ്ജലികൾ



27.07.2025 സി.എം.സി. മണലൂർ സെന്റ് തെരേസ് മഠാംഗമായ സി. റോസ് ശാന്തി നിര്യാതയായി. തൃശൂർ അതിരൂപത വികാരി ജനറാൾ റവ.ഫാ. ജോസ് കോനിക്കരയുടെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമങ്ങൾ നടത്തപ്പെട്ടു.



02.07.2025 തൃശൂർ മേരി ഇമ്മാക്കുലേറ്റ് മഠാംഗമായ സി. മാർട്ടിൻ 2025 ജൂലൈ 2-ാം തീയതി ഉച്ചകഴിഞ്ഞ് 3.40 ന് നിര്യാതയായി. 3-ാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 3.00 മണിക്ക് തൃശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ തൃശൂർ മേരി ഇമ്മാക്കുലേറ്റ് കോൺവെന്റ് ചാപ്പലിൽ മൃതസംസ്കാര ശുശ്രൂഷകൾ നടന്നു.



17.07.2025 തിരൂർ സിയോൻ റിന്യൂവൽ സെന്റർ മഠാംഗ മായ സി. ബെർട്ടീലിയ 2025 ജൂലൈ 17-ാം തീയതി വൈകീട്ട് 9.15ന് നിര്യാതയായി. 18-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തിരൂർ സിയോൻ റിന്യൂവൽ സെന്റർ കോൺവെന്റ് ചാപ്പലിൽ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.



നവജ്യോതി പ്രോവിൻസിലെ ആമ്പക്കാട് സെന്റ് ജോസഫ് ഭവനാംഗമായ സി. ഗ്രസിയാന(89) നിര്യാതയായി. ആമ്പക്കാട് സെൻര് ജോസഫ് കോൺവെന്റ് ചാപ്പലിൽ മൃതസംസ്കാരശുശ്രൂഷകൾ നടത്തപ്പെട്ടു.

**ഫാ. സിജോ**
**പൈനാടത്ത് OFM.Cap**
പ്രസിഡണ്ട്

**സി. ജോളി**
**ചിറ്റിലപ്പിള്ളി FCC**
സെക്രട്ടറി

# എവുപ്രാസ്യാ മിഷൻ
## (വിശാഖപട്ടണം – കുറുപ്പം സെന്റ് എവുപ്രാസ്യമിഷൻ)

**മാർ തോമാശ്ലീഹായുടെ ദൗത്യം തുടരുന്നു**

നമ്മുടെ വിശ്വാസത്തിന്റെ പിതാവായ മാർ തോമാശ്ലീഹായുടെ മിഷൻ പ്രവർത്തനത്തിന്റെ പിൻതലമുറക്കാരാണ് നാമെല്ലാവരും, പാലസ്തീനായിൽ നിന്ന് തോമാ ശ്ലീഹാ പാലയൂർ എത്തിയതിന്റെ ദൃശ്യമായ അടയാളമാണ് തൃശൂർ അതിരൂപത, ഈ മിഷൻപ്രവർത്തനം തങ്ങളുടെ പിതാമഹനിൽനിന്ന് ഏറ്റെടുത്ത് തൃശൂർ അതിരൂപത മുന്നേറികൊണ്ടിരിക്കുന്നു. ആന്ധ്ര സംസ്ഥാനത്തിലെ വിശാഖപട്ടണം-കുറുപ്പംമിഷൻ തൃശൂർ അതിരൂപതയുടെ നേതൃത്വത്തിൽ മനോഹരമായി പ്രവർത്തിക്കുന്നു. നമ്മുടെ 8 വൈദീകരും 12സിസ്റ്റേഴ്സും മിഷൻരംഗങ്ങളിൽ കർമ്മനിരതരാണ്.

ഫാ. ജോഫി ചിറയത്ത് വിശാഖപട്ടണത്തും, ഫാ.ഡൻസ്റ്റൺ ഒലക്കേങ്കൽ അഞ്ചലിഗുഡ, പനസമാനവലസ-എന്നിവിടങ്ങളിലും രണ്ടു മിഷൻ പള്ളികളും പണികഴിപ്പിച്ചു. ഫാ. അഭിജിത്ത് പടിഞ്ഞാക്കര-വീരഘട്ടം കെ.വി.ഗോര മിഷൻപള്ളി നിർമ്മിച്ചു. ഫാ. യേശുദാസ് നെടുമ്പാക്കാരൻ -കുറുപ്പത്ത് ഒരു വാടകവീട്ടിൽ പള്ളി നട ത്തുന്നു. ഫാ.ജിനു പയ്യപ്പിള്ളി വെങ്കിട്ടഭൈരപുരം ഗ്രാമത്തിൽ പ്രവർത്തിക്കുന്നു. ഫാ.റോയ്സൻ കൊള്ളന്നൂർ- ഗുമ്മലക്ഷ്മിപുരത്തിൽ ജി.സിവഡ, സി.ഡി.മാനഗുഡ എന്നീ 2പള്ളികളിൽ (ബത്‌ലിഗ്രാമം) പ്രവർത്തിക്കുന്നു. ഫാ. ജിജൊ എടക്കളത്തൂരും, ഫാ. ജെയ്സൻ പഴയേടത്തും പുതുതായി എത്തിയിരിക്കുന്നു.

നമ്മുടെ അതിരൂപതയിലെ 225 ഇടവകകളിൽ 50ഓളം ഇടവകകൾ ഇതിനോടകം മിഷനെ സഹായിച്ചിട്ടുണ്ട്. നമ്മുടെ അതിരൂപതയിലെ ബാക്കിയുള്ള എല്ലാ ഇടവകകളും ഈ ദൗത്യത്തിൽ സഹകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ ഇടവകയിലെ നോമ്പുകാല പരിത്യാഗത്തിന്റെയോ, കാരുണ്യനിധിയിലെയോ ഫണ്ടിൽനിന്ന് ഒരുവിഹിതം തൃശൂർ അതിരൂപതയുടെ മിഷൻ പ്രവർത്തനങ്ങൾക്ക് നൽകുമല്ലോ. മാർ തോമാശ്ലീഹായുടെ മാദ്ധ്യസ്ഥം നിങ്ങൾക്ക് ആശംസിക്കുന്നു.

**ഫാ. വർഗ്ഗീസ് കരിപ്പേരി**

സെക്രട്ടറി. ഇവാഞ്ചലൈസേഷൻ

# ₹ സാമ്പത്തിക കാര്യാലയം

**1. സ്ഥാപനങ്ങളുടെ തെരട്ട് സമർപ്പിക്കൽ**

സ്ഥാപനങ്ങൾ/സംഘടനകൾ/ പ്രസ്ഥാനങ്ങൾ തെരട്ട് സമർപ്പിക്കൽ നവംബർ 3-ാം തിയതി മുതലാണ് തുടങ്ങുന്നത്.

| | | |
|---|---|---|
| 1. ഫാമിലി അപ്പസ്തോലേറ്റ് സെന്റർ | നവംബർ 3 | 10.00 am |
| 2. മാതൃവേദി | ,, | 10.00 am |
| 3. ജോൺപോൾ പ്രോലൈഫ് | ,, | 10.00 am |
| 4. ഫാമിലി അപ്പസ്തോലേറ്റ് ബ്യൂറോ | ,, | 10.00 am |
| 5. കുടുംബകൂട്ടായ്മ | ,, | 11.00 am |
| 6. സൊസൈറ്റി ഓഫ് മേരി ഇമ്മാക്കുലേറ്റ്, വെസ്റ്റ് ഫോർട്ട് ലിലിയൻ ഫോണ്ടസ് | ,, | 11.00 am |
| 7. സെ.ആൻസ്, വെസ്റ്റ് ഫോർട്ട് | ,, | 11.00 am |
| 8. സിസ്റ്റേഴ്സ് ഓഫ് സെ. ജോസഫ് ദി വർക്കർ (എസ്.എസ്.ജെ.ഡബ്ല്യൂ) | ,, | 12.00 noon |
| 9. ഹോളി ചൈൽഡ് ഹുഡ് | ,, | 12.00 noon |
| 10. ഫ്രാൻസിസ്കൻ അസോസിയേഷൻ | നവംബർ 4 | 10.00 am |
| 11. ചൈതന്യ ക്ലീനിക് | ,, | 10.00 am |
| 12. ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട്, മുളയം | ,, | 11.00 am |
| 13. ഡാമിയൻ എസ്റ്റേറ്റ് | ,, | 11.00 am |
| 14. ഡാമിയൻ ജൂബിലി ശാന്തിഗ്രാം | ,, | 11.00 am |
| 15. ജൂബിലി മിഷൻ ഹോസ്പിറ്റൽ | ,, | 12.00 noon |
| 16. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് | ,, | 12.00 noon |
| 17. ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിംഗ് | ,, | 12.00 noon |
| 18. ജൂബിലി മിഷൻ കോളേജ് ഓഫ് ബി.എസ്.സി. നേഴ്സിംഗ് | ,, | 12.00 noon |
| 19. കെ.സി.എസ്.എൽ | നവംബർ 5 | 10.00 am |
| 20. ബൈബിൾ അപ്പസ്തോലേറ്റ് | ,, | 10.00 am |
| 21. കെ.എൽ.എം, സാക്രിസ്റ്റ്യൻസ് | ,, | 10.00 am |
| 22. തൊഴിൽ അഭ്യസന പീഠം | ,, | 10.00 am |

| | | | |
|---|---|---|---|
| 23. | സെന്റ് മേരീസ് പ്രൈവറ്റ് ഐ.ടി.ഐ | നവംബർ 5 | 10.00 am |
| 24. | ഐ.ടി.ഐ അളഗപ്പനഗർ | ,, | 11.00 am |
| 25. | സ്പിരിച്വൽ ആനിമേഷൻ സെന്റർ | ,, | 11.00 am |
| 26. | സെന്റ്വിൻസെന്റ്ഡി പോൾ സൊസൈറ്റി | ,, | 11.00 am |
| 27. | മേരി മാതാ മേജർ സെമിനാരി, മുളയം & MSAT | ,, | 12.00 noon |
| 28. | പറോക്ക് | ,, | 12.00 noon |
| 29. | ഹോം ഓഫ് ലൗ, മുളയം | നവംബർ 6 | 10.00 am |
| 30. | മാർ കുണ്ടുകുളം, ട്രസ്റ്റ്, ബിഷപ്സ് ഹൗസ് | ,, | 10.00 am |
| 31. | കരുണ ട്രസ്റ്റ്, ബിഷപ്സ് ഹൗസ് | ,, | 10.00 am |
| 32. | സെന്റ് മേരീസ് മൈനർ സെമിനാരി | ,, | 11.00 am |
| 33. | കോർപ്പറേറ്റ് എജ്യുക്കേഷൻ ഏജൻസി | ,, | 111.00 am |
| 34. | കത്തോലിക്ക കോൺഗ്രസ് | ,, | 12.00 noon |
| 35. | കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് | ,, | 12.00 noon |
| 36. | കേറ്റിക്കിസം | നവംബർ 10 | 10.00 am |
| 37. | കേറ്റിക്കിസം-ടെക്സ്റ്റ് ബുക്ക് അക്കൗണ്ട് | ,, | 10.00 am |
| 38. | കാത്തലിക് ഇൻഫർമേഷൻ സെന്റർ | ,, | 10.00 am |
| 39. | കേറ്റിക്കിസം ബുക്ക് സ്റ്റാൾ | ,, | 10.00 am |
| 40. | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി | ,, | 11.00 am |
| 41. | ഡി.ബി.സി.എൽ.സി. | ,, | 11.00 am |
| 42. | ഡി.ബി.സി.എൽ.സി. ലൈബ്രറി അക്കൗണ്ട് | ,, | 12.00 noon |
| 43. | എക്സൽ അക്കാദമി | ,, | 12.00 noon |
| 44. | സി.എൽ.സി | നവംബർ 11 | 10.00 am |
| 45. | അൾത്താര സംഘം | ,, | 10.00 am |
| 46. | ലോഫ് | ,, | 10.00 am |
| 47. | ചർച്ച് ക്വയർ | ,, | 11.00 am |
| 48. | കെ.സി.വൈ.എം | ,, | 11.00 am |
| 49. | ലേ ലീഡർഷിപ്പ് | ,, | 12.00 noon |
| 50. | ലിജീയൻ ഓഫ് മേരി | ,, | 12.00 noon |

| | | | |
|---|---|---|---|
| 51. | സോഷ്യൽ ആക്ഷൻ | നവംബർ 12 | 10.00 am |
| 52. | സോഷ്യൽ വെൽഫെയർ സെന്റർ | ” | 10.00 am |
| 53. | സോഷ്യൽ ഹൗസിംഗ് സെന്റർ | ” | 10.00 am |
| 54. | സേവ് എ ഫാമിലി പ്ലാൻ | ” | 11.00 am |
| 55. | SWIFT | ” | 11.00 am |
| 56. | സ്ലം സർവീസ് | ” | 11.00 am |
| 57. | മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര | ” | 12.00 noon |
| 58. | റീജിണൽ പാസ്റ്ററൽ സെന്റർ ചേലക്കര | ” | 12.00 noon |
| 59. | ഫാ. തച്ചുപറമ്പിൽ ട്രസ്റ്റ്, ചേലക്കര | ” | 12.00 noon |
| 60. | സെന്റ് ക്രിസ്റ്റീന ഹോം, പുല്ലഴി | നവംബർ 13 | 10.00 am |
| 61. | സെന്റ്ജോസഫ്സ് ഹോം, പുല്ലഴി | ” | 10.00 am |
| 62. | സെന്റ് ജോസഫ് ഭവൻ, പുല്ലഴി | ” | 11.00 am |
| 63. | ക്രൈസ്റ്റ് വില്ല പുവർ ഹോം, രാമവർമ്മപുരം | ” | 11.00 am |
| 64. | ആബാ റിന്യൂവൽ സെന്റർ, രാമവർമ്മപുരം | ” | 11.00 am |
| 65. | നെസ്റ്റ്, രാമവർമ്മപുരം | ” | 12.00 noon |
| 66. | സെന്റ് പോൾ ഗുരുകുലം, തിരുവില്വാമല | ” | 12.00 noon |
| 67. | പോപ്പ് പോൾ മേഴ്സി ഹോം, പെരിങ്ങണ്ടൂർ | നവംബർ 17 | 10.00 am |
| 68. | മാർ കുണ്ടുകുളം മെമ്മോറിയൽ റിസർച്ച് & റിഹാബിലിറ്റേഷൻ സെന്റർ | ” | 10.00 am |
| 69. | പോപ്പ് ജോൺ പോൾ പീസ് ഹോം, പെരിങ്ങണ്ടിയൂർ | ” | 11.00 am |
| 70. | ടിംഹാൻസ്, പെരിങ്ങണ്ടൂർ | ” | 11.00 am |
| 71. | കലാസദൻ | ” | 12.00 noon |
| 72. | കാത്തലിക് നേഴ്സസ് ഗിൽഡ് | നവംബർ 20 | 10.00 am |
| 73. | കാത്തലിക് സെന്റർ/പാസ്റ്ററൽ സെന്റർ | ” | 10.00 am |
| 74. | സാവിയോ ഹോം, മനക്കൊടി | ” | 11.00 am |
| 75. | പബ്ലിക് റിലേഷൻസ്&ഡയോമീഡിയ | ” | 11.00 am |
| 76. | എം.ഐ. ഹോസ്പിറ്റൽ, ഏങ്ങണ്ടിയൂർ | ” | 12.00 noon |

| | | | |
|---|---|---|---|
| 77. | എം.ഐ. ഹോസ്പിറ്റൽ നേഴ്സിംഗ് സ്കൂൾ, ഏങ്ങണ്ടിയൂർ | ,, | 12.00 noon |
| 78. | സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, കുരിയച്ചിറ | നവംബർ 21 | 10.00 am |
| 79. | ടി.ടി.ഐ., കുരിയച്ചിറ | ,, | 10.00 am |
| 80. | ഐ.സി.എസ്.ഇ.സ്കൂൾ, കുരിയച്ചിറ | ,, | 11.00 am |
| 81. | മദ്യവിരുദ്ധ സമിതി (ടെമ്പറൻസ് മൂവ്മെന്റ്) | ,, | 11.00 am |
| 82. | കരിസ്മാറ്റിക് മൂവ്മെന്റ് | ,, | 12.00 noon |
| 83. | എവുപ്രാസ്യ ഷ്രൈൻ | നവംബർ 26 | 10..00 am |
| 84. | ഹോളി ക്രോസ് സ.ബി.എസ്.ഇ. സ്കൂൾ ആർത്താറ്റ് | ,, | 10..00 am |
| 85. | പഴുവിൽ ധ്യാനകേന്ദ്രം | ,, | 11.00 am |
| 86. | ജോതി എഞ്ചിനിയറിംഗ് കോളേജ്, ചെറുതുരുത്തി | ,, | 11.00 am |
| 87. | സെന്റ് ജോർജ്ജ് ഹോസ്റ്റൽ | ,, | 10.00 am |
| 88. | സെന്റ് തോമാസ് ഹോസ്റ്റൽ | ,, | 10.00 am |
| 89. | സെന്റ് തോമാസ് കോളേജ് | ,, | 11.00 am |
| 90. | സെന്റ് തോമാസ് എജുക്കേഷൻ സെന്റർ | ,, | 12.00 noon |
| 91. | പ്രീസ്റ്റ് വെൽഫയർ ഫണ്ട് | ,, | 12.00 noon |

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
പ്രൊക്യുറേറ്റർ

**ഫാ. സാജൻ വടക്കൻ**
അസി. പ്രൊക്യുറേറ്റർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

ഈശോയുടെ പ്രിയ കുഞ്ഞുമക്കളെ,

പരീക്ഷകളെല്ലാവരും നന്നായി എഴുതിയോ? ഓണാവധിയും ആഘോഷങ്ങളുമെല്ലാം ഭംഗിയായി പോകുന്നു എന്ന് കരുതുന്നു. സെപ്റ്റംബർ മാസം കത്തോലിക്കാ സഭയെ സംബന്ധിച്ച് രണ്ട് പ്രധാനപ്പെട്ട തിരുനാളുകൾ അനുസ്മരിക്കുന്ന സമയമാണ്. സെപ്റ്റംബർ 8 പരിശുദ്ധ അമ്മയുടെ ജനന തിരുനാളും സെപ്റ്റംബർ 14 വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാളും.

'രക്ഷയുടെ പ്രഭാതം' എന്നാണ് പോൾ ആറാമൻ മാർപാപ്പ മറിയത്തിന്റെ ജനനത്തെ വിശേഷിപ്പിക്കുന്നത്. വിശുദ്ധ അംബ്രോസ് ഇപ്രകാരം പഠിപ്പിക്കുന്നുണ്ട്. 'മറിയം പ്രഭാതവും ക്രിസ്തു പരിപൂർണ്ണമായ പകലുമാണ്' (Mary is the dawn, Christ the perfect day). തന്റെ പുത്രനെ ലോകത്തിന് സമ്മാനിക്കാൻ ദൈവം തെരഞ്ഞെടുത്ത പാത്രമായിരുന്നു പരിശുദ്ധ മറിയം. 'മാതാവിന്റെ ഉദരത്തിൽ നിനക്ക് രൂപം നൽകുന്നതിനു മുൻപേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനു മുൻപേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു'(ജെറമിയാ 1:5). ചെറിയ ചെറിയ നന്മ പ്രവൃത്തികളിലൂടെയും പരിത്യാഗ പ്രവർത്തികളിലൂടെയും മറിയത്തിന്റെ ജനന തിരുനാളിന് എല്ലാവരും ഒരുങ്ങണം.

സെപ്റ്റംബർ 14, വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാളാണ്. നാണക്കേടിന്റെ അടയാളമായിരുന്ന കുരിശ് ഈശോയുടെ മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും രക്ഷയുടെ അടയാളമായി മാറി. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇങ്ങനെ പറയുന്നു: 'കുരിശാണ് സ്നേഹത്തിന് ഏറ്റവും മനോഹരമായ തെളിവ്. അതില്ലായിരുന്നെങ്കിൽ നമ്മുടെ വിശ്വാസം ശൂന്യമായേനെ.' യഥാർത്ഥ ശിഷ്യത്വം പലപ്പോഴും നമ്മുടെ കുരിശുകൾ ചുമക്കുക എന്നതാണ്. 'ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് അനുദിനം തന്റെ കുരിശുമെടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ'(ലൂക്കാ 9 : 23). ഇങ്ങനെ വിശുദ്ധ കുരിശിനെ വണങ്ങുമ്പോൾ നമ്മുടെ സഹനങ്ങൾ ജീവനും മഹത്വവുമായി രൂപാന്തരപ്പെടുന്നു.

പ്രിയമുള്ള കൂട്ടുകാരേ, ദൈവഹിതത്തോടുള്ള മറിയത്തിന്റെ അനുസരണം അവളെ കുരിശിന്റെ ചുവട്ടിലെത്തിച്ചു. ഇതുപോലെ, ക്രിസ്തുവിന്റെ കുരിശിലേക്ക് മറിയത്തോടൊപ്പം നമുക്കും നടക്കാം. 'നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിലല്ലാതെ മറ്റൊന്നിലും മേൻമ ഭാവിക്കാൻ എനിക്ക് ഇടയാകാതിരിക്കട്ടെ. അവനെപ്രതി ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു' (ഗലാത്തിയാ 6: 14). എല്ലാവർക്കും ഒരിക്കൽ കൂടി വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെയും പരിശുദ്ധ മറിയത്തിന്റെ ജനന തിരുനാളിന്റെയും ആശംസകൾ സ്നേഹത്തോടെ നേരുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസപരിശീലനകേന്ദ്രം

### I. ഞായറാഴ്ച വിശ്വാസപരിശീലനം വാർത്തകൾ

### 1. വിശ്വാസപരിശീലകർക്കുള്ള സംവാദസദസ്സ്

വിശ്വാസപരിശീലകരുടെ സംവാദ സദസ്സ് ഇടവകകളിൽ നടന്നുകൊണ്ടിരിക്കുന്നു. വിശ്വാസപരിശീലകരുടെ തുടർപരിശീലനത്തിന്റെ ഭാഗമായി നമ്മുടെ അതിരൂപതയുടെ വിശ്വാസപരിശീലന കേന്ദ്രം ഡയറക്ടർ/ അസി. ഡയറക്ടർ, ഓരോ ഇടവകയിലേയും വിശ്വാസപരിശീലകരെ സന്ദർശിച്ച് അവരുമായി സംവദിക്കുന്നു. ഇതിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ നേരിട്ട് അറിയിച്ചിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾക്കായി വിശ്വാസപരിശീലന കേന്ദ്രത്തിലെ പ്രോഗ്രാം കോർഡിനേറ്റർ ശ്രീ തോമസ് മാസ്റ്ററെ ബന്ധപ്പെടുക. മൊബൈൽ നമ്പർ: 9400791384.

ഡയറക്ടർ/അസി. ഡയറക്ടർ സന്ദർശിച്ച (ജൂലൈ 15–ആഗസ്റ്റ് 15) യൂണിറ്റുകൾ: പങ്ങാരപ്പിള്ളി, പറക്കാട്, പഴയന്നൂർ, തിരുവില്വാമല, മങ്ങാട്, മരത്തംകോട്, പാറേംപാടം, പതിയാരം, പാത്രമംഗലം, പുതുരുത്തി, വെള്ളറക്കാട്, അരിമ്പൂർ-കിഴക്കുംപുറം, ഏനമാക്കൽ,

ഏങ്ങണ്ടിയൂർ, എറവ്, കണ്ടശ്ശാംകടവ്, കാഞ്ഞാണി, കാരമുക്ക്, മനക്കൊടി, മണലൂർ വെസ്റ്റ്, മുല്ലശ്ശേരി, വെളുത്തൂർ. നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർക്കും വിശ്വാസപരിശീലകർക്കും നന്ദി.

**2. ACC Convocation & Merit Day 2025**

2025 ആഗസ്റ്റ് 15 വെള്ളിയാഴ്ച്ച ഉച്ചക്ക് 2 മുതൽ തൃശ്ശൂർ ഡി.ബി.സി.എൽ.സി. ഓഡിറ്റോറിയത്തിൽ നടന്ന എ.സി.സി. കൊൺവൊക്കേഷൻ & മെറിറ്റ് ഡേ പാവറട്ടി ക്രൈസ്റ്റ് കിംഗ് സി.ജി.എച്ച്,എസ് സ്കൂൾ അധ്യാപകരുടെ പ്രാർത്ഥനയോടെ ആരംഭിച്ചു. മരത്താക്കര ഇടവകാംഗം എൽവിറ്റസ് വാഴപറമ്പിൽ ബൈബിൾ പാരായണം നടത്തി. അതിരൂപത വിശ്വാസപരിശീലന ഡയറക്ടർ ഫാ. ഡോ. സൈജോ തൈക്കാട്ടിൽ സ്വാഗതമേകി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് അദ്ധ്യക്ഷനായിരുന്നു. കൊൺവൊക്കേഷൻ അഡ്രസ്സ് – റവ. ഡോ. ജിഫി മേക്കാട്ടുകുളം. റവ.ഡോ. പോൾ പുളിക്കൻ, റവ. സി. ആഗ്നസ് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. എസിസി 1–ാം റാങ്ക് നേടിയ തലക്കോട്ടുകര ഇടവകാംഗം കുമാരി ഷെൽന എ. എസ്. 12–ാം ക്ലാസ്സ് 1–ാം റാങ്ക് നേടിയ ലൂർദ്ദ് ഇടവകാംഗം കുമാരി ആൻ മരിയ സി. വി. എന്നിവർ മറുപടി പ്രസംഗം നടത്തി. വിശ്വാസപരിശീലന കേന്ദ്രം അസി. ഡയറക്ടർ ഫാ. ഡോ. സനൽ തോമസ് മാളിയേക്കൽ നന്ദി പറഞ്ഞു. വിവിധ മേഖലകളിൽ വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ യോഗം അനുമോദിക്കുകയും സർട്ടിഫിക്കറ്റുകൾ സമ്മാനിക്കുകയും ചെയ്തു.

ഒന്നു മുതൽ എ.സി.സി. വരെ മുടങ്ങാതെ വന്ന വിദ്യാർത്ഥികൾ, എ.സി.സി., പ്ലസ്ടു റാങ്ക് ഹോൾഡേഴ്സ്, സൺഡേ കാറ്റകിസം, സ്കൂൾ കാറ്റകിസം, മോറൽ സയൻസ് സ്കോളർഷിപ്പ് പരീക്ഷകളിൽ റാങ്ക് നേടിയ വിദ്യാർത്ഥികൾ, കൂടുതൽ സ്കോർ നേടിയ സ്കൂളുകൾ, സർട്ടിഫിക്കറ്റ് ഓഫ് എക്സലൻസ്, എന്നിവക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്തു. വിവിധ ഇടവകകളിൽ നിന്നുമായി 933 എ. സി. സി. വിദ്യാർത്ഥികൾ വിശ്വാസപരിശീലനം പൂർത്തിയാക്കി.

**3. ഏകദിന സെമിനാർ**

നഴ്സറി, 1, 2, എ. സി. സി. എന്നീ ക്ലാസ്സുകളിലെ വിശ്വാസപരിശീലകർക്ക് ജൂലൈ 20, 27, തിയതികളിലായി ഏകദിന സെമിനാറുകൾ നടന്നു. റവ. ഡോ. അലക്സ് മരോട്ടിക്കൽ, റവ. ഡോ. മരിയദാസ് OIC, റവ. ഫാ. പോൾ മുട്ടത്ത്, റവ. ഡോ. പ്രദീപ സി. എം. സി. എന്നിവർ ക്ലാസ്സുകൾ നയിച്ചു. ക്ലാസ്സ് തിരിച്ച് മാതൃകാ ചോദ്യങ്ങൾ

തയ്യാറാക്കൽ എന്നിവയും ഉണ്ടായിരുന്നു. രണ്ട് ആഴ്ചകളിലായി നടന്ന സെമിനാറിൽ 1600 വിശ്വാസപരിശീലകർ പങ്കെടുത്തു.

**4. നവാധ്യാപകർക്കുള്ള കോഴ്സ്**

നവാധ്യാപകർക്കുള്ള ഈ വർഷത്തെ രണ്ടാമത്തെ ബാച്ച് ആഗസ്റ്റ് 8, 9, 10 തിയതികളിൽ ഡി.ബി.സി.എൽ.സി.യിൽ വെച്ച് നടന്നു. 40 അധ്യാപകർ കോഴ്സിൽ പങ്കെടുത്തു. സർട്ടിഫിക്കറ്റുകൾ നൽകി.

**5. ക്രിസ്ഫോം**

എ. സി. സി., 12 ക്ലാസ്സുകാർക്കുള്ള ക്രിസ്തീയ ജീവിത പരിശീലന പരിപാടിയായ ക്രിസ്ഫോമിന്റെ 2 ബാച്ചുകൾ ജൂലായ്25-27 ആഗസ്റ്റ് 1-3 തിയതികളിലായി ഡി.ബി.സി.എൽ.സി.യിൽ വെച്ച് നടന്നു. 122 വിദ്യാർത്ഥികൾ പങ്കെടുത്തു. സർട്ടിഫിക്കറ്റുകൾ നൽകി. സെപ്റ്റംബർ മാസത്തിൽ പങ്കെടുക്കേണ്ട ഫൊറോനകൾ:

സെപ്റ്റംബർ 19-21 ബാച്ച് 7 പാലയൂർ, പുത്തൂർ, 26-28 ബാച്ച് 8 (ലൂർദ്ദ്, പട്ടിക്കാട്)

ഓരോ ഫൊറോനക്കും നിശ്ചയിച്ച തിയതിയിൽ പങ്കെടുക്കാനുള്ള വിദ്യാർത്ഥികളുടെ പേരുവിവരങ്ങൾ ഒരാഴ്ച്ച മുമ്പെങ്കിലും സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**6. XI, XII വിശ്വാസപരിശീലകർക്ക് ഓൺലൈൻ ക്ലാസ്സ്**

11, 12 ക്ലാസ്സുകളിലെ വിശ്വാസപരിശീലകർക്ക് ഓൺലൈൻ പഠനക്ലാസ്സ് നടന്നുകൊണ്ടിരിക്കുന്നു. പാഠഭാഗത്തിന്റെ അന്തസത്ത, അതു വിശദീകരിക്കേണ്ട വിധം, പ്രവർത്തനങ്ങൾ തുടങ്ങിയവയെല്ലാം ഓരോ പാഠം തുടങ്ങുന്നതിനു മുമ്പായി പരിചയപ്പെടുത്തികൊടുക്കുന്നു. പാഠപുസ്തകത്തിന്റെ രചനയുമായി നേരിട്ട് ബന്ധമുള്ളവരാണ് ക്ലാസ്സെടുക്കുന്നവർ. ഓൺലൈൻ പഠനക്ലാസ്സിന്റെ തിയതികൾ വാട് സാപ്പ് ഗ്രൂപ്പുകളിലുടെ മുൻകൂട്ടി അറിയിക്കുന്നതാണ്. വൈകീട്ട് 08.30 മുതൽ 09.30 വരെയാണ് ക്ലാസ്സ് നടത്തുന്നത്.

**7. മാതാപിതാക്കൾക്കുള്ള പരിശീലനം**

മാതാപിതാക്കൾക്കായി അതിരൂപത വിശ്വാസപരിശീലന കേന്ദ്രം ഇടവകതലത്തിൽ ഒരുക്കുന്ന ശില്പശാല ക്രിസ്ദോമുസ് കഴിഞ്ഞ മാസം നടന്ന യൂണിറ്റുകൾ: വടക്കാഞ്ചേരി, വാണിയംപാറ. ബുക്കിംഗിനായി 9188131311 എന്ന നമ്പറിൽ ഓഫീസ് സമയത്ത് (9.30AM - 5.00PM) ബന്ധപ്പെടുക.

അതിരൂപത തലത്തിലും ഇടവകതലത്തിലും വിശ്വാസപരിശീലകർക്കും വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കും മാതാപിതാ

ക്കൾക്കും നടക്കുന്ന വിവിധ പരിപാടികൾക്ക് നേതൃത്വം നൽകുന്ന ബഹു. വികാരിയച്ചന്മാർക്കും പ്രിൻസിപ്പൽമാർക്കും വിശ്വാസ പരിശീലകർക്കും നന്ദി അറിയിക്കുന്നു.

## II. അറിയിപ്പുകൾ

**1. ഫൊറോനതല കാറ്റക്കെറ്റിക്കൽ കൗൺസിൽ**

ഫൊറോനതല കാറ്റക്കെറ്റിക്കൽ കൗൺസിൽ ഈ മാസം ബഹു. പ്രമോട്ടറച്ചന്മാരുടെ അധ്യക്ഷതയിൽ സമ്മേളിച്ച് അതിരൂപത കാറ്റക്കെറ്റിക്കൽ കൗൺസിലേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്ത് അവരുടെ പേര്, ഇടവക, ഫോൺ നമ്പർ, എന്നിവ ഫൊറോന പ്രമോട്ടർ അതിരൂപത വിശ്വാസപരിശീലന കേന്ദ്രത്തിൽ സെപ്റ്റംബർ 30 നുള്ളിൽ അറിയിക്കേണ്ടതാണ്.

**2. ജൂബിലി ആഘോഷം**

സാർവ്വത്രിക സഭ ജൂബിലി വർഷമായി പ്രഖ്യാപിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ സെപ്റ്റംബർ മാസത്തിലെ ഉചിതമായ ഒരു ദിവസം ഇടവകകളിൽ വിശ്വാസപരിശീലന യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ജൂബിലി അനുസ്മരണവും ആഘോഷവും നടത്തേണ്ടതാണ്.

**3. വിശ്വാസപരിശീലന ശുശ്രൂഷയുടെ അതിരൂപതതല ജൂബിലി ആഘോഷം: ഡിസംബർ മാസത്തിൽ**

സെപ്റ്റംബർ 21 ന് നിശ്ചയിച്ചിരുന്ന വിശ്വാസപരിശീലന ശുശ്രൂഷയുടെ അതിരൂപതതല ജൂബിലി ആഘോഷം ഡിസംബർ മാസത്തിലേക്ക് മാറ്റിയിരിക്കുന്നു. കൂടുതൽ വിവരങ്ങൾ അറിയിക്കുന്നതായിരിക്കും.

**4. പരിശീലന ക്യാമ്പ്**

ടാലന്റ് മിനിസ്ട്രി നേതൃത്വ പരിശീലന ക്യാമ്പുകൾ ഫൊറോന തലത്തിൽ ഈ മാസം നടക്കുന്നു.

**5. പ്രിൻസിപ്പൽസ് കോൺഫ്രൻസ്**

തിയതി: സെപ്റ്റംബർ 28, ഞായർ

സമയം: 02.00 PM 5PM

സ്ഥലം: ഡിബിസിഎൽസി

**6. അർദ്ധവാർഷിക പരീക്ഷകൾ**

ഒക്ടോബർ 5: I, III, V, VII, IX, XI 2pm - 4 pm

ഒക്ടോബർ 12: II, IV, VI, VIII, X, XII, ACC 2pm - 4 pm

**7. ആപ്റ്റിറ്റ്യൂഡ് പഠനവും പരീക്ഷയും**

വിശ്വാസപരിശീലകരെ വിശ്വാസവിഷയങ്ങളിൽ ആഴപ്പെടുത്താ

നുള്ള പരിശ്രമമാണല്ലോ ആപ്റ്റിറ്റ്യൂഡ് പരീക്ഷയും പഠനവും ഈ വർഷത്തെ പാഠപുസ്തകം: നിഖ്യാ കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസ പ്രമാണം: അർത്ഥവും അർത്ഥതലങ്ങളും (ആലുവ സെമിനാരി, 2025) എന്നതായിരിക്കും. വിശ്വാസപ്രമാണം ആഴത്തിൽ മനസ്സിലാകാൻ പരിശ്രമിക്കലാണ് ലക്ഷ്യം. സെപ്റ്റംബർ ആദ്യവാരം മുതൽ പുസ്തക വിതരണം ആരംഭിക്കുന്നതായിരിക്കും. 3 വർഷത്തേക്കാണ് ഈ പുസത്കം ഉദ്ദേശിച്ചിരിക്കുന്നത്.

ഈ വർഷത്തെ പഠനഭാഗം: മേൽപറഞ്ഞ പുസ്തകത്തിലെ 3, 4, 5, 6, 7 അധ്യായങ്ങളാണ്. (പേജ് നമ്പർ 48 മുതൽ 134 വരെ) അധ്യായം 3: സർവ്വശക്തനും പിതാവുമായ ഏകദൈവം, 4. ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും സ്രഷ്ടാവ്, 5. ദൈവത്തിന്റെ ഏകപുത്രനും.....6. സത്യദൈവത്തിൽ നിന്നുള്ള സത്യ ദൈവവും 7. പ്രപഞ്ചം സംവിധാനം ചെയ്യുകയും സൃഷ്ടിക്കുകയും ചെയ്ത ഈശോമിശിഹാ.

**8. ആപ്റ്റിറ്റ്യൂഡ് പഠനക്ലാസ്സുകൾ**

പഠനഭാഗങ്ങൾ വിശദീകരിക്കാൻ ഗൂഗിൾ മീറ്റിലും യുട്യൂബിൽ ലൈവ് ആയും ക്ലാസ്സുകൾ നടത്താൻ തീരുമാനിച്ചിരിക്കുന്നു. ക്ലാസ്സ് തിയതികൾ: സെപ്റ്റംബർ 16, 30, ഒക്ടോബർ 14, 28 നവംബർ 11, 25. സമയം 08.30 PM - 09.30 PM. അതിരൂപതയിലെ തന്നെ പ്രഗത്ഭരായ അച്ചന്മാർ നയിക്കുന്ന ഈ ക്ലാസ്സുകളിൽ എല്ലാ വിശ്വാസപരിശീലകരും പങ്കെടുക്കുകയും നന്നായി പഠിച്ച് പരീക്ഷക്ക് ഒരുങ്ങുകയും ചെയ്യുമല്ലോ.

**9. ഒക്ടോബർ മാസം**

ഒക്ടോബർ മാസം സാമൂഹിക പ്രതിബദ്ധതാ മാസമായി ഇടവക തലത്തിൽ ആചരിക്കുന്നു. വിഷയം: *ലഹരി വിമുക്ത കുടുംബവും യുവത്വവും.*

**III. സ്കൂൾ കാറ്റകിസം**

**1. അർദ്ധവാർഷിക പരീക്ഷ – സെപ്റ്റംബർ 26 വെള്ളി**

കാലത്ത് – I, III, V, VII, IX, XI

ഉച്ചകഴിഞ്ഞ് – II, IV, VI, VIII, X, XII

**2. സ്കൂൾ കാറ്റകിസം–മോറൽ സയൻസ് ഇൻചാർജുമാരുടെ മീറ്റിംഗ്**

ഓരോ സ്കൂളിലും കാറ്റകിസം – മോറൽ സയൻസ് ക്ലാസ്സുകളുടെ ചുമതല വഹിക്കുന്ന ഒരു അധ്യാപകൻ/അധ്യാപിക ഉണ്ടല്ലോ. അവരുടെ ഒരു മീറ്റിംഗ് സെപ്റ്റംബർ 11 –ാം തിയതി ഉച്ചക്ക് 2 മുതൽ

ഡി.ബി.സി.എൽ.സി.യിൽ വെച്ച് നടക്കുന്നു. എല്ലാ സ്കൂൾ കാറ്റകിസം മോറൽ സയൻസ് ഇൻചാർജുമാരും മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്. മീറ്റിംഗിനുശേഷം ചോദ്യപേപ്പറുകൾ കൊണ്ടുപോകാവുന്നതാണ്. ചോദ്യപേപ്പർ കൊണ്ടുപോകാൻ വരുന്നത് പ്രിൻസിപ്പൽ അല്ലാത്ത പക്ഷം വരുന്നവരുടെ കൈവശം പ്രിൻസിപ്പൽ ചുമതലപ്പെടുത്തുന്ന കത്ത് ഉണ്ടായിരിക്കേണ്ടതാണ്.

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ

**ഫാ. സനൽ മാളിയേക്കൽ**
അസി. ഡയറക്ടർ

# സെന്റ് മേരീസ് മൈനർ സെമിനാരി

**തിരുനാൾ ആഘോഷങ്ങൾ**

വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളും, അതിരൂപതയിലെ വൈദികരുടെ പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ/ രജത ജൂബിലിയും, അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാളും 2025 ഓഗസ്റ്റ് 4-ാം തിയതി തിങ്കളാഴ്ച കാച്ചേരി മഡോണനഗർ മൈനർ സെമിനാരിയിൽ വച്ച് ആഘോഷിച്ചു. രാവിലെ 10.30 ന് ജൂബിലി ആഘോഷി ക്കുന്ന വൈദികരോടൊപ്പം വിശുദ്ധ കുർബാനയും, സ്നേഹ വിരുന്നും, മീറ്റിംഗും ഉണ്ടായിരുന്നു. ജൂബിലി ആഘോഷിക്കുന്ന വൈദികർക്കും നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി പിതാവിനും ആശംസകൾ അർപ്പിച്ചു. ഉച്ചഭക്ഷണത്തിനു ശേഷം മൈനർ സെമിനാരിയിലെ സഹോദരങ്ങൾ 'ഇരുളറ' എന്ന നാടകം അവതരിപ്പിക്കുകയുണ്ടായി.

**ഏകദിന ഉല്ലാസയാത്ര**

ഓഗസ്റ്റ് 9, ശനിയാഴ്ച്ച മൈനർ സെമിനാരിയിലെ സഹോദരങ്ങൾ വിവിധ ഗ്രൂപ്പുകളായി ഏകദിന ഉല്ലാസയാത്ര നടത്തി.

**അഭിവന്ദ്യപിതാക്കന്മാരുടെ ദിവ്യബലിയർപ്പണം**

2025 ഓഗസ്റ്റ് 11, തിങ്കളാഴ്ച, അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവും, 12-ാം തിയതി ചൊവ്വാഴ്ച, അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

**വിയാനി – നാടക മത്സരം**

വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് ഓഗസ്റ്റ് 12-ാം തിയതി, ഗ്രൂപ്പ് അടിസ്ഥാനത്തിൽ വിയാനിയുടെ ജീവിതസംഭവങ്ങൾ അടിസ്ഥാനമാക്കി നാടക മത്സരം ഉണ്ടായിരുന്നു.

**ബേഴ്സ് സ്ഥാപിച്ചവർ:**

1. ശ്രീ തോമാസ് വി. സി., വടക്കൻ ഹൗസ്, പറപ്പൂർ
2. ശ്രീ ജെയിംസ് സി.റ്റി. & ശ്രീമതി ഷോളി ജെയിംസ്, ചിറ്റിലപിള്ളി ഹൗസ്, പറപ്പൂർ
3. ശ്രീ രാജൻ കെ. ഒ., കിടങ്ങൻ ഹൗസ്, പറപ്പൂർ
4. ശ്രീ ഫ്രാൻസീസ് എം. എൽ., മുത്തിപ്പീടിക ഹൗസ്, പെരിഞ്ചേരി.
5. ശ്രീമതി ബീന ആന്റോ, കുരിശിങ്കൽ ഹൗസ്, എൽതുരുത്ത്.
6. ശ്രീമതി പ്രിലി തോമസ്, ചുങ്കത്ത് ഹൗസ്, തൈക്കാട്ടുശ്ശേരി.
7. ശ്രീമതി കവിത ടി. എ., പൂങ്കുന്നം.

എല്ലാ ഉപകാരികളെയും സ്നേഹപൂർവം ഓർക്കുന്നു. അവരുടെ ജീവിതം ദൈവത്തിന്റെ അനുഗ്രഹം നിറഞ്ഞതായിരിക്കട്ടെ.

**ഫാ. ജോയ് പുത്തൂർ**
റെക്ടർ

# മേരിമാതാ മേജർ സെമിനാരി

**മാസധ്യാനം**

ജൂലൈ മാസത്തെ മാസധ്യാനം 11, 12 തീയതികളിൽ നടന്നു. ബഹു. സാജു ഇലഞ്ഞിയിൽ എം.എസ്.ടി. അച്ചനാണ് മാസധ്യാനം നയിച്ചത്.

**ആന്തരിക സൗഖ്യത്തിനായുള്ള ക്ലാസ്സ്**

ജൂലൈ 11,12 തീയതികളിൽ ദൈവശാസ്ത്ര ഒന്നാംവർഷ വൈദിക വിദ്യാർഥികൾക്ക് ബഹുമാനപ്പെട്ട ടോബി ജോസഫ് എസ്. ജെ. അച്ചന്റെ നേതൃത്വത്തിൽ ആന്തരിക സൗഖ്യത്തിനായുള്ള പരിശീലനം നൽകി. 11-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്ക് രണ്ടു മണി

മുതൽ 12-ാം തീയതി ശനിയാഴ്ച അഞ്ചുമണിവരെ ആയിരുന്നു പരിശീലന ക്ലാസ്സ്.

**സെമിനാരിയിലെ ഉപകാരികളുടെ സമ്മേളനം**

സെമിനാരിയെ സാമ്പത്തികമായി സഹായിക്കുന്ന ഉപകാരികളുടെ സമ്മേളനം ജൂലൈ 19ന് രാവിലെ 9.30 മുതൽ വൈകീട്ട് നാലു മണിവരെ നടത്തുകയുണ്ടായി. രാവിലെ 10.00ന് ആരംഭിച്ച സമ്മേളനത്തിൽ തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് അധ്യക്ഷത വഹിച്ചു. അതിനുശേഷം 11.30ന് തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ കാർമികത്വത്തിൽ ഉപകാരികളുമൊന്നിച്ച് വിശുദ്ധ ബലി യർപ്പിച്ചു. തുടർന്ന് 12.45ന് ഉച്ചഭക്ഷണം കഴിച്ച്, 2 മണിയോടു കൂടി എക്സിക്യൂട്ടീവ് അംഗങ്ങളുടെ സമ്മേളനം നടത്തി.

**വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഘോഷം**

ആഗസ്റ്റ് നാലാം തീയതി തിങ്കളാഴ്ച സെമിനാരിയിൽ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഘോഷിച്ചു. തിരുനാളിന്റെ ഒരുക്കമായുള്ള പ്രാർത്ഥനാശുശ്രൂഷകൾ ആഗസ്റ്റ് മൂന്നാം തീയതി ഞായറാഴ്ച വൈകിട്ട് സെമിനാരി റെക്ടർ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ ചാലക്കൽ അച്ചന്റെ കാർമികത്വത്തിൽ നടത്തി. ബഹുമാനപ്പെട്ട ഡേവിസ് കാവുങ്കൽ അച്ചൻ സന്ദേശം നൽകി. തിരുനാൾ ദിവസം രാവിലെ 6.30ന് മുളയം ഇടവകവികാരി ബഹുമാനപ്പെട്ട ഡഗ്ലസ് ചെറുവത്തൂർ അച്ചന്റെ മുഖ്യകാർമികത്വത്തിൽ ആഘോഷമായ വിശുദ്ധ കുർബാന അർപ്പിച്ചു. അന്നേദിവസം വൈകിട്ട് ദൈവശാസ്ത്ര വിഭാഗം ഊട്ടുമുറിയിൽവച്ച് എല്ലാ ബഹുമാനപ്പെട്ട വൈദികർക്കും സെമിനാരിസമൂഹം ആശംസകളും പ്രാർത്ഥനകളും നേർന്നു.

**ഒന്നാംവർഷ തത്വശാസ്ത്ര വൈദികവിദ്യാർത്ഥികളുടെ നാടകം**

ആഗസ്റ്റ് 5-ാം തീയതി വൈകീട്ട് ഏഴുമണിക്ക് ഒന്നാംവർഷ തത്വശാസ്ത്ര വൈദികവിദ്യാർഥികൾ ബഹുമാനപ്പെട്ട ടൈസൺ അച്ചന്റെ നേതൃത്വത്തിൽ 'പൊറുതി' എന്ന് പേരിട്ട മനോഹരമായ ഒരു നാടകം അവതരിപ്പിച്ചു. ഒരു പുരോഹിതന്റെ ജീവിതത്തിൽ അനുഭവിക്കേണ്ടിവരുന്ന വെല്ലുവിളികൾ ആയിരുന്നു പ്രധാന വിഷയം.

**പൗരോഹിത്യ രജതജൂബിലി ആഘോഷം**

ആഗസ്റ്റ് 9-ാം തീയതി സെമിനാരിയിലെ ബഹുമാനപ്പെട്ട റോബി കൂന്താനിയിൽ അച്ചന്റെയും, ചാക്കോ നടക്കെവെളിയിൽ അച്ചന്റെയും, ഫ്രീജോ പാറക്കൽ അച്ചന്റെയും പൗരോഹിത്യസ്വീകരണത്തിന്റെ രജതജൂബിലി ആഘോഷിച്ചു. വൈകീട്ട് 6.30ന് ബഹുമാന

പ്പെട്ട ചാക്കോ നടക്കേവെളിയിൽ അച്ചന്റെ മുഖ്യ ധാർമികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. ബഹുമാനപ്പെട്ട റോബി അച്ചനും ഫ്രീജോ അച്ചനും സഹകാർമികരായിരുന്നു. വിശുദ്ധ കുർബാനക്ക് ശേഷം ബഹുമാനപ്പെട്ട പോൾ പുളിക്കൻ അച്ചൻ മൂന്നുപേർക്കും ആശംസകൾ നേർന്ന് സംസാരിച്ചു. തുടർന്ന് തൃശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് ജൂബിലി ആഘോഷിക്കുന്ന അച്ചന്മാർക്ക് ആശംസകൾ നേർന്ന് സംസാരിച്ചു.

**ബേഴ്സ് സ്ഥാപിച്ചവർ**

**Individual Patron Membership**

1. മേരി ഫ്രാൻസിസ്, C/o ഓമന പൗലോസ്, കുണ്ടുകുളം ഹൗസ്, ചിറ്റിലപ്പിള്ളി പി. ഒ., തൃശ്ശൂർ, 680 551.
2. റോയി സാമുവൽ (സിജി റോയ്), പി. ഒ. ബോക്സ് 1062, 19 ആറ്റുമുഖ നഗർ, കോയമ്പത്തൂർ റോഡ്, പൊള്ളാച്ചി, 642 001.

**Individual Benefactor Membership**

1. ബേബി പി.കെ. & റീന ബേബി, പുറത്തൂർ ഹൗസ്, പറപ്പൂർ, തൃശ്ശൂർ, 680 552.
2. സണ്ണി പി.പി & ഗ്രേസി സണ്ണി, പാറശ്ശേരി ഹൗസ്, രാജീവ്ഗാന്ധി നഗർ, മണ്ണുത്തി, തൃശ്ശൂർ, 680 651.
3. ഈ. ജെ. ഡി ദാസ്, എടക്കളത്തൂർ ഹൗസ്, പാവറട്ടി, തൃശ്ശൂർ, 680 507.

**Individual Well Wisher Membership**

1. സോണി ദേവസി, കാട്ടുപറമ്പിൽ ഹൗസ്, (കാർമിൽ മിനിസ്ട്രി), P.O. മണ്ണുത്തി, തൃശ്ശൂർ, 680 651.

**Institutional Well Wisher Membership**

1. സിസ്റ്റർ സുപീരിയർ ജനറൽ, ഹോളി സ്പിരിറ്റ് ജനറലേറ്റ്, മണ്ണുത്തി, തൃശ്ശൂർ, 680 651.

**ഫാ. സെബാസ്ററ്യൻ ചാലയ്ക്കൽ**
റെക്ടർ

# INSTITUTE OF THEOLOGY
## TRICHUR D B C L C
**(Phone : 0487- 2333245, Mob : 9188131341)**

**1. B.A. in Theology and Religious Studies (Three Years)**

ഫസ്റ്റ് സെമസ്റ്ററിലെ Theology of Liturgy of the Hours and Liturgical Year (Rev. Dr. Xavier Christi OFM Cap), Ecumenism (Rev. Dr.Lawrance Thaikkattil), Introduction to Canon Law (Rev. Dr. Daijo Poruthur) എന്നീ ക്ലാസ്സുകൾ നടന്നുകൊണ്ടിരിക്കുന്നു.

**2. Certificate Course in Theology (One Year)**

ആഗസ്റ്റ് 03, 17 തിയ്യതികളിൽ ധാർമ്മികദൈവശാസ്ത്രത്തിനൊരാമുഖം (Rev. Dr. Varghese Ukkan), കേരളത്തിലെ ക്രൈസ്തവസഭകൾ (Rev. Dr. Demin Tharayil) എന്ന വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**3. Advanced Certificate Course in Theology (Six Months)**

സന്യാസിനികൾക്കായി ആറ് മാസത്തെ Regular Theology Course - മേരിമാതാ സെമിനാരിയിൽ നടന്നു കൊണ്ടിരിക്കുന്നു.

**4. Basic Bible Course (BBC)**

ജൂലായ് മാസം Rev. Dr. Davis Panakkal CMI ക്ലാസ്സുകൾ നയിച്ചു.

**5. Certificate Course on Sacred Liturgy**

ആഗസ്റ്റ് 03, 17 എന്ന തിയ്യതികളിൽ വിശുദ്ധകുർബാനയുടെ ദൈവശാസ്ത്രം (Rev. Dr. Sebastian Chalackal), ആരാധനക്രമവിശ്വാസപരിശീലനവും ആദ്ധ്യാത്മികതയും (Rev. Dr. Sajan Pindiyan) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**6. Certificate Course On the Life in Holy Spirit**

ആഗസ്റ്റ് 03, 17 എന്ന തിയ്യതികളിൽ പരിശുദ്ധാത്മാവ് വി. പൗലോസിന്റെ ലേഖനങ്ങളിൽ (Mar Tony Neelankavil), പരിശുദ്ധാത്മാവ് യോഹന്നാന്റെ സുവിശേഷത്തിലും, ലേഖനങ്ങളിലും, വെളിപാടിലും (Rev. Fr. Linson Thattil) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**7. Catechism of the Catholic Church (CCC)**

ആഗസ്റ്റ് 24, 31 Jesus Christ: The Incarnation & Redemption

(Rev. Dr. Sanal Thomas Maliyeckal), The Holy Spirit, The Church, & Mary (Rev. Dr. Saijo Thaikkattil) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**8. Certificate Course on Guidance and Counselling**

ആഗസ്റ്റ് 10, 24 എന്ന തിയ്യതികളിൽ General Psychology & Personality Theories (Rev. Dr. Alex Marottickal), എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു.

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ

**ഫാ. സനൽ മാളിയേക്കൽ**
ഡീൻ & റെജിസ്ട്രാർ

## എക്സൽ അക്കാദമി

**Civil Service Course (സിവിൽ സർവീസ് കോഴ്സ്)**

സിവിൽ സർവീസ് കോച്ചിങ്ങ് വീക്കെൻഡ് ബാച്ചുകൾ/ദിവസ കോഴ്സുകൾ ഉടനെ ആരംഭിക്കുന്നു. എല്ലാ ശനിയാഴ്ചകളിലും പൊതുഅവധി ദിവസങ്ങളിലും എക്സൽ അക്കാദമിയിൽ ആയിരിക്കും ക്ലാസുകൾ നടക്കുക. പ്ലസ് ടു, ഡിഗ്രി, പി ജി വിദ്യാർത്ഥികൾക്ക് അഡ്മിഷൻ എടുക്കാവുന്നതാണ്. പ്രധാനമായും 4 വർഷത്തെ ഡിഗ്രി കോഴ്സ് വിദ്യാർത്ഥികൾക്ക് ഡിഗ്രി പഠനത്തോടൊപ്പം സിവിൽ സർവീസ് പരീക്ഷക്ക്വേണ്ടിയുള്ള ഒരുക്കങ്ങളും പൂർത്തീകരിക്കാവുന്ന രീതിയിലാണ് ക്ലാസുകൾ തയ്യാറാക്കിയിരിക്കുന്നത്. താല്പര്യമുള്ള വിദ്യാർത്ഥികൾ എക്സൽ ഓഫീസിൽ നേരിട്ടോ ഗൂഗിൾ ഫോം വഴിയോ രജിസ്റ്റർ ചെയ്യേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്ന 25 പേർക്ക് പരിശീലനം നൽകുന്നു. മാസം 1000/2500 രൂപ. ബഹു.വികാരി അച്ചന്മാരുടെ അഭ്യർത്ഥനപ്രകാരം യോഗ്യരായ വിദ്യാർഥികൾക്ക് ഭാഗികമായോ പൂർണമായോ ഫീ ഇളവ് നൽകുന്നതാണ്. രണ്ടാം ശനിയാഴ്ചകളിലും പൊതുഅവധി ദിവസങ്ങളിലും 10–4 വരെ ഡി. ബി. സി. എൽ. സി.യിലാണ് ക്ലാസുകൾ. ബഹു വികാരിയച്ചൻമാർ, ഏറെ പ്രയോജനപ്രദമായ ഈ പരിശീലനത്തിലേക്ക് വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുമല്ലോ പ്രവേശനം സെപ്റ്റംബർ 15 വരെ.

**Excel Foundation Course**

അതിരൂപതയിലെ 8, 9, 10, 11, ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന്, ഉയർന്ന പരീക്ഷകൾക്ക് അടിസ്ഥാനമിടുന്നു. ഒരു വർഷത്തെ തുടർ പഠന പരിപാടി (ഫൗണ്ടേഷൻ കോഴ്സ്) എക്സൽ അക്കാദമിയിൽ സെപ്റ്റംബർ മാസത്തിൽ ആരംഭിക്കുന്നു.

അതിന് ഒരുക്കമായി അഭിരുചി പരീക്ഷ നടത്തുന്നതാണ്. താല്പര്യമുള്ള വിദ്യാർത്ഥികൾ എക്സൽ ഓഫീസിൽ നേരിട്ടോ ഗൂഗിൾ ഫോം വഴിയോ രജിസ്റ്റർ ചെയ്യേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്ന 100 പേർക്ക് പരിശീലനം നൽകുന്നു. വാർഷിക ഫീസ് 5000 രൂപ. ബഹു.വികാരി അച്ചന്മാരുടെ അഭ്യർത്ഥനപ്രകാരം യോഗ്യരായ വിദ്യാർഥികൾക്ക് ഭാഗികമായോ പൂർണമായോ ഫീ ഇളവ് നൽകുന്നതാണ്. രണ്ടാം ശനിയാഴ്ചകളിലും പൊതുഅവധി ദിവസങ്ങളിലും 10–4 വരെ ഡി. ബി. സി. എൽ. സി.യിലാണ് ക്ലാസുകൾ. ബഹു വികാരിയച്ചൻമാർ, ഏറെ പ്രയോജനപ്രദമായ ഈ പരിശീലനത്തിലേക്ക് വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുമല്ലോ പ്രവേശനം സെപ്റ്റംബർ 15 വരെ.

എക്സൽ അക്കാദമിയുടെ ഒരു സവിശേഷത എല്ലാ കോഴ്സുകൾക്കും വളരെ പരിയചയ സമ്പത്തുള്ള, സർവ്വകലാശാലകളിൽ നിന്നും കോളേജുകളിൽ നിന്നും സിവിൽ സർവ്വീസിൽ നിന്നും വിരമിച്ച വിദഗ്ദരാണ് ക്ളാസ്സുകൾ നയിക്കുക

**Coaching Centre for Minority Youth**

(ന്യൂനപക്ഷവകുപ്പ് PSC സൗജന്യ പരിശീലനം)

കേരള സർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ PSC സൗജന്യ പരിശീലനകോഴ്സിന്റെ പുതിയ ബാച്ചിന്റെ ക്ലാസ്സുകൾ ജൂലായ് 12 മുതൽ 80 തിലധികം അഡ്മിഷനോടെ വിജയകരമായി മുന്നോട്ട് പോകുന്നു. ക്ലാസ്സ് സമയം രാവിലെ 10.30 മുതൽ 4 മണിവരെ, സർക്കാരിന്റെ തെരഞ്ഞെടുത്ത അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു. ഇനിയം അഡ്മിഷൻ എടുക്കാൻ താത്പര്യമുള്ളവർ സെപ്റ്റംബർ 15 നുള്ളിൽ നൽകുക.

**K - TET ( Kerala Teachers Eligibility Test )**

K - TET പരീക്ഷക്കുവേണ്ടിയുള്ള കാറ്റഗറി 1, 2, 3, 4 കോച്ചിങ്ങിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു. അഡ്മിഷൻ സെപ്റ്റംബർ 15 വരെ.

കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

**Contact:** Excel Academy: 9744941585

Prof. Dr. Mani K Peter- Academic Head: 9847235070

Ashik Thomas - Administrative & Technical Support: 7907326322

**ഡോ. മാണി കെ. പീറ്റർ**
അക്കാദമിക് ഹെഡ്

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**മെഗാ ഇ.എം. സോണോയും എക്സാംതലോനും വിജയകരമായി പൂർത്തിയായി**

മെഗാ ഇ.എം. സോണോ 2025 എന്ന പേരിൽ ഇന്ത്യയിൽ ആദ്യമായി നൂറിൽ പരം ഡോക്ടർമാർക്ക് ഒരേ സമയം അൾട്രാസൗണ്ടിൽ ലൈവ് ഹാൻഡ്സ്-ഓൺ പരിശീലനം നൽകുന്ന പരിപാടി വിജയകരമായി നടന്നു. എമർജൻസി മെഡിസിൻ മേഖലക്ക് പുറമെ വിവിധ വിഭാഗങ്ങളിലുള്ള ഡോക്ടർമാർ പങ്കെടുത്ത ഈ വർക്ക്ഷോപ്പ് രോഗനിർണ്ണയത്തിനുള്ള നിർണ്ണായകവും അടിയന്തിരവുമായ കഴിവുകൾ മെച്ചപ്പെടുത്തുന്നതിൽ ഏറെ സഹായകമായി. പരിപാടിയുടെ ഉദ്ഘാടനം ഡൽഹി എയിംസിലെ എമർജൻസി വിഭാഗം പ്രൊഫസറും, ലോകാരോഗ്യസംഘടനയുടെ കൊളാബ്രേറ്റിങ്ങ് സെന്റർ ഫോർ എമർജൻസി ആന്റ് ട്രോമ-യുടെ സൗത്ത്-ഈസ്റ്റ് ഏഷ്യ റീജിയന്റെ ഡയറക്ടറുമായ ഡോ. സഞ്ജീവ് ഭോയി നിർവഹിച്ചു. ഡോ. ഡിയോ മാത്യുവിന്റെ നേതൃത്വത്തിൽ അവസാന വർഷ എം.ഡി. എമർജൻസി മെഡിക്കൽ വിദ്യാർത്ഥികൾക്കായി മെഗാ എക്സാംതലോൺ എന്ന പരീക്ഷാ അനുകരണ പരിപാടിയും കേരളത്തിലെ എമർജൻസി മെഡിസിൻ മേഖലയിലുള്ള നാൽപ്പതിലധികം ഡോക്ടർമാർ പങ്കെടുത്ത അസസ്സേർസ് ട്രെയ്നിങ്ങ് പ്രോഗ്രാം 2.0 എന്ന ഫാക്കൾട്ടി ഡെവലപ്പ്മെന്റ് സെഷനും നടന്നു.

**കെമിക്കൽ ബയോളജിയിൽ നാഷണൽ സിമ്പോസിയം സംഘടിപ്പിച്ചു.**

കെമിക്കൽ ബയോളജി ആന്റ് ഡ്രഗ്ഗ് ഡിസൈൻ എന്ന വിഷയത്തെ ആസ്പദമാക്കി ജൂബിലി ഗവേഷണകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നാഷണൽ സിമ്പോസിയം സംഘടിപ്പിച്ചു. മൂന്ന് സംസ്ഥാനങ്ങളിൽ നിന്നായി തൊണ്ണൂറോളം പേർ ഇതിൽ പങ്കെടുത്തു. ആധുനിക കോശ എഞ്ചിനീയറിങ്ങിലൂടെ കാൻസറിനെതിരായി മരുന്നു വികസിപ്പിക്കുന്നതിനെപ്പറ്റി പരാമർശിച്ചുകൊണ്ട് ഡോ. ടി. ആർ. സന്തോഷ്കുമാർ (ആർ.ജി.സി.ബി. തിരുവനന്തപുരം) പ്രബന്ധം അവതരിപ്പിച്ചു. മൾട്ടി ഡ്രഗ്ഗ് റസിസ്റ്റന്റ് ബാക്ടീരിയക്കെതിരെ മരുന്ന് ഗവേഷണത്തിന് സഹായിക്കുന്ന വിവിധതരം കമ്പ്യൂട്ടർ അധിഷ്ഠിതമായ പഠനങ്ങളെപ്പറ്റി ഡോ. സിനോഷ് സ്കറിയാച്ചൻ (സെന്റ് പയസ് കോളേജ്, കാസർക്കോട്) പ്രതിപാദിച്ചു. കമ്പ്യൂട്ടേഷണൽ

കെമിസ്ട്രിയും ബയോളജിയും എങ്ങനെ മരുന്ന് വികസിപ്പിക്കാൻ ഉപയോഗിക്കാമെന്ന് ഡോ. സുസ്മിത (കാലിക്കറ്റ് യൂണിവേഴ്സിറ്റി) വിശദീകരിച്ചു. ഡോ. ജിതേഷ് കോട്ടൂർ (വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം), ഡോ. രമ്യ ചന്ദ്രൻ (ജൂബിലി, തൃശ്ശൂർ) എന്നിവരും പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

സിമ്പോസിയത്തിൽ അവതരിപ്പിച്ച നാൽപ്പത്തഞ്ച് പ്രബന്ധങ്ങളുടെ സംക്ഷിപ്തരൂപം ISBN നമ്പറുള്ള പുസ്തകമായി പ്രസിദ്ധീകരിച്ചതിന്റെ പ്രകാശനം അസി. ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര റിസേർച്ച് ഡയറക്ടർ ഡോ. ഡി. എം. വാസുദേവന് നൽകി നിർവ്വഹിച്ചു.

**പീഡിയാട്രിക് ഇ.സി.ജി. ഹാൻഡ്സ് ഓൺ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.**

ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സിന്റെ പ്രസിഡൻഷ്യൽ ആക്ഷൻ പ്ലാൻ 2025-ന്റെ ഭാഗമായി പീഡിയാട്രിക് വിഭാഗത്തിന്റെ നേതൃത്വത്തിൽ പീഡിയാട്രിക് ഇ.സി.ജി. ഹാൻഡ്സ് ഓൺ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സമ്മേളനം ഉദ്ഘാടനം ചെയ്തു.

**കൗമാരക്കാരുടെ സ്വഭാവവൈകല്യങ്ങളെക്കുറിച്ചുള്ള മെഡിക്കൽ കോൺഫറൻസ്**

സൈക്യാട്രി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കൗമാരപ്രായക്കാരുടെ സ്വഭാവവൈകല്യങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി മെഡിക്കൽ കോൺഫറൻസ് സംഘടിപ്പിച്ചു. ഔപചാരിക ഉദ്ഘാടനം കേരള ആരോഗ്യസർവ്വകലാശാല റിസേർച്ച് ഡീൻ ഡോ. കെ. എസ്. ഷാജി നിർവ്വഹിച്ചു. കൗമാരക്കാരിലെ സ്വഭാവവൈകല്യങ്ങൾ, ആത്മഹത്യാപ്രവണത, അക്രമവാസന, സ്കൂളിൽ പോകാനുള്ള വിമുഖത എന്നീ വിഷയങ്ങളെ കേന്ദ്രീകരിച്ച് ക്ലാസുകൾ നടന്നു.

**ഓണാട്ടുകര എള്ളെണ്ണക്ക് ജൂബിലിയിൽ ഗവേഷണം**

ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾക്കൊണ്ട് പാറ്റന്റ് ലഭിച്ചിട്ടുള്ള ഔഷധഗുണമുള്ള തെക്കൻ കേരളത്തിലെ ഓണാട്ടുകര എള്ളെണ്ണയെപ്പറ്റി തൃശ്ശൂരിലെ ജൂബിലി ഗവേഷണകേന്ദ്രത്തിൽ തുടർപഠനങ്ങൾ നടത്തും. ഭൗമസൂചിക അടിസ്ഥാനത്തിൽ മൂന്ന് വർഷത്തോളം നടത്തിയ പരിശ്രമഫലമായി 2022ൽ ഭൗതീക സ്വത്തവകാശ നിയമപ്രകാരം ഓണാട്ടുകര എള്ളെണ്ണക്ക് പാറ്റന്റ് ലഭിച്ചു. പതിനെട്ടാം നൂറ്റാണ്ട് മുതൽ ആയുർവേദ ചികിത്സയും തുടർന്ന് ഗുണമേന്മ തിരിച്ചറിഞ്ഞ് പലവിധത്തിലും ഇത് ഉപയോഗിച്ചുവരു

ന്നുണ്ട്. ഒരു പോഷകാഹാരമായും ഭക്ഷണപൂരകമായും ഉപയോഗിക്കാൻ സാധിക്കുന്ന വിധത്തിൽ ഗുളികരൂപത്തിൽ വിൽപ്പനയ്ക്കെത്തിക്കാനാണ് ഓണാട്ടുകര വികസന ഏജൻസി പരിശ്രമിക്കുന്നത്.

ഓണാട്ടുകര എള്ളെണ്ണ ഉപയോഗിക്കുമ്പോൾ വിഷലിപ്തതയുണ്ടോ, ഏത് അളവിൽ മനുഷ്യ ഉപയോഗത്തിന് സാധിക്കും എന്നിവയാണ് ഗവേഷണ കേന്ദ്രത്തിൽ പഠനവിധേയമാക്കുക. സംസ്ഥാന കൃഷിമന്ത്രി അദ്ധ്യക്ഷനായ ഓണാട്ടുകര വികസന ഏജൻസി ഗവേഷണകേന്ദ്രത്തെ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തി. മുഴുവൻ ചിലവും ഏജൻസി വഹിക്കും. വൈസ് ചെയർമാൻ ശ്രീ. എൻ. രവീന്ദ്രൻ ഇത് സംബന്ധിച്ച ഉത്തരവ് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയന് കൈമാറി. ഏജൻസി ചീഫ് ഡവലപ്മെന്റ് ഓഫീസർ ശ്രീ. വി. ആർ. വിനീഷ് ഈ പഠനത്തിന്റെ ആവശ്യകത വിവരിച്ചു. ആദ്യം പരീക്ഷണശാലയിൽ ലഭ്യമായ മനുഷ്യശരീരകോശങ്ങളിലും, തുടർന്ന് എലികളിൽ മൂന്ന് ഘട്ടമായും പഠനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുതെന്ന് ഈ പഠനത്തിന് നേതൃത്വം നൽകുന്ന ഡോ. ദിലീപ് വിജയൻ വിശദീകരിച്ചു.

**സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് നടത്തി**

ചേറൂരുള്ള ജൂബിലി ആയുർവ്വേദ ആശുപത്രിയിൽ വച്ച് സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പും മരുന്ന് വിതരണവും നടത്തി. ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് മാനേജിങ്ങ് ഡയറക്ടറും സി.ഇ.ഒ.-യുമായ ഡോ. പോൾ തോമസ് ക്യാമ്പിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. സിന്റോ കാരേപറമ്പൻ അധ്യക്ഷത വഹിച്ചു. കേരള കാർഷിക സർവ്വകലാശാലയുടെ ഓണററി ഡോക്ടറേറ്റ് ലഭിച്ച ഡോ. പോൾ തോമസിനെ ചടങ്ങിൽ ആദരിച്ചു.

**ലോക പ്ലാസ്റ്റിക്ക് സർജറി ദിനം ആചരിച്ചു**

പ്ലാസ്റ്റിക്ക് സർജറി-തീപൊള്ളൽ വിഭാഗവും, ജൂബിലിയിലെ ഐ.എം.എ. ബ്രാഞ്ചും കൈരളി പ്ലാസ്റ്റിക്ക് അസോസിയേഷനും സംയുക്തമായി ജൂബിലിയിൽ പ്ലാസ്റ്റിക്ക് സർജറി ദിനം ആചരിച്ചു. ബോധവത്കരണത്തിലൂടെ സമൂഹത്തെ ശക്തിപ്പെടുത്തുക എന്നതാണ് ദിനാചരണത്തിന്റെ ലക്ഷ്യമെന്ന് സംഘാടകർ അറിയിച്ചു. പ്ലാസ്റ്റിക്ക് സർജറി-തീപൊള്ളൽ വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. ഹേമങ്ങ് അരവിന്ദ്കുമാർ സാങ്വി നന്ദി പറഞ്ഞു.

**ദേശീയ അലുമിനി ശില്പശാല**

ജൂബിലി കോളേജ് ഓഫ് നേഴ്സിങ്ങിൽ നൂതന നേഴ്സിങ്ങ്

സാധ്യതകൾ എന്ന വിഷയത്തെ സംബന്ധിച്ച് അലുമിനി കൂട്ടായ്മ ഏകദിന അന്തർദേശീയ ശില്പശാല നടത്തി. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ശില്പശാല ഉദ്ഘാടനം ചെയ്തു.

**ജൂബിലിക്ക് കേരളത്തിലെ ഏറ്റവും ഉയർന്ന സ്കോറും, ഗ്രേഡും**

കേരള ആരോഗ്യ സർവ്വകലാശാല നടത്തിവരുന്ന ക്വാളിറ്റി അഷ്വറൻസ് സിസ്റ്റം ക്രഡിറ്റേഷനിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഏറ്റവും ഉയർന്ന റാങ്കായ എ പ്ലസ് ഗ്രേഡ് കരസ്ഥമാക്കി. കോളേജിന്റെ പ്രവർത്തനങ്ങളും ഗുണമേന്മയും പഠനനിലവാരത്തിലുള്ള വളർച്ച, കലാലയത്തിന്റെ ഭൗതീക സാഹചര്യങ്ങൾ എന്നിവ വിലയിരുത്തിയതിനുശേഷമാണ് കലാലയം ഉയർന്ന ഗ്രേഡിന് അർഹമായത്.

**രണ്ട് കോടി രൂപയുടെ പുതിയ ഗവേഷണ പദ്ധതികൾ**

കേന്ദ്രസർക്കാർ ഗവേഷണ ഏജൻസികളുടെ സാമ്പത്തിക സഹായത്തോടെ 2.12 കോടി രൂപയുടെ നാല് പുതിയ ഗവേഷണ പദ്ധതികൾക്ക് തുടക്കം കുറിച്ചു. ഐ.സി.എം.ആർ., ഡി.ബി.ടി., സി.സി.ആർ.എ.എസ്., ആയുഷ് എന്നിവ തിരഞ്ഞെടുത്ത പദ്ധതികൾ ഗവേഷണ ടീമിന് അനുമതിപത്രം കൈമാറി തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. ഡോ. രാധിക കണ്ണൻ (കമ്മ്യൂണിറ്റി മെഡിസിൻ) ഡോ. വിദ്യ ആർ. നായർ, ഡോ. അപർണ രാജീവ്, ഡോ. ദിലീപ് വിജയൻ (മൂവരും ഗവേഷണവിഭാഗം) എന്നിവർ പഠനത്തിന് നേതൃത്വം നൽകും. ഹൃദ്രോഗം, ബാക്റ്റീരിയക്ക് എതിരായ ആയുർവ്വേദ മരുന്നുകൾ, കുട്ടികളിലെ കോളിക് രോഗം, ആയുർവ്വേദത്തിൽ പ്രതിപാദിക്കുന്ന വ്യത്യസ്ത മനുഷ്യപ്രകൃതിയുടെ ജനിതക ഘടന എന്നിവയാണ് പഠനവിഷയങ്ങൾ. ഗവേഷണകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന പരിപാടിയിൽ റിസേർച്ച് ഡയറക്ടർ ഡോ. ഡി. എം. വാസുദേവൻ ആമുഖ പ്രഭാഷണം നടത്തി.

**സൗജന്യ ഇലക്ട്രിക് ബഗ്ഗി സർവ്വീസ്: മാറുന്ന മെഡിക്കൽ ഹോസ്പിറ്റാലിറ്റി മാതൃക**

രോഗികളുടെ സൗകര്യത്തിനായി ആശുപത്രി പരിചരണത്തിൽ പുതിയൊരു സേവനം ആരംഭിച്ചു. ആശുപത്രിയിലെ വിവിധ വിഭാഗങ്ങളിലേക്കുള്ള യാത്ര എളുപ്പമാക്കുന്നതിനായി സൗജന്യ ഇലക്ട്രിക് ബഗ്ഗി സർവ്വീസ് ആരംഭിച്ചിരിക്കുന്നു. വയോജനങ്ങൾ, നടക്കാൻ ബുദ്ധിമുട്ടുള്ളവർ, ഗർഭിണികൾ, വൈകല്യങ്ങളുള്ളവർ എന്നിവർക്കായി പ്രത്യേകമായി രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ സേവനം, ആശുപത്രിയിൽ സഞ്ചരിക്കാൻ ബുദ്ധിമുട്ട് അനുഭവിക്കു

ന്നവർക്ക് വലിയ ആശ്വാസമാകും. ഈ സൗകര്യം ആവശ്യക്കാരുടെ അഭ്യർത്ഥനപ്രകാരമാണ് ആശുപത്രി ഒരുക്കിയിരിക്കുന്നത്. താക്കോൽ കൈമാറ്റ ചടങ്ങ് ആശുപത്രി മൈതാനത്തിൽ നടന്നു. ട്രസ്റ്റിന്റെ ചെയർമാനും തൃശ്ശൂർ അതിരൂപതയുടെ ആർച്ച്ബിഷപ്പുമായ മാർ ആൻഡ്രൂസ് താഴത്ത്, ഇലക്ട്രിക് ബഗ്ഗി ആശീർവദിച്ചു.

**നേഴ്സിങ്ങ് കോളേജിന് പുതിയ പ്രിൻസിപ്പാൾ**

പന്ത്രണ്ട് വർഷവും പത്ത് മാസത്തേയും സ്തുത്യർഹമായ സേവനത്തിനുശേഷം ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജിൽ നിന്ന് വിരമിക്കുന്ന പ്രിൻസിപ്പാൾ ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈക്ക് ജൂബിലി കുടുംബാംഗങ്ങൾ ഊഷ്മളമായ യാത്രായയപ്പ് നൽകി. പുതിയ പ്രിൻസിപ്പാളായി ചാർജ്ജെടുത്ത ഡോ. സി. ജൂഡി എസ്. ഐ.സി.യെ ഹൃദ്യമായി സ്വാഗതം ചെയ്തു.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ഓഫറിങ്ങ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- മൊണാർക്ക് കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശൂർ
- ഇ. പി. ഫ്രാൻസിസ്, എലുവത്തിങ്കൽ ഹൗസ്, ചൊവ്വൂർ, തൃശ്ശൂർ
- വൈ.എം.സി.എ., തൃശ്ശൂർ
- വെനസ്ഡേ ക്ലബ്, എറണാകുളം

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- കുഞ്ഞച്ചൻ, S/o കുരിയപ്പൻ, മേനാച്ചേരി ഹൗസ്, സ്നേഹപുരം, തൃശ്ശൂർ
- കൊച്ചിട്ട്യാനം, W/o കുരിയപ്പൻ, മേനാച്ചേരി ഹൗസ്, സ്നേഹപുരം, തൃശ്ശൂർ
- ബേബി, പുതുവീട്ടിൽ ഹൗസ്, തൃശ്ശൂർ
- സെന്റ് ലയോള വാർഡ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- അജ്‌വിൻ ജെറി, B/o നയന, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. മെറിറ്റ് ഡെ**

കോളേജ് ഫിസിക്സ് ഡിപ്പാർട്ട്മെന്റ് സംഘടിപ്പിച്ച മെറിറ്റ് ഡെ സബ് കളക്ടർ അഖിൽ വി. മേനോൻ ഉത്ഘാടനം ചെയ്തു. ഡോ. നീസ് പോൾ അദ്ധ്യക്ഷത വഹിച്ചു. അക്കാദമിക രംഗത്തു മികവു തെളിയിച്ച വിദ്യാർത്ഥികൾക്ക് എൻഡോമെന്റുകൾ വിതരണം ചെയ്തു.

**2. ഓറിയന്റേഷൻ പ്രോഗ്രാം**

കോളേജിലെ ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്കു സാമൂഹ്യസേവനം സംബന്ധിച്ച ഓറിയന്റേഷൻ പ്രോഗ്രാം ഫാ. ഡേവിസ് ചിറമ്മൽ ഉദ്ഘാടനം ചെയ്തു.

**3. ശില്പശാല നടത്തി**

നാഷണൽ സർവ്വീസ് സ്ക്കീമിന്റേയും മേരായുവ ഭാരതിന്റേയും സംയുക്താഭിമുഖ്യത്തിൽ കോളേജിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ സ്ക്കീമുകളെ സംബന്ധിച്ച ശില്പശാല സംഘടിപ്പിച്ചു. വിദ്യാർത്ഥികളിലൂടെയും, യുവാക്കളിലൂടെയും പൊതുസമൂഹത്തിലേക്ക് ഉപകാരപ്രദമാകുന്ന വിവിധ സർക്കാർ പദ്ധതികൾ എത്തിക്കുക എന്നതായിരുന്നു ശില്പശാലയുടെ ലക്ഷ്യം. ജില്ലാകളക്ടർ അർജുൻ പാണ്ഡ്യൻ ഉദ്ഘാടനം ചെയ്തു.

**4. ആന്റി റാഗിംഗ് വാരാചരണം**

റാഗിംഗ് വിരുദ്ധ വാരാചരണവുമായി ബന്ധപ്പെട്ട് ആന്റി റാഗിംഗ് സെല്ലും പ്രസംഗ-സംവാദ ക്ലബ്ബും സംയുക്തമായി കോളേജ് ക്യാമ്പസിൽ ഇന്റർ ഡിപ്പാർട്ട്മെന്റൽ ഡിബേറ്റ് മത്സരം സംഘടിപ്പിച്ചു. ശ്രീ.എസ്. ഹരിശങ്കർ ഐപിഎസ് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് ഉദ്ഘാടനം നിർവ്വഹിച്ചു.

**5. പ്രേംചന്ദ് ജയന്തി**

പ്രേംചന്ദ് ജയന്തിയോട് അനുബന്ധിച്ച് ഹിന്ദി വകുപ്പ് ക്വിസ് മത്സരം നടത്തി, വിജയികൾക്കുള്ള സമ്മാനങ്ങൾ ബർസാർ റവ. ഫാ. ഫിജോ ആലപ്പാടൻ, വൈസ് പ്രിൻസിപ്പൽ ഡോ. ഫെബിൻ ബേബി എന്നിവർ നൽകി.

**6. പ്രോട്ടോടൈപ്പ് / പ്രോസസ് ഡിസൈൻ ആൻഡ് ഡെവലപ്മെൻ് ശിൽപശാല**

ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററും ഇൻസ്റ്റിറ്റ്യൂഷൻസ് ഇന്നൊവേഷൻ കൗൺസിലും സംയുക്തമായി പ്രോട്ടോടൈപ്പ് / പ്രോസസ് ഡിസൈൻ ആൻഡ് ഡെവലപ്മെന്റിനെക്കുറിച്ച് ഒരു ശിൽപശാല സംഘടിപ്പിച്ചു. പ്രോട്ടോടൈപ്പിലും പ്രോസസ് ഡിസൈനിലും നവീകരണവും പഠനവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു സംരംഭമായിരുന്നു ഇത്. ഡോ. ജോൺസ് നടുവത്ത് റിസോഴ്സ് പേഴ്സണായിരുന്നു.

**7. തെരുവുനാടക ശിലപശാല**

തെരുവുനാടകത്തെക്കുറിച്ചുള്ള ദ്വിദിന ശിൽപശാല സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റ് സംഘടിപ്പിച്ചു. സെന്റ് തോമസ് കോളേജ് മീഡിയ സ്റ്റഡീസ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഫാ. ഫിജോ ആലപ്പാടൻ റിസോഴ്സ് പേഴ്സണായിരുന്നു.

**8. ഹോർമോണുകൾ കൗമാര പരിവർത്തനത്തെ ബാധിക്കുന്നു**

തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജുമായി സഹകരിച്ച് കൊമേഴ്സ് ഡിപ്പാർട്ട്മെന്റ് 'ഹോർമോണുകൾ കൗമാര പരിവർത്തനത്തെ ബാധിക്കുന്നു' എന്ന തലക്കെട്ടിൽ തൃശൂർ സെന്റ് തോമസ് കോളേജ് ജൂബിലി ബ്ലോക്കിലെ തൂങ്കുഴി ഹാളിൽ ചർച്ച സംഘടിപ്പിച്ചു.

**9. മീറ്റ് ദി മെന്റർ - ഫോട്ടോഗ്രാഫി മാസ്റ്റർക്ലാസ്**

കോളേജ് മീഡിയ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റ്, മീഡിയ ഫെസ്റ്റിവൽ പിക്റ്റോറിയൽ 25 ന്റെ ഭാഗമായി 'മീറ്റ് ദി മെന്റർ - ഫോട്ടോഗ്രാഫി മാസ്റ്റർക്ലാസ്' എന്ന പേരിൽ ഒരു പ്രചോദനാത്മക സെഷൻ വിജയകരമായി നടത്തി.

**10. ഫോട്ടോ പ്രദർശനം**

എൻ.എസ്.എസ് യൂണിറ്റ് 42 ഉം 144 ഉം ഹിരോഷിമ ദിനത്തെ അടിസ്ഥാനമാക്കി ഗാന്ധി സ്മൃതിയിൽ സമാധാനം ജ്വാലയോടെ ആരംഭിക്കുന്നു എന്ന തലക്കെട്ടിൽ ഫോട്ടോ പ്രദർശനം നടത്തി.

**11. മീറ്റ് ദ മെന്റർ**

'മീറ്റ് ദ മെന്റർ - ഫോട്ടോഗ്രാഫി മാസ്റ്റർക്ലാസ്' എന്ന പേരിൽ മീഡിയ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റ് നടത്തിയ പ്രോഗ്രാമിൽ മല്ലു ഡ്രോൺ ട്രാവലർ എന്നറിയപ്പെടുന്ന പ്രശസ്ത ദൃശ്യ കഥാകാരൻ ഷബിൻ ഷംസുദ്ധീനായിരുന്നു റിസോഴ്സ് പേഴ്സൺ.

**12. ഡി.ഐ.സി സംരംഭങ്ങൾ- അൺലോക്ക് സംരംഭകത്വ അവസരങ്ങൾ**

ഡിപ്പാർട്ട്മെന്റ് ഓഫ് കോമേഴ്സ് ഐ.ക്യു.എസി, ഐ.ഇ.ഡി.സി,ഐ.ഐ.സി എന്നിവയുമായി സഹകരിച്ച് തൃശ്ശൂർ സെന്റ് തോമസ് കോളേജിലെ മേനാച്ചേരി ഹാളിൽ 'ഡിഐഎസി ഇനിഷ്യേറ്റീവ്സ് - അൺലോക്കിംഗ് എന്റർപ്രണ്യൂറിയൽ ഓപ്പർച്യുനിറ്റീസ്' എന്ന സെമിനാർ സംഘടിപ്പിച്ചു.

**13. സ്റ്റീം കോൺഫ്രൻസ്**

ഡോ. സി. വി. കൃഷ്ണൻ ആൻഡ് മിസിസ് നളിനി പി. കൃഷ്ണൻസ് പ്രൈവറ്റ് ചാരിറ്റബിൾ ട്രസ്റ്റിന്റെയും കേരള ഇക്കണോമിക് അസോസിയേഷന്റെയും ആഭിമുഖ്യത്തിൽ സെന്റ്. തോമസ് കോളേജിൽ നടത്തിയ ആദ്യത്തെ സ്റ്റീം കോൺഫെറെൻസിൽ വിദ്യാർത്ഥികളെ അഭിസംബോധന ചെയ്ത് കേരള കലാമണ്ഡലം ചാൻസലർ ഡോ. മല്ലികാ സാരാഭായ് സംസാരിച്ചു.

**14. സെന്റർ ഫോർ കരിയർ ഡവലപ്മെന്റ് സെൽ**

സെന്റർ ഫോർ കരിയർ ഡവലപ്മെന്റ് സെല്ലിന്റെ നേതൃത്വത്തിൽ പി ജി ഒന്നാം വർഷ വിദ്യാർത്ഥികൾക്കായി ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. സെല്ലിന്റെ ആഭിമുഖ്യത്തിൽ നടന്ന പ്ലേസ്മെന്റ് ഡ്രൈവിൽ വിദ്യാർത്ഥികൾക്ക് വിവിധ സ്ഥാപനങ്ങളിൽ ജോലി ലഭിച്ചു. സൗത്ത് ഇന്ത്യൻ ബാങ്ക് (2), വിപ്രോ(1), എം.ആർ എഫ് (3), കോഗ്നിസെന്റ് (3), എൽ.ആന്റ്.ടി (1), ഇ.വൈ (4), വിശ്വൽ ലാബ് (1), കെ.എസ്.ഡി.സി (1), ക്ലെസ്സിസ് (1), ടി.സി.എസ് (1), കുറ്റൂക്കാരൻ (1).

**15. വർക്ക്ഷോപ് സംഘടിപ്പിച്ചു**

സൈക്കോളജി വിഭാഗത്തിന്റെയും ഐ.എ.എൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റീഹാബിലിറ്റേഷൻ ആൻഡ് റിസർച്ച് തൃശ്ശൂരിന്റെയും സംയുക്താഭിമുഖ്യത്തിൽ ഒരു ദിവസത്തെ വർക്ക്ഷോപ്പ് മ്യൂസിക് ആൻഡ് മൂവ്മെന്റ് തെറാപ്പി മേട്ലികോട്ട് ഹാളിൽ വച്ച് നടന്നു. കൺസൽടന്റ് സൈക്കോളജിസ്റ്റ് ഏൻജൽ റോയ് നേതൃത്വം നൽകി.

**16. വർക്ക്ഷോപ്പ് സംഘടിപ്പിച്ചു**

ഡാറ്റാ സയൻസ് വിഭാഗത്തിന്റെയും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്നോവഷൻ കൗൺസിലിന്റെയും ഇന്നോവഷൻ ആൻഡ് എന്റർപ്രെനെർഷിപിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ രണ്ടു ദിവസത്തെ വർക്ക് ഷോപ്പ് അൽടെരി എക്സ് ഡിസൈനേഴ്സ് എന്ന പേരിൽ സംഘടിപ്പിച്ചു. കവിപ്രതിഭാ ഹാളിൽ നടന്ന പരിപാടി ഡാറ്റാ അനലിസ്ററ് അഭിനവ് എം. എ നേതൃത്വം നൽകി.

** സോഷ്യൽ വർക്ക് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഡികൂച്ചി : കരിയർ ഓറിയന്റേഷൻ ഇൻ സോഷ്യൽ വർക്ക് എന്ന വിഷയത്തിൽ കോയമ്പത്തൂർ കുമാരഗുരു കോളേജ് ഓഫ് ലിബറൽ ആർട്സ് ആൻഡ് സയൻസ് കോളേജ് അസ്സിസ്റ്റ് പ്രൊഫ ഡോ. ബിനേഷ് സി. ജെ ക്ലാസ്സ് നയിച്ചു.

**17. കാർഗിൽ വിജയ് ദിവസ് ആചരിച്ചു**

എൻ.എസ്.എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കോളേജിൽ കാർഗിൽ വിജയ് ദിവസ് പാലോക്കാരൻ സ്ക്വയറിൽ ആചരിച്ചു.

**18. പ്രീ ഇൻസ്റ്റിറ്റ്യൂഷൻ വിസിറ്റ് കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം**

സെന്റ് തോമസ് കോളേജിലെ ജന്തുശാസ്ത്ര ഗവേഷണ-ബിരുദാനന്തര വകുപ്പ്, മേനാച്ചേരി ഹാളിൽ സെറികൾച്ചർ, സിൽക്ക് മാർക്ക് & സിൽക്ക് ടെക്നോളജി എന്നിവയിൽ പ്രീ-ഇൻസ്റ്റിറ്റ്യൂഷൻ വിസിറ്റ് കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം നടത്തി.

**19. സൈനർജി : ദി ക്ലാസ്റൂം തീയേറ്റർ**

ഇംഗ്ലീഷ് വിഭാഗത്തിന്റെയും ശ്രീ ശങ്കര കോളേജ് കാലടിയുടെ യും സംയുക്തഭിമുഖ്യത്തിൽ സൈനർജി : ദി ക്ലാസ്സ്റൂം തീയേറ്റർ, ദാരിയോ ഫോ എന്ന അരാജകവാദിയുടെ മരണത്തെ ആസ്പദ മാക്കി മേനച്ചേരി ഹാളിൽ ഡോ. സുജീഷ് സി.കെ സെമിനാർ സംഘടിപ്പിച്ചു.

**20. പരിപാടി സംഘടിപ്പിച്ചു**

ബോട്ടണി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഇന്നോവഷൻ ആൻഡ് എന്റർപ്രെനെർഷിപ് ഡെവലപ്പ്മെന്റ് സെന്ററും ഇൻസ്റ്റി റ്റ്യൂഷൻ ഇന്നോവഷൻ കൗൺസിലും സംയുക്തമായി 'ബ്ലൂം ആൻഡ് ബിയോണ്ട്' എന്ന പേരിൽ കട്ട് ഫ്ലവർ മാനേജ്മെന്റിൽ എന്റർ പ്രെനെർഷിപ്, സ്കിൽ ഡെവലപ്മെന്റിൽ ട്രെയിനിങ് പ്രോഗ്രാം സംഘടിപ്പിച്ചു. ബോട്ടണി ലാബിൽ വച്ച് നടന്ന പരിപാടി വെള്ളാ നിക്കര കാർഷിക സർവകലാശാല പി.എച്ച്.ഡി സ്കോളർ റാഷിദ സി.കെ നേതൃത്വം നൽകി.

**21. സൊലേസ് ക്യാമ്പസ് കണക്ട്**

സോഷ്യൽ വർക്ക് വിഭാഗത്തിന്റെയും ക്രിമിനോളജി ആൻഡ് പോലീസ് സയൻസിന്റെയും ആഭിമുഖ്യത്തിൽ യുവതലമുറയെ ശക്തീകരിക്കുന്നതിനായി ക്യാമ്പസ് കണക്ട് സംഘടിപ്പിച്ചു. തൂങ്കുഴി ഹാളിൽ നടന്ന പരിപാടിയിൽ സൊലേസ് സ്ഥാപക ഷീബ അമീർ മുഖ്യാതിഥിയായി.

**22. അന്താരാഷ്ട്ര ബഹിരാകാശ ദിനം ആചരിച്ചു**

ഫിസിക്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര ബഹിരാകാശ ദിനം ആചരിച്ചു. ചാന്ദ്രയാൻ 3 വിജയത്തെ ആസ്പദമാക്കി വിവിധ മത്സരങ്ങളും സംഘടിപ്പിച്ചു.

**23. ഗവേഷണ ബിരുദം നേടി**

ഫിസിക്സ് ഡിപ്പാർട്ട്മെന്റിലെ ഗവേഷണ വിദ്യാർത്ഥിയായ ടെസ്സി പോൾ, ഡോ. ആൻ മേരി കെ.എ യുടെ മേൽനോട്ടത്തിൽ ഗവേഷണ ബിരുദം നേടി. ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിലെ ഭൗതികശാസ്ത്ര വിഭാഗം പ്രൊഫസറും മേധാവിയുമായ ഡോ. വിനോയ് തോമസ് ആയിരുന്നു ഓപ്പൺ ഡിഫൻസ് ചെയർമാൻ.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മാനേജർ

**മെസ്റ്റിൻ പി.സി**
പി.ആർ.ഒ

## മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

**NSS യൂണിറ്റ് ഉദ്ഘാടനം**

2025–2027 വർഷത്തേയ്ക്കുള്ള എൻ.എസ്.എസ് (NSS) യൂണിറ്റ് ഉദ്ഘാടന ചടങ്ങ് ഓഗസ്റ്റ് 1ന് കോളേജ് ഓഡിറ്റോറിയത്തിൽ നടന്നു. ഇരിഞ്ഞാലക്കുട സെന്റ് ജോസഫ്സ് കോളേജ് ഓട്ടോണമസിലെ അസിസ്റ്റന്റ് പ്രൊഫസറും റിസർച്ച് ഗൈഡുമായ ഡോ.ബിനു ടി.വി ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. എൻ.എസ്.എസ് വോളണ്ടിയറായ ജീവൻ സുജിത്ത് പ്രതിജ്ഞ ചൊല്ലികൊടുത്തു. സംവേദനാത്മകമായ സെക്ഷൻ ഉദ്ഘാടകയുടെ നേതൃത്വത്തിൽ നടന്നു. ഉദ്ഘാടന ചടങ്ങിനുശേഷം ദേശീയ ഗാനം ആലപിച്ചു.

**ടാലന്റ് ഷോ**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ ഓഗസ്റ്റ് 7 വ്യാഴാഴ്ച 2025–2027 ബാച്ചിലെ ഒന്നാംവർഷ വിദ്യാർത്ഥികളുടെ ടാലന്റ് ഷോ കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു.

**സ്വാതന്ത്ര്യദിനാഘോഷം**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ ടൂറിസം

ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യദിനാഘോഷം സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ദേശീയഭക്തിഗാനവും, മറ്റു കലാപരിപാടികളും സംഘടിപ്പിച്ചു.

**സിനർജി സീരീസ്**

ഓഗസ്റ്റ് 25 തിങ്കളാഴ്ച 'സസ്റ്റൈനബിൾ ഡെവലപ്മെന്റൽ ഗോൾഡ് ഇൻ സയൻസ്' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ശ്രീമതി. ജയമോൾ സേവിയർ പ്രബന്ധം അവതരിപ്പിച്ചു.

**ഓണാഘോഷം**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ ഓഗസ്റ്റ് 29 വെള്ളിയാഴ്ച ഓണാഘോഷം സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പൂക്കളമത്സരവും ഓണമത്സരങ്ങളും സംഘടിപ്പിക്കുകയുണ്ടായി.

**ഓണം അവധി**

ഓഗസ്റ്റ് 29-ാം തിയ്യതി മുതൽ ഓണം അവധിക്കായി കോളേജ് അടച്ചു.

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പൽ

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി. മാനേജർ

POPE PAUL Mercy home

## പോപ്പ് പോൾ മേഴ്സി ഹോം, പെരിങ്ങണ്ടൂർ

**ഹൃദയ ഫൗണ്ടേഷൻ അവാർഡ്**

തൃശ്ശൂർ ജില്ലയിലെ സാമൂഹിക സാംസ്കാരിക മേഖലയിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തിവരുന്ന ഹൃദയ ഫൗണ്ടേഷന്റെ പ്രഥമ അവാർഡിന് പോപ്പ് പോൾ മേഴ്സി ഹോം അർഹമായി. ഡോ. അബ്ദുൾ സമദ്സമദാനി M.Pയിൽ നിന്നും ഒരു ലക്ഷം രൂപയും പ്രശസ്തി ഫലകവും പോപ്പ് പോൾ മേഴ്സി ഹോം ഡയറക്ടർ ഫാ. ജോൺസൺ അന്തിക്കാട്ട് ഏറ്റുവാങ്ങി. പുരസ്കാര ചടങ്ങിൽ ഹൃദയ ഫൗണ്ടേഷൻ ചെയർമാൻ ജോസ് വള്ളൂർ അദ്ധ്യക്ഷത വഹിച്ചു. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ അനുഗ്രഹ പ്രഭാഷണം നടത്തി.

**Pet therapy Unit ഉദ്ഘാടനം**

പോപ്പ് പോൾ മേഴ്സി ഹോമിലെ കുട്ടികളുടെ മാനസികമായ ഉന്മേഷം ലക്ഷ്യമാക്കി pet therapy യൂണിറ്റ് ആരംഭിച്ചു. വിവിധ ഇനത്തിലുള്ള love birds, african birds, മുയലുകൾ, വിവിധ തരം മത്സ്യങ്ങൾ എന്നിവയെ ഉൾപ്പെടുത്തികൊണ്ട് pet therapy Unit കുട്ടികൾക്കായി തുറന്ന് കൊടുത്തു.

**സ്റ്റേറ്റ് ഫുട്ബോൾ ടൂർണമെന്റ്**

അശ്വനി ഫൗണ്ടേഷൻ നടത്തിയ സംസ്ഥാന തല ഫുട്ബോൾ ടൂർണമെന്റിൽ പോപ്പ്പോൾ മേഴ്സി ഹോം ടീം II$^{nd}$ Runner up ആയി. Best Striker ആയി തിരഞ്ഞെടുത്ത അശ്വിൻ പി.ക്ക് പ്രത്യേകം ട്രോഫി ൻൽകി ആദരിച്ചു.

**മെഡിക്കൽ ക്യാമ്പ് നടത്തി**

തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ നേതൃത്വത്തിൽ പോപ്പ് പോൾ മേഴ്സി ഹോമിൽ ത്വക്ക്രോഗ നിർണയ ക്യാംപ് നടത്തി. ആവശ്യമായ തുടർചികിത്സയും ക്രമീകരിച്ചു.

**വി. മദർതെരേസ സ്ക്വയർ ആശീർവാദം**

വി. മദർതെരേസയുടെ പാദസ്പർശമേറ്റ പോപ്പ് പോൾമേഴ്സി ഹോമിൽ നിർമ്മിച്ച മദർ തെരേസ സ്ക്വയറിന്റെ ആശിർവാദകർമം മാർ ടോണി നീലങ്കാവിൽ പിതാവ് നിർവ്വഹിച്ചു. നവീകരിച്ച സ്കൂളിന്റെയും, ഹൈവെ ടണൽ മോഡലിന്റെയും ഉദ്ഘാടനം അഭിവന്ദ്യ പിതാവ് നിർവഹിച്ചു.

**ഓൾകേരള ഫുട്ബോൾ സെലക്ഷൻ ക്യാമ്പ്**

സ്പെഷൽ സ്കൂളുകളിൽ ഫുട്ബോൾ കളിയിൽ മികച്ചു നിൽക്കുന്ന കുട്ടികളുടെ സംസ്ഥാന തലത്തിലുള്ള സെലക്ഷൻ ക്യാമ്പ് പോപ്പ് പോൾ മേഴ്സി ഹോമിൽ വെച്ച് നടത്തുകയുണ്ടായി. വിവിധ ജില്ലകളിൽ നിന്നായി 150 ഓളം കുട്ടികളും പരിശീലകരും പങ്കെടുത്തു. പോപ്പ് പോൾ മേഴ്സി ഹോമിന്റെ അഭിമാനമായ അശ്വിൻ പി.ക്ക് സ്റ്റേറ്റ് ഫുട്ബോൾ ടീമിൽ സെലക്ഷൻ ലഭിച്ചു.

**സംസ്ഥാന സാക്ഷരതതുല്യത പരീക്ഷകൾ നടത്തി**

സംസ്ഥാന സാക്ഷരതമിഷന്റെ നേതൃത്വത്തിൽ 7-ാം തരം 4-ാം തരംതുല്യത പരീക്ഷകൾ പോപ്പ് പോൾ മേഴ്സി ഹോമിൽ വച്ച് നടത്തി. ജില്ല കോർഡിനേറ്റർ ഡോ. മനോജ് സന്ദർശിച്ചു.

**ടീച്ചേഴ്സ് ട്രെയിനിങ്ങ് കോളേജ്**

പോപ്പ് പോൾ മേഴ്സി ഹോം ടീച്ചേഴ്സ് ട്രെയിനിങ്ങ് കോളേജിലെ 2023-2025 ബാച്ചിന്റെ 4-ാം സെമസ്റ്റർ പരീക്ഷകൾ പൂർത്തി

യായി. പുതിയ Spcial B.Ed. ബാച്ചിന്റെ അദ്ധ്യയന വർഷ ഉദ്ഘാടനം കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തി.

**ദേശിയസെമിനാർ**

റിഹാബിലിറ്റേഷൻ പ്രൊഫഷണൽസിന്റെയും സ്പെഷ്യൽ സ്കൂൾ ടീച്ചേഴ്സിന്റേയും പരിശീലന പരിപാടിയുടെ ഭാഗമായി കേന്ദ്രസർക്കാരിന്റെ അനുമതിയോടെ പോപ്പ് പോൾ മേഴ്സി ഹോം ടീച്ചേഴ്സ് ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടിൽ ദേശിയ സെമിനാർ നടത്തി. വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 150 പ്രൊഫണൽസ് സെമിനാറിൽ പങ്കെടുത്തു. സെമിനാറിന്റെ ഉദ്ഘാടനം തിരുവനന്തപുരം ഐക്കോൺസിലെ റിഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റ് ശ്രീകുമാർ എസ് നിർവ്വഹിച്ചു. ഈ മേഖലയിൽ 46 സെമിനാറുകൾക്ക് പോപ്പ് പോൾ മേഴ്സി ഹോം നേതൃത്വം നൽകിയിട്ടുണ്ട്.

**Abel tea spot**

വൊക്കേഷണൽ ട്രെയിനിങ്ങ് കഴിഞ്ഞ കുട്ടികളുടെ Job placement ന്റെ ഭാഗമായി Abel tea spot മുൻസിപ്പൽ കൗൺസിലർ ശ്രീ. മധു അമ്പലപുരം ഉദ്ഘാടനം ചെയ്തു.

**സന്ദർശനം നടത്തി**

തൃശ്ശൂർ സെന്റ് തോമസ്കോളേജ്, ഡിണ്ടിഗൽ AISS കോളേജ്, തൃശ്ശൂർ വിമല കോളേജ്, ജ്യോതി എൻജിനിയറിങ്ങ് കോളേജ്, ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജ്, ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ്, ഏഒടട പാലപ്പെട്ടി മലപ്പുറം, വിവിധ സ്കൂളുകൾ എന്നിവിടങ്ങളിൽ നിന്നും വിവിധ ഇടവകകളിൽ നിന്നും സംഘടനകളിൽ നിന്നും പോപ്പ് പോൾ മേഴ്സിഹോം സന്ദർശിച്ചു.

**ഗാനമേള നടത്തി**

കലാ-സംസ്കാരിക സംഘടനയായ തൃശ്ശൂർ ഗഡീസ് പോപ്പ് പോൾ മേഴ്സി ഹോമിലെ കുട്ടികൾക്കായി ഗാനമേള നടത്തി അവരെ സന്താഷിപ്പിച്ചു.

**സ്വാതന്ത്ര്യ ദിനാഘോഷം**

79-ാംസ്വാതന്ത്ര്യ ദിനാഘോഷത്തോടനുബന്ധിച്ച് പോപ്പ് പോൾ മേഴ്സിഹോമിലെ കുട്ടികളും, ടീച്ചേഴ്സും, ടീച്ചർ ട്രെയിനീസും സ്വാതന്ത്ര്യദിനത്തിന്റെ വിവിധ രൂപഭാവങ്ങൾ കാലോചിതമായ സ്കിറ്റായും, Flash Mob ആയും നൃത്ത ചുവടുകളിലൂടെയും അവതരിപ്പിച്ചു. തൃശ്ശൂർ Lions Club ന്റെ നേതൃത്വത്തിൽ മാജിക്ഷോയും നടത്തി.

**ഫാ. ജോൺസൺ അന്തിക്കാട്ട്**
ഡയറക്ടർ

# കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ... ആചരിക്കാൻ..**

| | |
|---|---|
| 5 വെള്ളി | – അധ്യാപകദിനം, വി. മദർ തെരേസയുടെ തിരുനാൾ, ആദ്യവെള്ളി |
| 8 തിങ്കൾ | – കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ |
| 16 ചൊവ്വ | – ഓസോൺ ദിനം |
| 21 ഞായർ | – വി. മത്തായി ശ്ലീഹ |
| 27 ശനി | – വി. വിൻസെന്റ് ഡി പോൾ |

**2. മെയിന്റനൻസ് ഗ്രാന്റ്**

മെയിന്റനൻസ് ഗ്രാന്റിനുള്ള അപേക്ഷ ഉപജില്ലാ, ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ഈ മാസം സമർപ്പിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ ഗ്രാന്റ് ഇതുവരെയും ലഭിച്ചിട്ടില്ലായെങ്കിലും നടപ്പുവർഷത്തെ അപേക്ഷ സമയത്ത് തന്നെ നൽകിയിരിക്കണം. പൂരിപ്പിച്ച അപേക്ഷ (4 കോപ്പികൾ വീതം) സെപ്തംബർ 10 ബുധനാഴ്ചയ്ക്ക് മുൻപ് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. 20,000/- രൂപയ്ക്ക് മുകളിലുള്ള സംഖ്യയ്ക്ക് ഓഡിറ്റ് റിപ്പോർട്ടും ഹാജരാക്കണം. അപേക്ഷയിൽ കോർപറേറ്റ് മാനേജരാണ് ഒപ്പുവെയ്ക്കേണ്ടത്.

മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നതിന് ജിഎസ്ടി ബില്ലുകൾ ഡിപ്പാർട്ട്മെന്റ് ആവശ്യപ്പെടുന്നതിനാൽ MG അപേക്ഷയോടൊപ്പം ജിഎസ്ടി ബില്ലുകൾ സമർപ്പിക്കേണ്ടതാണ്.

**3. അധ്യാപക ദിനാശംസകൾ**

എല്ലാ അധ്യാപകർക്കും അധ്യാപകദിനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനകളും നേരുന്നു.

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

# ഫാമിലി അപ്പൊസ്റ്റോലേറ്റ് സെന്റർ

**സെപ്റ്റംബർ മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 3,4,5 – 10,11,12 – 17,18,19. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള വെബ് സൈറ്റാണിത് trichurfamilyapostolate.org നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**ജെറമിയ സംഗമം 2025**

തൃശ്ശൂർ അതിരൂപതയിൽ ഏകസ്ഥരായി കഴിയുന്നവർക്കായുള്ള കൂട്ടായ്മ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് ജൂലായ് 26-ാം തിയ്യതി ശനിയാഴ്ച്ച നടന്നു. തങ്ങളുടെ ദൈവവിളി ഏകസ്ഥജീവിതമാണെന്ന് വിവേചിച്ചറിഞ്ഞ ഇരുപതോളം പേർ ഈ കൂട്ടായ്മയിൽ പങ്കെടുത്തു. പങ്കെടുത്ത എല്ലാവർക്കും പ്രത്യേകം നന്ദി പറയുന്നു. ഇനിയും നമ്മുടെ ഇടവകകളിൽ ഏകസ്ഥജീവിതം അതിന്റെ യഥാർത്ഥ അരൂപിയിൽ ജീവിക്കുന്നവരുണ്ടെങ്കിൽ മൂന്ന് മാസത്തിൽ ഒരുമിച്ച് കൂടാൻ തീരുമാനിച്ചിരിക്കുന്ന ഏകസ്ഥ ഗ്രൂപ്പിന്റെ ഭാഗമാകാൻ കുടുംബപ്രേഷിത കേന്ദ്രം പ്രത്യേകം ക്ഷണിക്കുന്നു.

**ബധിരരും മൂകരുമായ വിവാഹിതർക്കും വിവാഹത്തിന് ഒരുങ്ങുന്നവർക്കുമുള്ള പ്രീ & പോസ്റ്റ് കാന ധ്യാനം**

തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ നേതൃത്വത്തിൽ ബധിരരും മൂകരുമായ വിവാഹത്തിന് ഒരുങ്ങുന്ന യുവതി യുവാക്കൾക്കുള്ള ഏകദിന പ്രീകാന കോഴ്സും ബധിരരും മൂകരുമായ വിവാഹിതരായ ദമ്പതികൾക്കുവേണ്ടിയുള്ള പോസ്റ്റ് കാന കോഴ്സും ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് ആഗസ്റ്റ് 10-ാം തിയ്യതി ഞായറാഴ്ച്ച നടത്തപ്പെട്ടു. പങ്കെടുത്തവർക്കും നേതൃത്വം കൊടുത്തവർക്കും ഒത്തിരി നന്ദി. പ്രത്യേകിച്ച് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിനും ക്ലാസ്സ് നയിച്ച റവ. ഫാ. ബിജു ലോറൻസ് അച്ചനും, ജോസഫ് തേർമഠം അച്ചനും, ഡോ. അനുമോദ് കാക്കശ്ശേരിക്കും

പരിപാടികൾ കോഡിനേറ്റ് ചെയ്ത സി. പ്രീജ എഫ്.സി.സിക്കും പങ്കെടുത്ത എല്ലാവർക്കും ഒത്തിരി നന്ദി.

**നവദമ്പതിസംഗമം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 2024 നവംബർ മുതൽ 2025 ജൂൺ വരെയുള്ള മാസങ്ങളിൽ വിവാഹിതരായ നവ ദമ്പതികൾക്കുവേണ്ടിയുള്ള തുടർ പരിശീലനമാണ് ആഗസ്റ്റ് 17 ഞായറാഴ്ച്ച രാവിലെ 9.30 മുതൽ 1 മണി വരെ സംഘടിപ്പിക്കുകയുണ്ടായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവും, ബഹു. രാജു അക്കര അച്ചനും, ഫാ. ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി അച്ചനും, ഫാ. അനിഷ് കൂത്തൂരച്ചനും ഈ ദമ്പതി സംഗമത്തിന് നേതൃത്വം കൊടുത്ത എല്ലാവർക്കും പങ്കെടുത്തവർക്കും പ്രത്യേകം നന്ദി പറയുന്നു.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
**ഫാ. ബിജു ജോസഫ് ആലപ്പാട്ട്**
അസി. ഡയറക്ടർമാർ

# കുടുംബകൂട്ടായ്മ

**കുടുംബകൂട്ടായ്മ ഇലക്ഷൻ 2025-2028**

കുടുംബകൂട്ടായ്മ യൂണിറ്റുകളിലേക്ക് ജൂൺ, ജൂലൈ മാസങ്ങളിലും ഇടവക കേന്ദ്രസമിതിയിലേക്ക് ആഗസ്റ്റ് മാസത്തിലും ഇലക്ഷൻ നടന്നു കഴിഞ്ഞു എന്ന് വിശ്വസിക്കുന്നു. സെപ്തംബർ, ഒക്ടോബർ മാസത്തിൽ ഫൊറോന കേന്ദ്രസമിതിയിലേക്കുള്ള ഇലക്ഷനുകൾ പൂർത്തിയാക്കേണ്ടതിനാൽ ഇടവകയിലെ യൂണിറ്റിലെ എല്ലാ ഭാരവാഹികളുടെയും ഇടവക കേന്ദ്രസമിതി പുതിയ ഭാരവാഹികളുടെ പേര്, അഡ്രസ്സ്, ഫോൺ നമ്പർ തുടങ്ങിയവ നിശ്ചിത അപേക്ഷ ഫോമിൽ പൂരിപ്പിച്ച് വികാരിയച്ചൻ സാക്ഷ്യപ്പെടുത്തി തരാത്ത ഇടവകകൾ എത്രയും വേഗം അതിരൂപത കുടുംബകൂട്ടായ്മ ഓഫീസിൽ എത്തിക്കുമല്ലോ.

ഫൊറോനതല ഇലക്ഷനുമായി ബന്ധപ്പെട്ട് ചില നിർദ്ദേശങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

1. ഓരോ ഫൊറോനയിലെ കുടുംബക്കൂട്ടായ്മ ആനിമേറ്ററച്ചൻമാർ ഫൊറോന ചെയർമാനുമായി (ഫൊറോന വികാരി) ആലോചിച്ച്

ഇലക്ഷൻ നടത്തേണ്ട സ്ഥലവും തീയ്യതിയും തീരുമാനിക്കുകയും ആ ഫൊറോനയിലെ എല്ലാ ഇടവക വികാരിയച്ചൻമാരെ ഇക്കാര്യം അറിയിച്ച് ആ ഇടവകയിലെ കേന്ദ്രസമിതി ഭാരവാഹികളെ ഫൊറോന തിരഞ്ഞെടുപ്പിൽ പങ്കെടുപ്പിക്കേണ്ടതാണ്.

2. ആനിമേറ്ററച്ചൻമാർ ഫൊറോന തിരഞ്ഞെടുപ്പ് തീയ്യതിയും, സ്ഥലവും അതിരൂപത ഡയറക്ടറെ മുൻകൂട്ടി അറിയിക്കേണ്ടതും തിരഞ്ഞെടുപ്പിന് അതിരൂപത നിരീക്ഷകരെ ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.

3. ഓരോ ഇടവകയിലെ കേന്ദ്രസമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട – കൺവീനർ, ജോ. കൺവീനർമാർ ( 1 പുരുഷൻ, 1 സ്ത്രീ ), സെക്രട്ടറി, ജോ. സെക്രട്ടറിമാർ (1 പുരുഷൻ, 1 സ്ത്രീ), ട്രഷറർ, വികാരിയച്ചൻ ഇടവക ജനറൽ ബോഡിയിൽ നിന്ന് നാമനിർദ്ദേശം ചെയ്യുന്ന 2 പേർ ഉൾക്കൊള്ളുന്നതാണ് (9 പേർ) ഫൊറോന കുടുംബകൂട്ടായ്മ ജനറൽബോഡി.

4. ഫൊറോന ജനറൽബോഡിയിൽ നിന്നാണ് ഫൊറോന കുടുംബകൂട്ടായ്മ കേന്ദ്രസമിതിയിലേക്ക് താഴെ പറയുന്ന സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടക്കേണ്ടത്. കൺവീനർ, ജോ. കൺവീനർ (1 പുരുഷൻ), ജോ. കൺവീനർ (1 സ്ത്രീ), സെക്രട്ടറി, ജോ. സെക്രട്ടറി (1 പുരുഷൻ), ജോ. സെക്രട്ടറി (1 സ്ത്രീ), ട്രഷറർ.

5. ഫൊറോന കേന്ദ്രസമിതിയിൽ ഒരു ഇടവകയിൽ നിന്ന് ഒന്നിൽ കൂടുതൽ ഭാരവാഹികൾ ഉണ്ടായിരിക്കരുത്.

6. ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെടുന്നവർ സിവിൽ നിയമ പ്രകാരമുള്ള പ്രായപൂർത്തി എത്തിയവരായിരിക്കണം.

7. ഫൊറോന കുടുംബകൂട്ടായ്മ കേന്ദ്രസമിതി ഏഴ് ഭാരവാഹികളിൽ ഒരാൾ നിർബന്ധമായും 18–30 വയസ്സിന് ഇടയിൽ പ്രായമുള്ള ഒരു യുവജനപ്രതിനിധിയായിരിക്കേണ്ടതാണ്.

8. ഭാരവാഹികളുടെ കാലാവധി മൂന്ന് വർഷമായിരിക്കും.

9. സാധാരണ നിലയിൽ ഒരു വ്യക്തിക്ക് ഒരേ തസ്തികയിൽ രണ്ട് ടേമിൽ കൂടുതൽ തുടർച്ചയായി ഭാരാവാഹിയായി തുടരാൻ അനുവാദമില്ല.

10. ഫൊറോന ആനിമേറ്ററച്ചൻ ചെയർമാനുമായി (ഫൊറോന വികാരി) ആലോചിച്ച് കുടുംബകൂട്ടായ്മ ഫൊറോന ജനറൽ ബോഡിയിൽ നിന്ന് 2 പേരെ കേന്ദ്രസമിതി അംഗങ്ങളായി നോമിനേറ്റ് ചെയ്യേണ്ടതാണ്.

11. ഫൊറോന കുടുംബകൂട്ടായ്മ കേന്ദ്രസമിതി ഇലക്ഷൻ കഴിഞ്ഞാൽ എല്ലാ കേന്ദ്രസമിതി ഭാരവാഹികളുടെ പൂർണ്ണമായ മേൽവിലാസം, ഇടവക, ഫോൺ നമ്പർ സഹിതം രേഖപ്പെടുത്തിയ ഫോമുകൾ ഫൊറോന ചെയർമാനും (ഫൊറോന വികാരി), ആനിമേറ്ററും സാക്ഷ്യപ്പെടുത്തിയ ശേഷം അതിരൂപത നിരീക്ഷകരുടെ കൈവശമോ അല്ലാത്തപക്ഷം ഏറ്റവും അടുത്ത ദിവസം അതിരൂപത കുടുംബക്കൂട്ടായ്മ ഓഫീസിലോ എത്തിക്കേണ്ടതാണ്.

12. 2025 ഡിസംബർ മാസത്തിൽ അതിരൂപത കേന്ദ്രസമിതിയുടെ തിരഞ്ഞെടുപ്പ് നടക്കുന്നതാണ്.

**കുടുംബകൂട്ടായ്മ ഫൊറോന ആനിമേറ്റേഴ്സ് യോഗം**

അതിരൂപത കുടുംബകൂട്ടായ്മ ആനിമേറ്റേഴ്സ് യോഗം സെപ്റ്റംബർ 2-ാം തിയ്യതി ചൊവ്വാഴ്ച്ച രാവിലെ 11 മണിക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നതാണ്. ഈ യോഗത്തിലേക്ക് എല്ലാ ഫൊറോനയിലെയും ആനിമേറ്റർ അച്ചന്മാരേയും ഫൊറോന കൺവീനർമാരെയും അതിരൂപത ഭാരവാഹികളെയും ക്ഷണിക്കുന്നു. മറക്കാതെ മുടങ്ങാതെ വരുമല്ലോ.

**കുടുംബകൂട്ടായ്മ ആന്തം മത്സരം 2025**

സമ്മാനാർഹരായവർ

1. ആറ്റത്തറ, സെന്റ് ഫ്രാൻസിസ് സേവ്യർ ഇടവക
2. ചെമ്പൂക്കാവ്, സേക്രട്ട് ഹാർട്ട് ഇടവക
3. കോനിക്കര, ഫാത്തിമനാഥ ഇടവക
4. കുണ്ടന്നൂർ, കർമ്മലമാതാ ഇടവക
5. മുണ്ടൂർ, മൗണ്ട് കാർമ്മൽ ഇടവക
6. പടവരാട്, സെന്റ് തോമസ് ഇടവക
7. പള്ളിക്കുന്ന്, അസംപ്ഷൻ ഇടവക
8. തൃശ്ശൂർ, ലൂർദ്ദ് കത്തീഡ്രൽ ഇടവക

**ഉണർവ് – 2025**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ കുടുംബകൂട്ടായ്മയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി നടത്തുന്ന ഉണർവ് – 2025 ആളൂർ, വെങ്ങിണിശ്ശേരി, കോടന്നൂർ, പട്ടിക്കാട്, മണ്ണുത്തി എന്നീ ഇടവകകളിൽ മനോഹരമായി നടത്തപ്പെട്ടു. ഇതിന് നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർക്കും കേന്ദ്രസമിതി ഭാരവാഹികൾക്കും പ്രത്യേകം നന്ദി. ഉണർവ്വ് – 2025 എന്ന ഈ പ്രോഗ്രാം എല്ലാ ഇടവകകളിലും പുതിയ കുടുംബ

കൂട്ടായ്മ ഭാരവാഹികൾക്കായി നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. ആവശ്യമുള്ളവർ നേരത്തെ വിളിച്ച് ബുക്ക് ചെയ്യേണ്ടതാണ്. ഫോൺ. 8281064381.

**കുടുംബകൂട്ടായ്മ പ്രാർത്ഥനാപുസ്തകം, ഹാജർബുക്ക്**

കുടുംബകൂട്ടായ്മകൾക്കാവശ്യമായ പ്രാർത്ഥനാ പുസ്തകങ്ങൾ (വലുത്, ചെറുത്), ഹാജർ ബുക്ക്, ഫ്ളാഗ് എന്നിവ ഫാമിലി അപ്പൊസ്റ്റോലേറ്റ് സെന്ററിലുള്ള കൂടുംബകൂട്ടായ്മ ഓഫീസിൽ ലഭ്യമാണ്. (തിങ്കൾ മുതൽ ശനി വരെ. ഓഫീസ് സമയം -10.00 മുതൽ 12.30 വരെയും 1.30 മുതൽ 4.30 വരെ).

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ കൺവീനർ

**പ്രൊഫ. ജോർജ്ജ് അലക്സ്**
ജനറൽ സെക്രട്ടറി

# മാതൃവേദി

**മാതൃവേദി ദിനം (പതാകദിനം)**

പരിശുദ്ധ അമ്മയുടെ ജനനതിരുന്നാളിനോടനുബന്ധിച്ച് സെപ്റ്റംബർ 8 തിങ്കളാഴ്ച്ച മാതൃവേദി ദിനമായി നമ്മൾ ആചരിക്കുന്നു. അന്നേദിവസം മാതൃവേദി അംഗങ്ങൾ വിശുദ്ധ കുർബാനയ്ക്ക് നേതൃത്വം കൊടുത്തും വിശുദ്ധ കുർബാനയിൽ കാഴ്ചസമർപ്പണം നടത്തിയും കുർബ്ബാനയ്ക്ക് ശേഷം മാതൃവേദിയുടെ പതാക ഉയർത്തിയും പതാക ഉയർത്തുമ്പോൾ സീറോ മലബാർ മാതൃവേദിയുടെ ആന്തം ആലപിച്ചും, മാതൃവേദി ദിനം ആചരിക്കാൻ ആഹ്വാനം ചെയ്യുന്നു. മാതൃവേദി അംഗങ്ങൾക്ക് വേണ്ടി സ്നേഹ വിരുന്ന് നടത്തുന്നതും അന്നേദിനം വിശുദ്ധ കുർബാനയിൽ പങ്കെടുത്ത ദൈവജനത്തിന് നേർച്ച കൊടുക്കുന്നതും അഭികാമ്യമാണ്. പതാക ആവശ്യമുള്ളവർ മാതൃവേദിയുടെ ഓഫീസിൽ നിന്ന് വാങ്ങിക്കാവുന്നതാണ്.

**മാർ വാലാഹ് പ്രസംഗ മത്സരത്തിൽ തൃശ്ശൂർ മാതൃവേദി ഒന്നാം സ്ഥാനത്ത്**

മാർതോമാശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനത്തെ ആസ്പദ

മാക്കി ദുക്റാന തിരുന്നാളിനോടനുബന്ധിച്ച് സീറോ മലബാർ ഗ്ലോബൽ മാതൃവേദി സംഘടിപ്പിച്ച മാർ വാലാഹ് പ്രസംഗ മത്സരത്തിൽ തൃശ്ശൂർ അതിരൂപതയിലെ തണ്ടിലം ഇടവക ചിരിയങ്കണ്ടത്ത് കുടുംബത്തിൽ ശ്രീമതി ലിൻജി ഇ.എഫ് ഒന്നാം സ്ഥാനം കരസ്ഥമാക്കി. അതിരൂപത മാതൃവേദിയുടെ പ്രത്യേക അഭിനന്ദനങ്ങൾ.

**മാതൃവേദി ഓണാഘോഷവും പാരന്റിങ്ങ് ക്ലാസ്സും**

തൃശ്ശൂർ അതിരൂപതയിലെ മാതൃവേദിയുടെ നേതൃത്വത്തിൽ ഓണാഘോഷവും അമ്മമാർക്കായി പാരന്റിങ്ങ് ക്ലാസ്സും സെപ്റ്റംബർ 1 -ാം തിയ്യതി തിങ്കളാഴ്ച്ച 9.30 മുതൽ 1.30 വരെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. പുതുക്കാട്, പഴുവിൽ, വടക്കാഞ്ചേരി ഫൊറോന മാതൃവേദി അംഗങ്ങളാണ് ആഘോഷങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്.

**കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും**

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ഈ പ്രാവശ്യം നടത്തേണ്ടത് വടക്കാഞ്ചേരി ഫൊറോനയിലെ ഇടവകകളാണ്. താൽപര്യമുള്ളവർ സെപ്റ്റംബർ 1-ാം തിയ്യതി തിങ്കളാഴ്ച്ച കൊണ്ടുവരാവുന്നതാണ്.

**ബെനദെത്ത സംഗമം**

മാതൃവേദിയുടെ നേതൃത്വത്തിൽ 2000 വർഷത്തിലും അതിനുശേഷവും വിവാഹിതരായ തൃശ്ശൂർ അതിരൂപതയിലെ നാലും അതിൽ കൂടുതലും മക്കളുള്ള വലിയ കുടുംബത്തിലെ അമ്മമാരുടെ സംഗമവും അവർക്കുവേണ്ടിയുള്ള ക്ലാസ്സുകളും ചർച്ചകളും സെപ്റ്റംബർ 18-ാം തിയ്യതി വ്യാഴാഴ്ച്ച (9.30 pm- 1.30 pm) അതിരൂപത ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് നടക്കുന്നു. ഈ സംഗമത്തിലേക്ക് വലിയ കുടുംബങ്ങളിലെ എല്ലാ അമ്മമാരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മാതൃവേദി ഭാരവാഹികളുമായി ബന്ധപ്പെടുക.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ശ്രീമതി ഉജ്ജ്വല ബിജു**
പ്രസിഡണ്ട്

**ശ്രീമതി റീന വർഗ്ഗീസ്**
സെക്രട്ടറി

# തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

**ഓൺലൈൻ വർക്കഷോപ്പ്**

അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ നേതൃത്വത്തിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ കരടുവോട്ടർ പട്ടിക പരിശോധിക്കുന്നതിനും വോട്ടർപട്ടികയിൽ പേരില്ലാത്തവർക്ക് പേര് ചേർക്കുന്നതിനും പേര് മാറ്റുന്നതിനുമുള്ള ഓൺലൈൻ വർക്കാഷോപ്പ് സംഘടിപ്പിച്ചു. ഡയറക്ടർ ഫാ. ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി, കൺവീനർ ജോമി ജോൺസൻ, ജോ. കൺവീനർ ജെയിംസ് ആഴ്ചങ്ങാടൻ, മേരി റെജീന, റോണി അഗസ്റ്റിൻ, മേഴ്സി ജെയ്ക്കബ് എന്നിവർ നേതൃത്വം നൽകി.

അന്വേഷണങ്ങൾക്ക് തൃശൂർ അതിരൂപത ഫാമിലി അപ്പോസ്റ്റോലേറ്റിൽ പ്രവർത്തിക്കുന്ന അതിരൂപത ഫെസിലിറ്റേഷൻ സെന്റർ ഓഫീസുമായി ഫോണിൽ ബന്ധപ്പെടാവുന്നതാണ്. വിശദാംശങ്ങളും അപേക്ഷ ഫോമും www.afctcr.com എന്ന വെബ്സൈറ്റിലും ലഭ്യമാണ്. സംശയ ദുരീകരണത്തിനു (+91) 7909293325, 7902713325 എന്ന നമ്പറുകളിൽ വിളിക്കുക.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

# ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്

**LOAF SPIRITUAL DAY**

കുടുംബങ്ങൾക്ക്വേണ്ടി ലോഫ് ഒരുക്കുന്ന 'ആത്മീയ സായാഹ്നം' സെപ്റ്റംബർ 13-ാം തിയ്യതി സെന്റ് മേരീസ് മൈനർ സെമിനാരി, കാച്ചേരിയിൽ വെച്ച് നടത്തപ്പെടുന്നു. ദിവ്യകാരുണ്യ ആരാധന, വി. ബലി, വചന സന്ദേശം എന്നിവ ഉണ്ടായിരിക്കുന്നതാണ്.

താൽപര്യമുള്ള എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**LOAF COUPLES RETREAT**

ദമ്പതികൾക്കായി ലോഫ് ഒരുക്കുന്ന ദമ്പതി ധ്യാനം ഒക്ടോബർ – 10,11,12 തിയ്യതികളിലായി ലോഫിന്റെ നേതൃത്വത്തിൽ ജോർദ്ദാനിയ ധ്യാനകേന്ദ്രം, നെടുപുഴയിൽ വച്ച് സംഘടിപ്പിക്കുന്നു. ഒക്ടോബർ 10 വെള്ളിയാഴ്ച  വൈകീട്ട് 6 മണി മുതൽ 12 ഞായറാഴ്ച വൈകീട്ട് 5 മണി വരെയാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക. 8921049153, 9446996285, 9895924182.

**LOAF ACADEMIC SESSION**

ലോഫ് അക്കാഡമിക് സെക്ഷൻ സെപ്റ്റംബർ 28–ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നതാണ്. എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഡോ. ജോണി തോമസ്**
**& ഡോ. ബെറ്റ്സി ജോണി**
പ്രസിഡണ്ട് ദമ്പതികൾ

# കൗൺസിൽ ഓഫ് കാത്തലിക് വുമൺ ഇൻ ഇന്ത്യ

**ഓണാഘോഷം**

സി.സി.ഡബ്ല്യിയു.ഐ അംഗങ്ങളുടെ നേതൃത്വത്തിൽ ഓണാഘോഷം സെപ്റ്റംബർ 9–ാം തിയ്യതി ചൊവ്വാഴ്ച്ച 3.00 ന് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നു. സി.സി.ഡബ്ല്യിയു.ഐ അംഗങ്ങളെ എല്ലാവരേയും ഓണാഘോഷത്തിലേക്ക് ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി സിങ്കമ്മ കള്ളിയത്ത്**
പ്രസിഡന്റ്

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി. കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് സെപ്റ്റംബർ 1 തിങ്കൾ വൈകീട്ട് 4.30 മുതൽ 6.00 വരെ നടത്തുന്ന തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഏലീശ്വാ സഹഗമനം**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെയും ഹോളി ഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ നല്ല കുഞ്ഞുങ്ങൾ പിറക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഏലീശ്വാ സഹഗമനം സെപ്റ്റംബർ മാസത്തെ ഓൺലൈൻ ആരാധനയും ക്ലാസ്സും സെപ്റ്റംബർ 14-ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 5.30 മുതൽ 6.30 വരെ ഉണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്ക് എല്ലാ ഗർഭിണികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഓൺലൈൻ ലിങ്ക് ലഭിക്കുന്നതിനും കൂടുതൽ വിവരങ്ങൾ അറിയാനും ആഗ്രഹിക്കുന്നവർ ഇതോടൊപ്പമുള്ള നമ്പറിൽ വിളിക്കേണ്ടതാണ് 7736106824.

**പ്രോലൈഫ് അദ്ധ്യാപക സെമിനാർ**

തൃശ്ശൂർ അതിരൂപതയിലെ മുഴുവൻ സ്കൂളിലെയും കത്തോലിക്കാ അദ്ധ്യാപിക-അദ്ധ്യാപകർക്കായി പ്രോലൈഫ് സെമിനാർ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്ററിൽ വച്ച് നടത്തുന്നു. സെപ്തംബർ 20 ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 1.00 മണി വരെ നടക്കുന്ന സെമിനാറിൽ ആധുനിക കാലഘട്ടത്തിലെ ജീവന്റെ വെല്ലുവിളികളും മറ്റ് ആനുകാലിക വിഷയങ്ങളും സംബന്ധിച്ച് പ്രഗത്ഭരായ വ്യക്തികളുടെ ക്ലാസ്സുകൾ ഉണ്ടായിരിക്കും. ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ബന്ധപ്പെടേണ്ട നമ്പർ 9846142576.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

# ചിൽഡ്രൻസ് മിനിസ്ട്രി

**സാഹിത്യമത്സരങ്ങളുടേയും ആമി ജെസു പരീകഷയുടെയും മത്സരഫലം**

തൃശ്ശൂർ അതിരൂപതയിലെ ചിൽഡ്രൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി. എന്നീ സംഘടനയിലെ കുട്ടികൾക്കായി 2025 ജൂലൈ 12 -ാം തിയ്യതി ശനിയാഴ്ച്ച സംഘടിപ്പിച്ച സാഹിത്യമത്സരത്തിന്റേയും ജൂൺ മാസം നടത്തിയ ആമി ജെസുവിന്റേയും മത്സരഫലം 2025 ആഗസ്റ്റ് 15 ന് വാട്സപ്പിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സമ്മാനർഹരായ എല്ലാവർക്കും അഭിനന്ദനങ്ങൾ.

ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്കുള്ള സമ്മാനങ്ങൾ 2026 ജനുവരി 18 ന് നൽകുന്നതായിരിക്കും. എ ഗ്രേഡ് ലഭിച്ചവർക്കുള്ള സമ്മാനങ്ങൾ ഒക്ടോബർ മുതൽ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്നും വാങ്ങാവുന്നതാണ്.അനുയോജ്യമായ ഒരു ദിവസം ഏതെങ്കിലും പൊതു ചടങ്ങിൽവെച്ച് യൂണിറ്റ് ഡയറക്ടർമാർ അത് കുട്ടികൾക്ക് നൽകുന്നത് ഉചിതമായിരിക്കും.

**കലാമത്സരങ്ങൾ 2025**

തിരുബാലസഖ്യം, അൾത്താരസംഘം, ജൂനയർ സി.എൽ.സി. സംഘടനകളിലെ കുട്ടികൾക്കായി കലാമത്സരം സംഘടിപ്പിക്കുന്നു. ഫൊറോന പ്രൊമോട്ടറുടെ നേതൃത്വത്തിൽ സെപ്തംബർ-ഒക്ടോബർ മാസങ്ങളിലായി നടത്തപ്പെടുന്ന ഫൊറോനതല മത്സരത്തിനുശേഷം, ഒക്ടോബർ 11-ാം തിയ്യതി ശനിയാഴ്ച സെന്റ് ജോസഫ് കുരിയച്ചിറ സ്കൂളിൽ വച്ചായിരിക്കും അതിരൂപതാതല മത്സരം നടത്തപ്പെടുക. ഫൊറോനതല മത്സരം നടത്തി ഒക്ടോബർ 1 ന് മുമ്പായി അതിരൂപത എൻട്രി ഫോം പൂരിപ്പിച്ച് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ എത്തിക്കുവാൻ ഫൊറോന പ്രമോട്ടേഴ്സ് ശ്രദ്ധിക്കേണ്ടതാണ്. ഫൊറോനതലത്തിൽ മത്സരിച്ച് ഫസ്റ്റ് കിട്ടിയ ഒരു ടീം/ഒരു കുട്ടി മാത്രമേ അതിരൂപതതല മത്സരത്തിൽ പങ്കെടുക്കാവൂ. എന്നാൽ പ്രത്യേക കാരണങ്ങളാൽ പ്രസ്തുത ടീമിന്/കുട്ടിക്ക് പങ്കെടുക്കാൻ താലാപര്യമില്ലെങ്കിൽ പ്രമോട്ടറച്ചന്റെ അനുവാദത്തോടെ സെക്കന്റിന് അർഹരായ ഒരു ടീം/ഒരു കുട്ടിക്ക് മത്സരത്തിന് അവസരം നൽകാവുന്നതാണ്. മത്സരങ്ങളുടെ പൊതു നിർദ്ദേശങ്ങളും എൻട്രി ഫോമും ലഭിക്കാത്തവർ ചിൽഡ്രൻസ് മിനിസ്ട്രി

ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. സ്കൂൾ തിരുബാലസഖ്യം കുട്ടികൾക്കായുള്ള കലാമത്സരം നവംബർ 08-ാം തിയ്യതിയാണ് നടത്തപ്പെടുക. സ്കൂൾ തിരുബാലസഖ്യം കുട്ടികൾക്ക് ഫൊറോന തല മത്സരം ഉണ്ടായിരിക്കുന്നതല്ല. സ്കൂൾ തിരുബാലസഖ്യ കുട്ടികൾക്ക് ഇടവക-തിരുബാലസഖ്യ മത്സരങ്ങളിൽ പങ്കെടുക്കാവുന്നതാണ്.

**ബൈബിൾ പൂക്കളേഴ്സ് 2025**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കായി ഒരുക്കിയിരിക്കുന്ന ബൈബിൾ പൂക്കളഴ്സ് മത്സരങ്ങളിലേക്കായി എല്ലാ കുട്ടികളേയും ഒരിക്കൽ കൂടി സ്വാഗതം ചെയ്യുന്നു. നമ്മുടെ ഈ വർഷത്തെ ബൈബിൾ പൂക്കളേഴ്സ് മത്സരം മുൻവർഷങ്ങളിൽ നിന്ന് വ്യത്യസ്തമായ ഒരു രീതിയിലാണ് സംഘടിപ്പിക്കുന്നത്. കൂടുതൽ ഇടവകകളിൽ നിന്നും പങ്കാളിത്തവും ക്രിയാത്മകമായ ആശയാവതരണവും പ്രതീക്ഷിച്ചുകൊണ്ട് വചനം എഴുതിയ പേപ്പറുകൾക്കൊണ്ട് പൂക്കളം നിർമ്മിക്കാനാണ് ഈ വർഷം പദ്ധതിയിട്ടിരിക്കുന്നത്.

ഒരു ചാർട്ട് പേപ്പർ വലിപ്പത്തിൽ ബൈബിൾ വചനങ്ങൾ എഴുതിയ വ്യത്യസ്ത വലിപ്പത്തിലും ആകൃതിയിലുമുള്ള പേപ്പറുകൾക്കൊണ്ട് സ്വന്തം ഇടവകകളിലിരുന്ന് തയ്യാറാക്കി, അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ ഏൽപിക്കാവുന്ന രീതിയിലാണ് മത്സരം ക്രമീകരിച്ചിരിക്കുന്നത്. പൂക്കളങ്ങൾ 2025 സെപ്റ്റമ്പർ 08 ന് വൈകുന്നേരം 4.00 മണിക്ക് മുമ്പുതന്നെ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട നിർദേശങ്ങൾ നിങ്ങൾക്ക് ലഭിച്ച നോട്ടീസിൽ ഉണ്ടായിരിക്കുന്നതാണ്.

**ആനിമേറ്റേഴ്സ് സെമിനാർ**

തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി. സംഘടനകളിലെ ആനിമേറ്റേഴ്സിനായി അർദ്ധദിന സെമിനാർ സെപ്റ്റംബർ 14-ാം തിയ്യതി ശനിയാഴ്ച്ച ഡി.ബി.സി.എൽ.സിയിൽവെച്ച് ഉച്ചതിരിഞ്ഞ് 1.30 മണി മുതൽ 4.00 മണി വരെ നടത്തുന്നു. എല്ലാ അതിരൂപത ആനിമേറ്റേഴ്സും ഫോറോനയിൽ നിന്നുള്ള മൂന്ന് ആനിമാറ്റർ പ്രതിനിധിമാരും നിർബന്ധമായി ഈ മീറ്റിങ്ങിൽ പങ്കെടുക്കേണ്ടതാണ്. വാർഷിക റിപ്പോർട്ടിനുള്ള ഫോം, മിഷൻ കളക്ഷൻ കവർ, Prayer Friend Collection, Jesus Birthday party കൂപ്പൺ എന്നിവ ആ മീറ്റിങ്ങിലാണ് വിതരണം ചെയ്യുക.

**അച്ഛാ..ഡൗട്ട്**

ആമി ജെസു ചാലഞ്ചിന്റെ വിജയത്തിനുശേഷം ചിൽഡ്രൻസ് മിനിസ്ട്രി നിങ്ങള്ക്കുമുമ്പിൽ സമർപ്പിക്കുന്നു: അച്ഛാ..ഡൗട്ട് (നല്ല

സംശയങ്ങൾ). ചിൽഡ്രൻസ് മിനിസ്ട്രിയിലെ അംഗങ്ങൾക്കായി പഠിക്കാൻ 50 വചനങ്ങളും പരിശീലിക്കാനും വിശ്വാസ വഴിയിൽ ആഴപ്പെടാനുമായി 50 സംശയങ്ങൾക്കുള്ള ഉത്തരങ്ങളും അടങ്ങുന്ന വീഡിയോ മീഡിയ കത്തോലിക്ക വാട്സപ്പ് ചാനലിലൂടെയും ചിൽഡ്രൻസ് മിനിസ്ട്രിയുടെ ഇൻസ്റ്റഗ്രാം അക്കൗണ്ടുകളിലൂടെയും നിങ്ങളുടെ ഇടവക ആനിമാറ്റർമാരിലൂടെയും നിങ്ങൾക്ക് ലഭിക്കുന്നതാണ്. വചനം ഹൃദിസ്ഥമാക്കുകയും വിശ്വാസം ജീവിക്കുകയും ചെയ്യാം! ഒക്ടോബർ മാസത്തിൽ 50 വീഡിയോകളും പഠിച്ച ചിൽഡ്രൻസ് മിനിസ്ട്രിയിലെ 5 മുതൽ 10 വരെയുള്ള വിശ്വാസപരിശീലനക്ലാസിലെ അംഗങ്ങൾക്കായി എഴുത്ത് മത്സരവും സംഘടിപ്പിക്കുന്നു. മത്സര വിവരം പിന്നീട് ചാനലിലൂടെ അറിയിക്കുന്നതാണ്! കാതോർക്കാം നല്ല സംശയങ്ങൾക്കായ്.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

തിരുവചനം: ‘‘യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുത്തു നില്ക്കുന്നതുകണ്ട് അമ്മയോട് പറഞ്ഞു: സ്ത്രീയേ, ‘‘ഇതാ നിന്റെ മകൻ’’. അനന്തരം അവൻ ആ ശിഷ്യനോട് പറഞ്ഞു: ‘‘ഇതാ നിന്റെ അമ്മ’’. അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു.’’ (യോഹ 19: 26–27)

സൂകൃതജപം: എന്റെ ഈശോയെ, അനുദിന കുരിശുകളെ സന്തോഷത്തോടെ സ്വീകരിക്കുവാൻ കൃപ ചെയ്യണമേ !

പ്രാർത്ഥനാ നിയോഗം: സമൂഹത്തിൽ അവഗണിക്കപ്പെട്ടവർ, നിരാശ്രയർ എന്നിവർക്കുവേണ്ടി പ്രാർത്ഥിക്കാം.

പരിചയപ്പെടുന്ന വിശുദ്ധൻ: പൗരസ്ത്യസഭയിലെ നാല് സഭാപിതാക്കന്മാരിൽ ഒരാളായ വി. ജോൺ ക്രിസോസ്റ്റം ആണ് ഈ മാസം നാം പരിചയപ്പെടുന്ന വിശുദ്ധൻ. സിറിയായിലെ സൈന്യാധിപനായ സെക്കുന്തൂസിന്റെ ഏക പുത്രനായിരുന്നു വിശുദ്ധ ജോൺ. ചെറുപ്പം മുതൽ പ്രാർത്ഥനയിലും വിശുദ്ധ ഗ്രന്ഥധ്യാനത്തിലും ചെലവഴിച്ചുപോന്ന അദ്ദേഹം 386 ൽ കോൺസ്റ്റാന്റിനോപ്പിളിലെ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. അദ്ദേഹം വി. കുർബാന ചൊല്ലുമ്പോൾ വിശുദ്ധർ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന് കുർബാനയെ ആരാധിക്കുന്നതായി അദ്ദേഹം കണ്ടിരുന്നുവെന്ന് വി. നീലൂസു സാക്ഷ്യപ്പെടുത്തിക്കാണുന്നുണ്ട്. 407 ൽ ഒരു വിപ്രവാസത്തിനിടയിൽ തിരുപാഥേയം സ്വീകരിച്ച് ‘‘സകലത്തിനും ദൈവത്തിനു സ്തുതി’’ എന്ന് പതിവായി ചൊല്ലാറുള്ള വാക്കുകൾ ഉരുവിട്ടുകൊണ്ട് തന്റെ ആത്മാവിനെ അദ്ദേഹം ഈശോയ്ക്ക് സമർപ്പിച്ചു. തിരുസഭ സെപ്തംബർ 13 ന് വിശുദ്ധന്റെ തിരുനാൾ ആഘോഷിക്കുന്നു.

പ്രവർത്തനം: സെപ്തംബർ മാസത്തിൽ പ്രത്യേകമായി മൂന്ന്

പ്രാവശ്യം പരിശുദ്ധ അമ്മയുടെ സ്മരണനാളുകൾ കൊണ്ടാടുന്നു. ഒരു പ്രാവശ്യമെങ്കിലും പരിശുദ്ധ അമ്മയെപ്രതി വൃദ്ധസദനങ്ങളിൽ കഴിയുന്ന അമ്മമാരെ ഓർത്ത് പുണ്യപ്രവൃർത്തി ചെയ്യുമല്ലോ.

**ഫാ. പോൾ മുട്ടത്ത്**
ഡയറക്ടർ

**സി. ജീജ SSPC**
കോർഡിനേറ്റർ

## സാന്ത്വനം

**സാന്ത്വനം സർജിക്കൽസ് (രോഗി പരിചരണ ഉപകരണ ബാങ്ക്)**

മെയ്, ജൂൺ, ജൂലൈ മാസത്തിൽ കട്ടിൽ, എയർബെഡ്, ബെഡ്, എന്നീ സർജിക്കൽ ഉപകരണങ്ങൾ വിവിധ ഇടവകകളിലെ രോഗികൾക്ക് നൽകി.

**മൊബൈൽ റിപ്പയറിങ് കോഴ്സ് ആരംഭിച്ചു.**

തൊഴിൽ സാധ്യതകളുടെ ലോകത്ത് പുതിയ വഴികൾ തുറക്കുന്നതിനായി സാന്ത്വനത്തിന്റെയും ഓസ്ട്രേലിയൻ കോൺസുലേറ്റ് ജനറൽ, ചെന്നൈയുടെ സഹകരണത്തോടെയും സംഘടിപ്പിക്കുന്ന മൊബൈൽ റിപ്പയറിങ് കോഴ്സിന്റെ ഉദ്ഘാടനം തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് നിർവഹിച്ചു. തൊഴിൽ പരിശീലനത്തിലൂടെ യുവാക്കളുടെ ശാക്തീകരണം എന്ന മുദ്രാവാക്യവുമായി ആരംഭിക്കുന്ന ഈ പദ്ധതി, സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കാൻ യുവതി യുവാക്കൾക്ക് പ്രചോദനം നൽകുന്നു. ഉദ്ഘാടന ചടങ്ങ് 2025 ഓഗസ്റ്റ് 2 ന് വൈകുന്നേരം 2 മണിക്ക് തൃശൂർ പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. സമൂഹത്തിൽ തൊഴിൽ പരിശീലനത്തിന്റെ പ്രാധാന്യം ഉയർത്തിപ്പിടിക്കുന്നതിനും, സാങ്കേതിക രംഗത്ത് യുവജനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുമുള്ള ഒരു മുന്നേറ്റമായി പരിപാടിയെ അദ്ദേഹം വിശേഷിപ്പിച്ചു.

**ആദരാഞ്ജലികൾ**

2020 മുതൽ 2024 വരെ സാന്ത്വനത്തിന്റെ സാരഥ്യം വഹിച്ച നമ്മിൽ നിന്ന് വേർപ്പിരിഞ്ഞ ബഹു. ജോയ് അച്ചന്റെ ഓർമ്മകൾക്ക് മുമ്പിൽ സാന്ത്വനം കുടുംബം ആദരാഞ്ജലികൾ അർപ്പിക്കുന്നു.

അച്ചന്റെ സാന്ത്വനത്തിലുള്ള പ്രവർത്തന കാലഘട്ടം ഒന്ന് ചുരുക്കി പറയുകയാണെങ്കിൽ കൊറോണയുടെ ഏറ്റവും തീവ്ര കാലഘട്ടത്തിൽ തൃശൂർ അതിരൂപതയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും സാധാരണക്കാരന്റെ ജീവിത ബുദ്ധിമുട്ടുകളിൽ നിന്ന് തിരികെ കൊണ്ടുവരാൻ അക്ഷീണം പ്രവർത്തിക്കുകയും നൂതനമായ പ്രവർത്തന ശൈലികൊണ്ട് വേറിട്ട് നിൽക്കുകയും ചെയ്തു. അതിന് ഉദാഹരണമാണ് സാന്ത്വനം സ്വിഫ്റ്റ് മാർട്ടും, സാന്ത്വനം ടാസ്ക് ഫോഴ്സും രൂപീകരിച്ച് പ്രവർത്തിച്ചത്. കാർഷിക ഉൽപ്പന്നങ്ങൾ ശേഖരിച്ച് ഏവർക്കും ലഭ്യമാക്കുകയും മരുന്നും ഭക്ഷണവും നൽകുകയും, എന്തിനേറേ, മരണമടഞ്ഞവരുടെ ശരീരങ്ങൾ ഏറ്റെടുത്ത് യഥാവിധി സംസ്കരിക്കുകയും ചെയ്ത അച്ചന്റെ നേതൃത്വത്തിലുള്ള പ്രവർത്തനത്തെ എളുപ്പത്തിൽ മറക്കാവുന്നതല്ല.

വൈലത്തൂരിൽ 11 ഭവനങ്ങളുടെ നിർമാണം(സാന്തോം വില്ലേജ്), മാറ്റാപുറത്ത് 7 ഭവനങ്ങൾ, കെ.സി. ഫൗണ്ടേഷനുമായി സഹകരിച്ച് 22 വീടുകൾ, മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ചുള്ള 8 വീടുകൾ എന്നിങ്ങനെ അനേകം കുടുംബങ്ങൾക്ക് സ്വപ്ന ഭവനങ്ങൾ നിർമിച്ചു നൽകി. ദൈവത്തിന്റെ കാരുണ്യത്തിന്റെ മുഖം മറ്റുള്ളവർക്ക് പകർന്ന് നൽകിയ സാന്ത്വനം ഗ്രീൻ ഓട്ടോ പദ്ധതി ഏറെ ശ്രദ്ധയാകർഷിച്ചതാണ്. കാൻസർ രോഗികൾക്കുള്ള സാന്ത്വനത്തിന്റെ കരുതൽ നിറഞ്ഞ കാൻകെയർ പദ്ധതിയും കിടപ്പ് രോഗികൾക്കും അവരെ ശുശ്രൂഷിക്കുന്നവർക്കും ആശ്വാസം ഏകുന്ന സാന്ത്വനം സർജിക്കൽ പദ്ധതിയും ജോയച്ചൻ തുടങ്ങിവെച്ച പ്രവർത്തനങ്ങളാണ്.

തന്നെ സമീപിക്കുന്നവർക്ക് തികച്ചും ഒരു അത്താണിയായിരുന്നു ജോയച്ചൻ. ഏറെ പ്രയാസപ്പെട്ടവർക്ക് ആശ്വാസത്തിന്റെ വചനങ്ങളും കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും പ്രവർത്തനങ്ങളും അനുഭവിച്ചറിയാൻ കഴിയുന്ന നല്ല ഇടയനാണ് അച്ചൻ. കൂടെ പ്രവർത്തിച്ചവർക്ക് ആശങ്കകളില്ലാതെ, ഭയമില്ലാതെ,തളരാതെ പ്രവർത്തിക്കാൻ കരുത്തും ബലവും നൽകി ഏത് പ്രതിസന്ധിയെയും എല്ലാം ശരിയാകും എന്ന ഒറ്റവാക്കിൽ നേരിടാൻ സഹായിക്കുന്ന നല്ല നേതാവും ഉത്തമ പിതാവും ഹൃദയത്തിന് ഇണങ്ങിയ കൂട്ടുകാരനും ആയിരുന്നു അച്ചനെന്ന് കൂടെ പ്രവർത്തിച്ചവർക്കെല്ലാം അറിയാം. സാന്ത്വനം കുടുംബത്തിന് ഏറെ നഷ്ടമാണ് അച്ചന്റെ വിയോഗം. ഇനിയും ഏറെ എഴുതാനുണ്ടെങ്കിലും- ഒരിക്കലും മങ്ങിപോകാത്ത അച്ചന്റെ ഓർമകൾക്ക് മുമ്പിൽ സാന്ത്വനം കുടുംബത്തിന്റെ പ്രണാമം.

**ഭവന നിർമാണ പ്രവർത്തനങ്ങൾ**

സാന്ത്വനത്തിന്റെ ഭവന നിർമ്മാണ പദ്ധതിയിൽ മെയ്,ജൂൺ, ജൂലൈ മാസങ്ങളിലായി അക്രൈസ്തവർക്ക് ഉൾപ്പെടെ 4 ഭവനങ്ങൾ പാടുക്കാട്,എളവള്ളി,അത്താണി,വരന്തരപ്പിള്ളി എന്നീ ഇടവക ളിലായി പണി പൂർത്തീകരിച്ച് താമസത്തിനായി കൈമാറി. അതത് ഇടവകയിലെ വികാരിമാർ, സാന്ത്വനം ഡയറക്ടർ ഫാ. ജോജു ആളൂർ സാന്ത്വനം അസ്സോ.ഡയറക്ടർ ഡോ.ഫാ.ജോസ് വട്ടക്കുഴി, അസി.ഡയറക്ടർ ഫാ.ഡിക്സൺ കൊളംമ്പ്രത്ത്, പ്രോജക്ട് കോർഡിനേറ്റർ സി. ജിസ്മരിയ OSF,സാന്ത്വനം സ്റ്റാഫ് അംഗങ്ങൾ എന്നിവർ ആശീർവാദ ചടങ്ങിൽ സന്നിഹിതരായിരുന്നു.

**ഫാ. ജോജു ആളൂർ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോ. ഡയറക്ടർ

**ഫാ. ടെൻസ് കുന്നപ്പിള്ളി**
അസിസ്റ്റന്റ് ഡയറക്ടർ
ഇൻ ചാർജ്ജ്

**ഫാ. ഡിക്സൺ കൊളമ്പ്രത്ത്**
അസിസ്റ്റന്റ് ഡയറക്ടർ

# മദ്യവിരുദ്ധസമിതി

**1. വനിതാസംഗമം**

മദ്യ ലഹരി വിപത്തിനെതിരെ സ്ത്രീശക്തി ഉണരണം എന്ന് മരിയ പ്രൊവിൻഷ്യാൽ വെരി റവ. സി. വെണ്മ സി.എസ്.സി. പ്രസ്താവിച്ചു. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതി രൂപത കണ്ണംകുളങ്ങര ക്രിസ്തുരാജ പള്ളി ഹാളിൽ സംഘടിപ്പിച്ച വനിതാസംഗമം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു സിസ്റ്റർ. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത വൈസ് പ്രസിഡന്റ് ശ്രീമതി ഷീന ജോസ് അദ്ധ്യക്ഷയായ യോഗത്തിന് ആമുഖ പ്രഭാഷണം നടത്തിയത് അതിരൂപത ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരനാണ്. കോർപ്പറേഷൻ കൗൺസിലർ അഡ്വ. വില്ലി ജിജോ, റവ. സി. ഡോ. ആശ സി.എസ്.സി. (MBBS, MD) എന്നിവർ മുഖ്യപ്രഭാഷകരായി.

**2. ക്വിറ്റ് ലിക്വർ ഡേ ആചരണം**

മദ്യ രാസ ലഹരികൾ രാജ്യത്ത് ഭീകരമായ അന്തരീക്ഷം സൃഷ്ടി ക്കുന്നു എന്ന് പ്രശസ്ത അധ്യാപകനും സഭാതാര ജേതാവുമായ

പി.ഐ. ലാസർ മാസ്റ്റർ പ്രസ്താവിച്ചു. കെ.സി.ബി.സി. മദ്യ ലഹരി വിരുദ്ധ സമിതി തൃശൂർ അതിരൂപത കിഴക്കേ കോട്ട സെന്ററിൽ സംഘടിപ്പിച്ച ക്വിറ്റ് ലിക്വർ ഡേ ആചരണം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. മദ്യ ലഹരി വിരുദ്ധ സമിതി തൃശൂർ അതിരൂപത പ്രസിഡന്റ് ശ്രീ. വി.എം. അഗസ്റ്റിൻ അധ്യക്ഷനായ യോഗത്തിന് അതിരൂപത ഡയറക്ടർ റവ. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ആമുഖപ്രഭാഷകനായി. മുഖ്യപ്രഭാഷണം നടത്തിയത് മദ്യവിമോചന മഹാസഖ്യം പ്രസിഡന്റ് ശ്രീ. ഇ.എ. ജോസഫാണ്.

**3. ഓൺലൈൻ മദ്യവില്പ്പന ജനദ്രോഹമാണ്**

കെ.സി.ബി.സി. മദ്യ ലഹരി വിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട പ്രൊമോട്ടേഴ്സ് മീറ്റിൽ ഓൺലൈൻ മദ്യവിൽപ്പന ജനദ്രോഹമാണെന്ന് തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ യോഗം ഉദ്ഘാടനം ചെയ്ത് പ്രസ്താവിച്ചു. അതിരൂപത വികാരി ജനറാൾ മോൺ. ജെയ്സൺ കൂനംപ്ലാക്കൽ സന്ദേശം നൽകി. നെസ്റ്റ് ഡി അഡിക്ഷൻ സെന്റർ ഡയറക്ടർ റവ. ഡോ. പോൾ ചാലിശ്ശേരി മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. ആനിമേറ്റർ റവ. സി. എൻസ്വീഡ് സി.എസ്.സി. സർക്കാരിന്റെ വികലമായ മദ്യനയത്തെ അപലപിച്ചുകൊണ്ട് പ്രമേയ അവതരണം നടത്തി.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ** — ഡയറക്ടർ

**ശ്രീ. ലിന്റോ ഫ്രാൻസിസ്** — പി.ആർ.ഒ.

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

കരിസ്മാറ്റിക് നവീകരണ ജൂബിലി ഒരുക്ക പ്രാർത്ഥന ജൂലായ് 18ന് ബസിലിക്ക സബ് സോണിലെ അരുണാട്ടുകര സെന്റ് തോമസ് ദേവാലയത്തിൽ വച്ച് നടന്നു. ഇടവക വികാരി റവ. ഫാ. ജോസ് ചാലക്കൽ തിരി തെളിയിച്ച് ഉദ്ഘാടന സന്ദേശം നൽകി. സബ് സോൺ ആനിമേറ്റർ റവ. ഫാ. രാജു അക്കര മുഖ്യ പ്രഭാഷണം നടത്തി. സോൺ കോ-ഓർഡിനേറ്റർ ഷാജു ക്ലാസ് നയിച്ചു. തുടർന്ന് വിശുദ്ധ കുർബാനയും ആരാധനയും മധ്യസ്ഥ പ്രാർത്ഥനയും നടന്നു. സോണൽ സർവീസ് ടീം അംഗങ്ങളും സബ് സോൺ

സർവീസ് ടീം അംഗങ്ങളും ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. കരിസ്മാറ്റിക് അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. സിന്റോ പൊന്തേക്കൻ ദിവ്യകാരുണ്യ ആരാധനയ്ക്ക് നേതൃത്വം നൽകി.

**സബ് സോൺ സന്ദർശനം**

കരിസ്മാറ്റിക് ജൂബിലിയോട് അനുബന്ധിച്ച് സോണൽ സർവീസ് ടീമിന്റെ സബ് സോൺ സന്ദർശനം ആരംഭിച്ചു. ഓഗസ്റ്റ് മാസം ആറാം തീയതി വേലൂർ സബ് സോൺ സന്ദർശനം വേലൂർ ഫൊറോന ദേവാലയത്തിൽ വച്ച് നടന്നു. അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ.റോയ് വേളക്കൊമ്പിൽ മുഖ്യപ്രഭാഷണം നടത്തി. സോൺ കോ-ഓർഡിനേറ്റർ ഷാജു ജൂബിലി ചിന്തകൾ പങ്കുവെച്ചു. ഫൊറോന കോ-ഓർഡിനേറ്റർ വർഗീസ് എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് എല്ലാ പ്രാർത്ഥന കൂട്ടായ്മ കോ-ഓർഡിനേറ്റർമാർ ആശയങ്ങൾ പങ്കുവെച്ചു.

ഓഗസ്റ്റ് മാസം എട്ടാം തീയതി ഉച്ചയ്ക്ക് 2 മുതൽ പഴുവിൽ സബ് സോൺ  സന്ദർശനം കീഴ്പ്പിള്ളിക്കര ദേവാലയത്തിൽ വച്ച് നടന്നു. രണ്ടുമണിക്ക് ദിവ്യകാരുണ്യ ആരാധനയോടുകൂടി ശുശ്രൂഷകൾ ആരംഭിച്ചു. സബ് സോൺ കോ-ഓർഡിനേറ്റർ വില്യംസ് എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. റോയ് വേളക്കൊമ്പിൽ മുഖ്യപ്രഭാഷണം നടത്തി. സോൺ കോ-ഓർഡിനേറ്റർ ഷാജു ജൂബിലി ചിന്തകൾ പങ്കുവെച്ചു. സബ്സോൺ ആനിമേറ്റർ റവ. ഫാ. ജിബിൻ വാഴപ്പിള്ളി സബ് സോൺ ചിന്തകൾ കൂട്ടിച്ചേർത്തു. ഓരോ ഇടവകകളിൽ നിന്നും വന്ന പ്രാർത്ഥന കൂട്ടായ്മ കോ-ഓർഡിനേറ്റർമാർ ഇടവക കൂട്ടായ്മ വിശേഷങ്ങൾ പങ്കുവെച്ചു.

**പാരിഷ് മിനിസ്ട്രി ഏകദിനം**

എല്ലാ മാസത്തിന്റെയും ആദ്യ തിങ്കളാഴ്ച പാരീസ് മിനിസ്ട്രി കൂട്ടായ്മ ആബാ ധ്യാനകേന്ദ്രത്തിൽ നടന്നുവരുന്നു. ഓഗസ്റ്റ് മാസം കൂട്ടായ്മയിൽ ബ്രദർ സന്തോഷ് കരുമത്ര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**മധ്യസ്ഥ പ്രാർത്ഥന അർദ്ധദിന ശുശ്രൂഷ**

ഓഗസ്റ്റ് മാസം പതിനൊന്നാം തീയതി മധ്യസ്ഥ പ്രാർത്ഥന അർദ്ധദിനം ആബാ ധ്യാന കേന്ദ്രത്തിൽ നടന്നു. അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നുള്ള മധ്യസ്ഥ പ്രാർത്ഥന അംഗങ്ങൾ ശുശ്രൂഷയിൽ പങ്കുചേർന്നു.

**പ്രാർത്ഥനാ ദിനം**

മിഷനറി പ്രവർത്തനത്തിൽ ഏർപ്പെട്ട കന്യാസ്ത്രീകൾ നേരെ

യുണ്ടായ ആക്രമണത്തിൽ ഓഗസ്റ്റ് ഒന്നാം തീയതി അതി രൂപത കരിസ്മാറ്റിക് നവീകരണ ശുശ്രൂഷ പ്രാർത്ഥനാദിനമായി ആചരിച്ചു. രാവിലെ 9.30 മുതൽ രാത്രി ഒരു മണി വരെ ആബാ ധ്യാനകേന്ദ്രത്തിൽ ദിവ്യകാരുണ്യ ആരാധന നടത്തി.

**രാത്രി ആരാധന**

എല്ലാ മാസത്തിന്റെ ആദ്യ വെള്ളിയാഴ്ചകളിൽ ആബാ ധ്യാന കേന്ദ്രത്തിൽ കപ്പിൾസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ രാത്രി 8 മുതൽ ഒരു മണി വരെ ആരാധന നടത്തപ്പെടുന്നു.

**ഫാ. റോയ് വേളക്കൊമ്പിൽ**
ഡയറക്ടർ

**ഫാ. സിന്റോ പൊന്തേക്കൻ**
അസി. ഡയറക്ടർ

## ജീസസ്സ് യൂത്ത്

### Zonal Night Vigil

ഈ മാസത്തെ ജീസസ് യൂത്ത് സോണൽ നൈറ്റ് വിജിൽ ഓഗസ്റ്റ് 2 ന് തൃശ്ശൂർ അവർ ലേഡി ഓഫ് ഡോളേഴ്സ് ബസിലിക്കയിൽ വച്ച് 8:30 മുതൽ 12:00 വരെ നടന്നു. കത്തോലിക്ക സഭയിലെ എല്ലാ മിഷനറീസിന് വേണ്ടിയും, പ്രത്യേകമായി സി. പ്രീതി, സി.വന്ദന എന്നിവരുടെ ജയിൽ നിന്നുള്ള മോചനത്തിനായും നിയോഗം വച്ച് സ്തുതിപ്പും ആരാധനയും മധ്യസ്ഥ പ്രാർത്ഥനയും നടത്തപ്പെട്ടു. ഫാ. ജോൺ പേരാമംഗലം - ന്റെ കാർമ്മികത്വത്തിൽ വി. കുർബാന യോടു കൂടി സമാപിച്ചു.

### Service Team Training

ജീസസ് യൂത്ത് 2025 – 27 സർവീസ് ടീം ട്രൈനിങ് ജൂലൈ 25, 26, 27 തീയതികളിലായി ഗാഗുൽത്താ റിട്രീറ്റ് സെന്റ4, കുറുമാലിൽ വച്ച് നടന്നു. മൂന്നു ദിവസങ്ങളിലായി നടന്ന ട്രെയിനിങ്ങിൽ 140 അംഗങ്ങളാണ് പങ്കെടുത്തത്. ദൈവസ്നേഹം, പരിശുദ്ധാത്മാ ഭിഷേകം, മുന്നേറ്റത്തിന്റെ 6 സ്തൂപങ്ങൾ, ഒരു ക്രിസ്ത്യൻ ലീഡർ എങ്ങനെ ആയിരിക്കണം, വിശ്വസ്തതാപൂർവ്വം എങ്ങനെ പ്രത്യു ത്തരം നൽകണം, ടീം ബിൽഡിംഗ് എന്നീ വിഷയങ്ങളെക്കുറിച്ച് സെഷൻ എടുത്തു ഒപ്പം ആരാധനയിലൂടെയും വിശുദ്ധ കുർബാന യിലൂടെയും കൂടുതൽ ദൈവാനുഭവത്തിലേക്ക് കടന്നു വരുവാ

നും, ആന്തരിക സൗഖ്യം ലഭിക്കുവാനും സാധിച്ചു. ആക്ടിവിറ്റി,കേസ് സ്റ്റഡി, ആക്ഷൻ സോങ് എന്നിവയിലൂടെ വിഷയങ്ങളെക്കുറിച്ച് കൂടുതൽ വ്യക്തത ലഭിക്കുവാനും അവസരം ലഭിച്ചു.

ഫാ.ജോ അഗസ്റ്റിൻ, ഫാ. റോജർ ഓ.എഫ്.എം ക്യാപ് വി. കുർബാനക്ക് നേതൃത്വം നൽകി. തൃശ്ശൂർ അതിരൂപത ജീസസ് യൂത്ത് ഡയറക്ടർ ഫാ. ബാസ്റ്റിൻ പുന്നോലിപ്പറമ്പിൽ, സി. ജിഷ സി. എം. സി, അഡ്വ. റൈജു വർഗ്ഗിസ്, അഭിലാഷ് എം.കെ, റെന്നി ജോസഫ്, മാത്യു ജോസഫ്, ക്രിസ്റ്റീന,ഷൈജു മാത്യു, മെജോ ജോസ് എന്നിവർ ക്ലാസുകൾ നയിച്ചു. ജീസസ് യൂത്ത് സോണൽ കോർഡിനേറ്റർ ആൽവിൻ ഡേവിസ്, ജനറൽ കോർഡിനേറ്റർ അമൽ വി. ജെ മറ്റു സോണൽ കൗൺസിൽ അംഗങ്ങൾ ട്രെയിനിങ്ങിന് നേതൃത്വം നൽകി.

**ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിൽ**
ഡയറക്ടർ

**ഫാ. ബിജോയ് പൊൻപറമ്പിൽ**
അസി.ഡയറക്ടർ

**ആൽവിൻ ഡേവിസ്**
കോർഡിനേറ്റർ

# ലീജിയൻ ഓഫ് മേരി

തൃശ്ശൂർ അതിരൂപതാ ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയം മീറ്റിംഗ് തൃശ്ശൂർ പാസ്റ്ററൽ സെന്ററിൽ വെച്ച് കൂടുകയുണ്ടായി. ബ്ര.സണ്ണി കാട്ടൂക്കാരൻ അദ്ധ്യക്ഷത വഹിച്ചു. ആദ്ധ്യാത്മിക നിയന്താവ് റവ.ഫാ.ജോൺ മൂലൻ സന്നിഹിതനായിരുന്നു. ബ്ര. ലാസർ കള്ളിക്കാടൻ റിപ്പോർട്ട് അവതരിപ്പിച്ചു. രൂപതയിലെ എല്ലാ കൂരിയകളിൽ നിന്നും ഭാരവാഹികൾ സന്നിഹിതരായിരുന്നു. ഛത്തിസ്ഗഡിൽ രണ്ട് കന്യാസ്ത്രീകളെ അകാരണമായി അറസ്റ്റ് ചെയ്ത് തുറങ്കിലടച്ചതിന്റെ പ്രതിഷേധം, വിഭാഗീയത മറന്ന് ക്രൈസ്തവ സമൂഹങ്ങൾ ഒരുമിച്ച് പോരാടാനിറങ്ങിയതിനാൽ യോഗം സന്തോഷം രേഖപ്പെടുത്തി. അതേ സമയം കന്യാസ്ത്രീകളുടെ മോചനത്തിനുവേണ്ടി 01/08/2025 8.00 AM മുതൽ 9.00 PM വരെ ഈ ആവശ്യം മാത്രം സമർപ്പിച്ച് ജപമാല യജ്ഞം നടത്തിയത് വളരെ അനുഗ്രഹപ്രദമാവുകയും അവസരോചിതമായി എന്ന് യോഗം വിലയിരുത്തി. ആഗസ്റ്റ് 16-ന് നടത്തുന്ന ആരാധനയിൽ ഓരോ കൂരിയയും 10 മിനിറ്റ് സങ്കീർത്തനം വായിക്കുന്നതിനും

തിരുമാനിച്ചു. സെനാത്തൂസിൽ സമർപ്പിക്കുന്നതിനു വേണ്ടി എല്ലാ കൂരിയകളും 6 മാസത്തെ പ്രവർത്തന റിപ്പോർട്ട് കമ്മീസിയ ത്തിൽ ഏൽപ്പിക്കണമെന്ന് യോഗം നിർദ്ദേശിച്ചു. പുതിയ പ്രസീദി യങ്ങൾ തുടങ്ങുന്നതിനും, ജൂനിയർ പ്രസീദിയങ്ങൾ തുടങ്ങുന്നതി നും ലീജിയൻ അംഗങ്ങൾ ശ്രദ്ധിക്കണമെന്ന് റവ. ഫാ. ജോൺ മൂലൻ ആവശ്യപ്പെട്ടു.

**ഫാ. ജോൺ മൂലൻ**
ആധ്യാത്മികോപദേഷ്ടാവ്

**സണ്ണി കാട്ടൂക്കാരൻ**
പ്രസിഡന്റ്

# അതിരൂപത പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്

### പാരിഷ് ബുള്ളറ്റിൻ എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾക്കുള്ള സെമിനാർ

തൃശ്ശൂർ അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് ബുള്ളറ്റിൽ എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾക്ക് അർദ്ധദിന സെമിനാർ 2025 സെപ്റ്റംബർ 20 ശനി ഉച്ചകഴിഞ്ഞ് രണ്ടിന് ആർച്ച് ബിഷപ്പ് ഹൗസിൽ വച്ച് നടത്തപ്പെടുന്നു. തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്യുന്ന സെമിനാറിൽ സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ മുഖ്യപ്രഭാഷണം നടത്തും. മുഴുവൻ എഡിറ്റോറിയൽ ബോർഡ് അംഗങ്ങളെയും സെമിനാറിലേക്ക് സ്വാഗതം ചെയ്യുന്നു.

**ഫാ. സിംസൺ ചിറമ്മൽ**
ഡയറക്ടർ

**ജോർജ്ജ് ചിറമ്മൽ**
പ്രസിഡണ്ട്

# 19 പത്തൊമ്പതാം പാസ്റ്ററൽ കൗൺസിൽ ആറാം യോഗം

19-ാം പാസ്റ്ററൽ കൗൺസിന്റെ ആറാം യോഗം 2025 സെപ് തംബർ 13ന് രാവിലെ 10 മണി മുതൽ ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നടത്തപ്പെടുന്നു.



**വി. കുരിശിന്റെ**
**പുകഴ്ച്ചയുടെ തിരുനാൾ**
സെപ്റ്റംബർ 14



**പരിശുദ്ധ**
**കന്യാകമറിയത്തിന്റെ**
**ജനന തിരുനാൾ**
സെപ്റ്റംബർ 8

**വ്യാകുല മാതാവ്**
സെപ്റ്റംബർ 15

Registered R.N.I. No. 27348/1975
KL/TCR/275/2024-2026
Licence No. KL/CR/TCR/WPP-11/2024-2026
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.08.2025
**September - 2025**







**ഛത്തീസ്ഗഡിൽ ബഹുമാനപെട്ട സിസ്റ്റേഴ്സിനെ അറസ്റ്റ് ചെയ്തതിൽ തൃശൂർ അതിരൂപത നടത്തിയ പ്രതിഷേധ റാലിയും സമ്മേളനവും**
**29.07.2025**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor